# ജിഹാദ്

## സത്യവേദത്തിന്റെ ആത്മഭാവം

വാണിദാസ് എളയാവൂര്

# അവതാരിക

**ജി**ഹാദ്! ലോകത്തിലെ ഏതെങ്കിലും ഭാഷയിൽ ഇത്രയേറെ തെറ്റിദ്ധരിക്കപ്പെട്ട ഏതെങ്കിലും പദമുണ്ടോയെന്ന് സംശയമാണ്. ഇസ്‌ലാമിലെ ജിഹാദിനെ സംബന്ധിച്ച് അതിന്റെ അനുയായികളിൽ ഏറെപേരും അജ്ഞരാണ്; അന്യർ അപകടകരമായ അബദ്ധ ധാരണയിലും, എതിരാളികൾ ഗുരുതരമായ വികല ധാരണകൾ വ്യാപകമായി വളർത്തുന്നതിൽ വ്യാപൃതരും. ഇത്തരമൊരു പശ്ചാത്തലത്തിൽ ജിഹാദിനെ വസ്തുനിഷ്ഠമായും സൂക്ഷ്മമായും വിശകലനം ചെയ്യുന്ന വാണിദാസ് എളയാവൂരിന്റെ ഈ കൃതിയുടെ പ്രസക്തിയും പ്രാധാന്യവും പറഞ്ഞറിയിക്കേണ്ടതില്ലാത്തവിധം സുവിദിതമത്രേ.

ജിഹാദ് സത്യവിശ്വാസികളുടെ നിർബന്ധ ബാധ്യതയാണ്. അതിൽനിന്ന് മാറിനില്ക്കാൻ ആർക്കും അനുവാദമില്ല. നരകശിക്ഷയിൽനിന്ന് രക്ഷനേടാനും സ്വർഗലബ്ധിക്കും അതനിവാര്യമാണ്. അല്ലാഹു പറയുന്നു: “വിശ്വസിച്ചവരേ, വേദനയേറിയ ശിക്ഷയിൽനിന്ന് നിങ്ങളെ മോചിപ്പിക്കുന്ന ഒരു വ്യാപാരത്തെക്കുറിച്ച് നിങ്ങൾക്കു ഞാനറിയിച്ചു തരട്ടെയോ? നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുക, നിങ്ങളുടെ ജീവധനാദികളാൽ ദൈവമാർഗത്തിൽ ജിഹാദ് നടത്തുക. അതാണ് നിങ്ങൾക്കുത്തമം. നിങ്ങൾ അറിയുന്നവരെങ്കിൽ!” (അസ്സ്വഫ്ഫ്: 10,11).

“ജിഹാദ് ചെയ്യുന്നവരും ക്ഷമ അവലംബിക്കുന്നവരുമാണെന്ന് വ്യക്തമാക്കപ്പെടാതെ സ്വർഗപ്രവേശം സാധ്യമല്ലെ”ന്ന് ഖുർആൻ പ്രഖ്യാപിക്കുന്നു. (ആലു ഇംറാൻ: 142)

മുസ്‌ലിം സമുദായത്തിന്റെ നിയോഗലക്ഷ്യം തന്നെ ജിഹാദ് നിർവഹണമത്രേ. “ദൈവമാർഗത്തിൽ യഥാവിധി ജിഹാദ് ചെയ്യുക. തന്റെ ദൗത്യത്തിനു വേണ്ടി നിങ്ങളെ നിയോഗിച്ചത് അവനാണ്. മതത്തിൽ നിങ്ങൾക്കൊരു ക്ലിഷ്ടതയും അവനുണ്ടാക്കിയിട്ടില്ല.” (അൽഹജ്ജ്: 78)

ജിഹാദ് നടത്തുന്നവരെ നേർവഴിക്ക് നയിക്കുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്യുന്നു. “നമുക്കുവേണ്ടി ജിഹാദ് ചെയ്യുന്നവർക്ക് നാം നമ്മുടെ മാർഗങ്ങൾ കാണിച്ചുകൊടുക്കും. അല്ലാഹു സുകൃതികളോടൊപ്പം തന്നെ. തീർച്ച.” (അൽഅൻകബൂത്ത്: 69)

ജിഹാദിലേർപ്പെടുന്നവർക്ക് അല്ലാഹുവിങ്കൽ ഔന്നത്യവും ജീവിതവിജയവും വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു. “സത്യം സ്വീകരിക്കുകയും നാടും വീടും വെടിയുകയും ദൈവമാർഗത്തിൽ ദേഹധനാദികളാൽ ജിഹാദ് നടത്തുകയും ചെയ്യുന്നവരാരോ അവരുടെ സ്ഥാനമാണ് അല്ലാഹുവിങ്കൽ മഹത്തരം. വിജയം വരിക്കുന്നവരും അവർതന്നെ. തന്റെ അനുഗ്രഹവും തൃപ്തിയും അനശ്വര സുഖാനുഭൂതികളുള്ള സ്വർഗീയാരാമങ്ങളും അവർക്ക് ലഭിക്കുമെന്ന് അവരുടെ നാഥൻ സുവാർത്ത അറിയിക്കുന്നു. അവരാ ഉദ്യാനങ്ങളിൽ നിത്യവാസികളായിരിക്കും. തീർച്ചയായും അല്ലാഹുവിങ്കൽ മഹത്തായ പ്രതിഫലമുണ്ട്.” (അത്തൗബ: 20-22)

പരമമായ സ്നേഹം പ്രപഞ്ചനാഥനോടും പ്രവാചകനോടുമെന്നപോലെ ജിഹാദിനോടും ആവുന്നതുവരെ ആരും കുറ്റമുക്തരാവുകയില്ല. “പറയുക: നിങ്ങളുടെ പിതാക്കളെയും സന്താനങ്ങളെയും സഹോദരൻമാരെയും ഭാര്യമാരെയും ബന്ധുക്കളെയും നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ ധനത്തെയും, വിഘ്നം വരുമോയെന്ന് നിങ്ങൾ ഭയക്കുന്ന വ്യാപാരത്തെയും നിങ്ങളുടെ പ്രിയപ്പെട്ട വീടുകളെയുമാണ്, അല്ലാഹുവിനെക്കാളും അവന്റെ ദൂതനെക്കാളും അവന്റെ മാർഗത്തിലെ ജിഹാദിനെക്കാളും കൂടുതൽ നിങ്ങൾക്ക് പ്രിയങ്കരമെങ്കിൽ നിങ്ങളിതാ കാത്തിരുന്നുകൊള്ളുക, അല്ലാഹു തന്റെ കല്പന നടപ്പാക്കുന്നതുവരെ. കുറ്റവാളികളായ ജനത്തെ അല്ലാഹു നേർവഴിയിലാക്കുകയില്ല.” (അത്തൗബ: 24)

ജിഹാദിലൂടെ മരണം വരിക്കുന്നവർ നിത്യജീവൻ നേടുന്നവരത്രേ. “അല്ലാഹുവിന്റെ മാർഗത്തിൽ വധിക്കപ്പെട്ടവർ മരിച്ചുപോയവരാണെന്ന ധാരണ ഒരിക്കലും നിങ്ങൾക്കുണ്ടാവരുത്. അവർ താങ്കളുടെ നാഥങ്കൽ ജീവിച്ചിരിക്കുന്നവരാണ്. അവർക്ക് ആഹാരം നല്കപ്പെട്ടുകൊണ്ടിരിക്കുന്നു. അല്ലാഹു അവർക്ക് നല്കിയ തന്റെ മഹത്തായ ഔദാര്യത്തിൽ അവർ സംതൃപ്തരാണ്.” (ആലു ഇംറാൻ: 169, 170)

## ജിഹാദിന്റെ ലക്ഷ്യം

തൗഹീദിന്റെ സംസ്ഥാപനമാണ് ജിഹാദിന്റെ ലക്ഷ്യം. തൗഹീദോ, ഇസ്‌ലാമിക ജീവിതത്തിന്റെ സ്രോതസ്സും. ആദർശപരമായ അടിത്തറ. വിത്തിൽനിന്ന് വൃക്ഷമെന്നപോലെ തൗഹീദിൽനിന്ന് ഇസ്‌ലാമിക ജീവിതം ഉരുവം കൊള്ളുന്നു. വിത്തിന്റെ വിശേഷത വൃക്ഷത്തിന്റെ അവസാനത്തെ അംശത്തിലും പ്രകടമാവുന്നതുപോലെ തൗഹീദിലധിഷ്ഠിതമായ ജീവിതത്തിന്റെ അഖില മേഖലകളിലും അതിന്റെ പ്രത്യേകതകൾ ഉണ്ടായിരിക്കും. അതിനാലാണ് വിശുദ്ധ ഖുർആൻ തൗഹീദ് വിളംബരം ചെയ്യുന്ന വിശിഷ്ട വചനത്തെ ഉത്തമ വൃക്ഷത്തോടുപമിച്ചത്. "അല്ലാഹു പരിശുദ്ധ വചനത്തെ എന്തിനോടാണുപമിച്ചതെന്ന് നീ കാണുന്നില്ലേ? അതിന്റെ ഉദാഹരണം ഇവ്വിധമാകുന്നു: ഒരു വിശിഷ്ട വൃക്ഷം. അതിന്റെ വേരുകൾ ഭൂമിയിൽ ആഴത്തിൽ ആണ്ടിറങ്ങിയിരിക്കുന്നു. ശാഖകളോ അന്തരീക്ഷത്തിന്റെ വിശാലതയിലും. എല്ലാ കാലത്തും അത് തന്റെ നാഥന്റെ അനുശാസനയാൽ ഫലം നല്കിക്കൊണ്ടിരിക്കുന്നു. അല്ലാഹു ഈ ഉദാഹരണങ്ങൾ നല്കുന്നത് ജനം അതിൽനിന്ന് പാഠമുൾക്കൊള്ളാനാണ്." (ഇബ്‌റാഹീം: 24, 25).

വൃക്ഷത്തിന്റെ വേരുകൾ ഭൂമിയുടെ ആഴങ്ങളിലേക്കെന്നപോലെ വിശുദ്ധ വചനം മനുഷ്യമനസ്സിന്റെ അഗാധ തലങ്ങളിൽ പൂണ്ടുപിടിക്കുന്നു. മരത്തിന്റെ ഫലം ചില്ലകളിലെന്നപോലെ തൗഹീദിന്റെ സദ്ഫലങ്ങൾ ജീവിതത്തിലുടനീളം പ്രകടമാവുന്നു.

ഇസ്‌ലാമിന്റെ കേന്ദ്രബിന്ദു-ന്യൂക്ലിയസ്-എന്ന നിലയിൽ തൗഹീദിനു ചുറ്റുമാണ് ജീവിതം കറങ്ങേണ്ടത്. ആരാധനാ രംഗമെന്ന പോലെ സാമൂഹിക-സാമ്പത്തിക-സാംസ്‌കാരിക-രാഷ്ട്രീയ-ഭരണ മേഖലകളെല്ലാം തൗഹീദിലധിഷ്ഠിതവും അതിൽനിന്ന് രൂപം കൊണ്ടതുമായിരിക്കണം.

തൗഹീദ് മരണശേഷം സ്വർഗവും ഭൂമിയിൽ പുതിയൊരു ലോകവും വാഗ്ദാനം ചെയ്യുന്നു. 'ലാ ഇലാഹ ഇല്ലല്ലാഹു' എന്നു പ്രഖ്യാപിച്ച് അതിന് അനുസൃതമായി ജീവിക്കുന്നവൻ സ്വർഗാവകാശിയാവുമെന്ന് സുവാർത്ത അറിയിച്ച പ്രവാചകൻ ഇങ്ങനെയും അരുൾചെയ്തിരിക്കുന്നു: "നിങ്ങൾ 'ലാ ഇലാഹ ഇല്ലല്ലാഹു' എന്നു പറയുക; അറബികളും അനറബികളും നിങ്ങൾക്ക് അധീനപ്പെടും."

വിശുദ്ധ വചനം പുതിയൊരു ലോകം പണിയുന്നു. അത് മനുഷ്യനെ എല്ലാവിധ അടിമത്തങ്ങളിൽനിന്നും മോചിപ്പിക്കുന്നു. അല്പജ്ഞരായ മനുഷ്യരുടെ അപക്വമായ സ്വേഛയിൽ പണിതുയർത്തപ്പെട്ട അക്രമപരവും അന്യായവും വികലവുമായ സാമൂഹിക ഘടന പൊളിച്ചുമാറ്റി ദൈവിക നീതിയുടെയും സത്യ-ധർമാദികളുടെയും അടിസ്ഥാനത്തിലത് പുനഃസ്ഥാപിക്കുന്നു. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെന്നപോലെ അക്രമങ്ങൾക്കും അനീതികൾക്കും അറുതിവരുത്തുന്നു. കള്ളവും കൊള്ളയും ചതിയും ചൂഷണവും തല്ലും കൊല്ലും ഇല്ലാതാക്കുന്നു. സ്വസ്ഥവും സമാധാനനിരതവുമായ സമൂഹത്തെ സൃഷ്ടിക്കുന്നു. ഭദ്രമായ രാഷ്ട്രം നിർമിക്കുന്നു. നബിതിരുമേനി ഇക്കാര്യം സംശയാതീതമായി വ്യക്തമാക്കിയിട്ടുണ്ട്.

ഖബ്ബാബിൽനിന്ന് നിവേദനം: "നബിതിരുമേനി വിശുദ്ധ കഅ്ബഃയുടെ തണലിൽ പുതപ്പ് തലയണയാക്കി ശയിക്കുകയായിരുന്നു. അപ്പോൾ ഞങ്ങൾ തിരുമേനിയുടെ അടുത്തുചെന്ന് ആവലാതിപ്പെട്ടു. ഞങ്ങൾക്കു വേണ്ടി താങ്കൾ സഹായമർഥിക്കുന്നില്ലേ? ഇതു കേട്ട് അവിടന്ന് അരുൾചെയ്തു: നിങ്ങൾക്ക് മുമ്പ് മനുഷ്യരെ വലിയ കുഴി കുഴിച്ച് അതിൽ കൊണ്ടുവന്ന് നിർത്തിയിരുന്നു; എന്നിട്ട് ഈർച്ച വാൾ തലയിൽ വെച്ച് കീറി രണ്ടായി പകുത്തിരുന്നു! അവരുടെ മാംസവും എല്ലുകളും ഇരുമ്പുകൊണ്ടുള്ള ചീർപ്പ് ഉപയോഗിച്ച് ചീകി വേർപ്പെടുത്തിയിരുന്നു! എങ്കിലും അതൊന്നും അവരെ തങ്ങളുടെ ദീനിൽനിന്നകറ്റിയില്ല. അല്ലാഹുവാണ, ഈ കാര്യം അല്ലാഹു പൂർത്തീകരിക്കുകതന്നെ ചെയ്യും- സൻആയിൽനിന്ന് ഹളറമൗത് വരെ, അല്ലാഹുവിനെയും ആടിനെ വേട്ടയാടുന്ന ചെന്നായയെയുമല്ലാതെ മറ്റൊന്നിനെയും ഭയക്കാതെ ഒരു യാത്രാസംഘത്തിന് സഞ്ചരിക്കാൻ സാധിക്കുവോളം! പക്ഷേ, നിങ്ങൾ ധൃതികാണിക്കുകയാണ്." (ബുഖാരി)

ഇതിന്റെ അർഥം വളരെ വ്യക്തം. നിങ്ങൾ ഈ മർദനം സഹിക്കേണ്ടതുണ്ട്. പരീക്ഷണങ്ങളനുഭവിക്കുകതന്നെ വേണം, ഒരുവേള, ഇതിൽകൂടുതലും. കാരണം, ലക്ഷ്യം സമുന്നതമാണ്. ഒരു നവലോകത്തിന്റെ നിർമിതിയാണത്. പരാക്രമങ്ങൾക്ക് അറുതി വരുത്താൻ പീഡാനുഭവങ്ങൾ അനിവാര്യമത്രേ.

വിശുദ്ധ വാക്യം മർദനങ്ങൾക്ക് വിരാമമിടുന്നു. മർദിതരെ മോചിപ്പിക്കുന്നു. മനുഷ്യാടിമത്തത്തിൽനിന്ന് മനുഷ്യരെ സ്വതന്ത്രരാക്കുന്നു. ഇസ്‌ലാമിക സമൂഹത്തിന്റെ പ്രതിനിധിയായി പേർഷ്യൻ സേനാനായകനായ റുസ്തമിനെ സന്ദർശിച്ച രിബ്ഇയ്യുബ്നു ആമിറിനോട് അദ്ദേഹത്തിന്റെ ആഗമനോദ്ദേശ്യം ആരാഞ്ഞപ്പോൾ നല്കിയ മറുപടി ഇക്കാര്യം അസന്ദിഗ്ധമായി വ്യക്തമാക്കുന്നു. അദ്ദേഹം പറഞ്ഞു: "അല്ലാ

ഹുവാണ് ഞങ്ങളെ നിയോഗിച്ചത്. ലക്ഷ്യം അല്ലാഹു ഉദ്ദേശിക്കുന്ന വരെ മനുഷ്യരുടെ അടിമത്തത്തിൽനിന്ന് അവന്റെ മാത്രം അടിമത്ത ത്തിലേക്കും, ഐഹിക ജീവിതത്തിന്റെ കുടുസ്സിൽനിന്ന് ഇഹ-പരലോക ങ്ങളുടെ വിശാലതയിലേക്കും നിലവിലുള്ള വ്യവസ്ഥിതികളുടെ അനീ തിയിൽനിന്ന് ഇസ്‌ലാമിന്റെ നീതിയിലേക്കും നയിക്കലാണ്.

അതിനാൽ തൗഹീദ് എല്ലാ വ്യാജദൈവങ്ങൾക്കുമെതിരിലുള്ള സമര പ്രഖ്യാപനമാണ്. ദൈവത്തിന്റെ അധികാരാവകാശങ്ങൾ അന്യായമായി കൈയടക്കിവെച്ച അതിക്രമകാരികൾക്കെതിരെ പൊരുതാനുള്ള ആഹ്വാ നവും അതുൾക്കൊള്ളുന്നു. അതുകൊണ്ടുതന്നെ പരമാധികാരം ചമഞ്ഞ് പരിധിവിട്ട് പ്രവർത്തിക്കുന്നവരെല്ലാം വിശുദ്ധ വാക്യത്തിന്റെയും അതിന്റെ വക്താക്കളുടെയും വിരോധികളായിത്തീരുന്നു. അവർ അതി നെതിരെ രംഗത്തുവരികയും ചെയ്യുന്നു. ഖുർആൻ പരിചയപ്പെടുത്തിയ പ്രവാചകൻമാരുടെ മുഖ്യപ്രതിയോഗികൾ ആരായിരുന്നുവെന്ന് പരി ശോധിച്ചാൽ ഇക്കാര്യം സുതരാം വ്യക്തമാകും.

അല്ലാഹുവിന് മാത്രമേ മനുഷ്യന്റെ മേൽ പരമാധികാരമുള്ളൂവെന്ന പ്രവാചകൻമാരുടെ പ്രഖ്യാപനം അംഗീകരിക്കാൻ, ദേഹേച്ഛയ്ക്കടിപ്പെട്ട് താന്തോന്നികളും സുഖലോലുപരുമായി കഴിഞ്ഞുകൂടിയിരുന്നവർക്ക് കഴിയുമായിരുന്നില്ല. അല്ലാഹു അറിയിക്കുന്നു: "നാം ഏതെങ്കിലും ഒരു നാട്ടിൽ ഒരു മുന്നറിയിപ്പുകാരനെ നിയോഗിച്ചിട്ട് അവിടത്തെ സുഖ ലോലുപരായ ആളുകൾ ഇങ്ങനെ പറയാതിരിക്കുകയെന്നത് ഒരിക്കലു മുണ്ടായിട്ടില്ല: 'നിങ്ങൾ കൊണ്ടുവന്ന സന്ദേശത്തെ ഞങ്ങൾ നിഷേധി ക്കുന്നു.' അവർ സദാ ഇതുതന്നെ ഘോഷിച്ചുകൊണ്ടിരിക്കുന്നു: 'ഞങ്ങൾ നിങ്ങളെക്കാൾ സമ്പത്തും സന്താനങ്ങളുമുള്ളവരാകുന്നു. ഞങ്ങൾ ഒട്ടും ശിക്ഷിക്കപ്പെടുന്നവരല്ല." (സബഅ്: 34, 35)

മനുഷ്യമനസ്സുകളെ അടക്കിഭരിക്കുന്നത് അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമാണ്. ആരാധിക്കപ്പെടുന്നവയിലധികവും അചേതന വസ്തുക്കളാണ്. പ്രതിമകളും പ്രതിഷ്ഠകളും പുണ്യപുരുഷൻമാരുമാണ് ഏറെയും പൂജിക്കപ്പെടുന്നത്. വ്യാജ ദൈവങ്ങളുടെ വിളയാട്ടമാണ് എവിടെയും. അക്രമവും അനീതിയുമാണ് ആധിപത്യം നടത്തുന്നത്. അധർമവും അരാജകത്വവും അരങ്ങുതകർക്കുന്നു. കലിയിളകി കൊല വിളി നടത്തുന്നവർ രംഗം കൈയടക്കുന്നു. മുഷ്കും മുഷ്ടിയും മേധാ വിത്വം പുലർത്തുന്നു. അത്യുച്ചത്തിൽ മുഴങ്ങിക്കേൾക്കുന്ന അസത്യ ത്തിന്റെ അലർച്ച അധികപേരെയും അമ്പരപ്പിക്കുന്നു. അതിന്റെ നിറ പ്പകിട്ട് അവരെ അന്ധരാക്കുന്നു. പരപീഡയിലൂടെ നിർവൃതിനേടുന്ന പിശാചുക്കൾ രംഗം കൈയടക്കുന്നു. അവർ വെളിച്ചത്തിന്റെ വാഹകർക്ക് വിലക്കുകളേർപ്പെടുത്തുന്നു. തെറ്റുകൾക്കുനേരെ നീളുന്ന വിരലുകൾ വെട്ടിമാറ്റുന്നു. അങ്ങനെ മനുഷ്യേച്ഛ ലോകം വാഴുന്നു. ദൈവഹിതം അവഗണിക്കപ്പെടുന്നു. ജനകോടികൾ മനുഷ്യാടിമത്തത്തിൽ കഴിയേ ണ്ടിവരുന്നു. ഈ അവസ്ഥ അവസാനിപ്പിച്ച് വ്യക്തിയുടെയും കുടും ബത്തിന്റെയും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും ലോകത്തി ന്റെയും ഇസ്‌ലാമീകരണത്തിനുള്ള തീവ്രശ്രമമാണ് ജിഹാദ്. മറ്റൊരു ഭാഷയിൽ മനുഷ്യരാശിയുടെ വിശ്വാസം, ജീവിത വീക്ഷണം, വികാര വിചാരങ്ങൾ, ആരാധനാനുഷ്ഠാനങ്ങൾ, ആചാരങ്ങൾ, സ്വഭാവരീതി കൾ, പെരുമാറ്റ സമ്പ്രദായങ്ങൾ, സാമൂഹികക്രമങ്ങൾ, സാമ്പത്തിക സമീപനങ്ങൾ, സാംസ്കാരിക മര്യാദകൾ, രാഷ്ട്രീയ കാര്യങ്ങൾ, ഭര ണവ്യവസ്ഥകൾ, കുടുംബഘടനകൾ എല്ലാം തീർത്തും ദൈവഹിതത്തി നനുസൃതമാക്കി മാറ്റാനും നിലനിർത്താനുമുള്ള അധ്വാന പരിശ്രമമാണ് ജിഹാദ്!

## ജിഹാദിന്റെ മാർഗം

സാഹചര്യമാണ് ജിഹാദിന്റെ രീതി നിശ്ചയിക്കുന്നത്. ഉപര്യുക്ത ലക്ഷ്യസാക്ഷാത്കാരത്തിന് ഓരോ കാലത്തും ദേശത്തും പരിതഃസ്ഥി തിയിലും ഏറ്റവും അനുയോജ്യവും അനുവദനീയവും ഫലപ്രദവുമായ രീതിയാണ് സ്വീകരിക്കേണ്ടത്. മോഹങ്ങളെ മെരുക്കിയെടുത്തും ഇച്ഛ കളെ നിയന്ത്രിച്ചും ആഗ്രഹങ്ങളുടെ മേൽ മേധാവിത്വം പുലർത്തിയും സ്വന്തം ജീവിതത്തെ ദൈവനിർദേശങ്ങൾക്കനുരൂപമാക്കി മാറ്റാൻ നട ത്തുന്ന ശ്രമംപോലും ജിഹാദാണ്. യുദ്ധരംഗത്തുനിന്ന് മടങ്ങവേ ഒരി ക്കൽ പ്രവാചകൻ പറഞ്ഞു: "നാം ഏറ്റവും ചെറിയ ജിഹാദിൽനിന്ന് ഏറ്റവും വലിയ ജിഹാദിലേയ്ക്ക് തിരിച്ചുവന്നിരിക്കുന്നു." പ്രവാചകശി ഷ്യൻമാർ ചോദിച്ചു: "ഏതാണ് ഏറ്റവും വലിയ ആ ജിഹാദ്?" അവി ടന്ന് അരുൾ ചെയ്തു: "മനസ്സിനോടുള്ള സമരവും സ്വന്തത്തോടുള്ള ജിഹാദുമാണത്."

കുടുംബത്തിന്റെ ഇസ്‌ലാമീകരണത്തിനായി നടത്തപ്പെടുന്ന വിദ്യാ ഭ്യാസം, സംസ്കരണം, സദുപദേശം, ശിക്ഷണം തുടങ്ങിയവയെല്ലാം ജിഹാദിലുൾപ്പെടുന്നു. സത്യസംസ്ഥാപനത്തിനും നന്മയുടെ പ്രചാര ണത്തിനും ധർമത്തിന്റെ ഉന്നതിക്കുമായുള്ള എഴുത്തും പ്രസംഗവും

സംഭാഷണവും ചർച്ചയും വിദ്യാഭ്യാസപ്രചാരണവുമെല്ലാം ആ ഗണത്തിൽ പെടുന്നു. സമുദായത്തിന്റെ അഭ്യുന്നതി ലക്ഷ്യം വെച്ചുള്ള ശാസ്ത്ര- സാങ്കേതിക- സാമ്പത്തിക- സാംസ്കാരിക- കലാ- സാഹിത്യ മേഖലകളിലെ ശ്രമങ്ങളും ജിഹാദുതന്നെ! എന്നാൽ ലക്ഷ്യം ദൈവിക വചനത്തിന്റെ, അഥവാ തൗഹീദിന്റെ ഉയർച്ചയായിരിക്കണം. നബിതിരുമേനി അരുൾചെയ്യുന്നു: "അല്ലാഹുവിന്റെ വചനം ഉന്നതമായിത്തീരാൻ സമരം ചെയ്യുന്നവൻ മാത്രമാണ് ദൈവമാർഗത്തിലെ പോരാളി." (ബുഖാരി, മുസ്‌ലിം)

അതിനാൽ, അല്ലാഹുവിന്റെ വ്യവസ്ഥയുടെ സംസ്ഥാപനത്തിന്നും നിലനില്പിന്നുമായി നടത്തപ്പെടുന്ന സകല ശ്രമങ്ങളും ദൈവമാർഗത്തിലെ ജിഹാദാണ്. ദൈവേതര വ്യവസ്ഥകളുടെ സംസ്ഥാപനവും നിലനില്പും ഉദ്ദേശിച്ചും ലക്ഷ്യം വെച്ചും നടത്തപ്പെടുന്നവ പിശാചിന്റെ പാതയിലെ പോരാട്ടവും. അല്ലാഹു അറിയിക്കുന്നു: "സത്യവിശ്വാസം സ്വീകരിച്ചവർ അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യുന്നു. സത്യനിഷേധത്തിന്റെ മാർഗമവലംബിച്ചവർ താഗൂത്തിന്റെ മാർഗത്തിലും സമരം ചെയ്യുന്നു. അതിനാൽ നിങ്ങൾ പിശാചിന്റെ കൂട്ടാളികളോട് സമരം ചെയ്യുവിൻ. പിശാചിന്റെ തന്ത്രം തീർത്തും ദുർബലംതന്നെ; തീർച്ച." (അന്നിസാഅ്: 76)

അതിനാൽ, ജിഹാദ് സമഗ്രമായ ഒരു പദമാണ്. എല്ലാ തരത്തിലുള്ള ശ്രമങ്ങളും അധ്വാനങ്ങളും അതിലുൾപ്പെടുന്നു. ബുദ്ധിപരമായും ചിന്താപരമായുമുള്ള വിപ്ലവങ്ങളുണ്ടാക്കാനും ജനങ്ങളുടെ വികാരങ്ങളും താൽപര്യങ്ങളും സംസ്കരിക്കാനും അവരുടെ വീക്ഷണങ്ങൾ തൗഹീദിനനുസൃതമാക്കാനും നടത്തപ്പെടുന്ന വാചികവും ലിഖിതവുമായ സംരംഭങ്ങൾ തൊട്ട് സത്യത്തിന്റെ ശത്രുക്കളോടുള്ള സായുധ സമരം വരെ അത് വ്യാപിച്ചു കിടക്കുന്നു. വ്യക്തി, തന്റെ അഭിമാനവും ജീവനും സ്വത്തും സംരക്ഷിക്കാൻ ശ്രമിക്കുന്നതും ജിഹാദുതന്നെ. ആ മാർഗത്തിൽ മരണം വരിക്കുന്നത് ദൈവമാർഗത്തിലെ രക്തസാക്ഷിത്വമാണെന്ന് പ്രവാചകൻ പഠിപ്പിക്കുന്നു.

സായുധ സമരം അനിവാര്യമാവുകയും വ്യവസ്ഥാപിതമായ നേതൃത്വം അതാവശ്യപ്പെടുകയും ചെയ്യുന്ന ഘട്ടങ്ങളിൽ അതിൽ പങ്കുചേരേണ്ടത് അതിനു കഴിവുള്ള ഓരോ മുസ്‌ലിമിന്റെയും ബാധ്യതയും, അതിൽനിന്ന് മാറിനില്ക്കുന്നത് കൊടിയ പാപവുമാണ്. അല്ലാഹു പറയുന്നു: "നിങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ വധിക്കപ്പെടുകയോ മരണമടയുകയോ ചെയ്യുന്നുവെങ്കിൽ, തീർച്ചയായും അല്ലാഹുവിൽനിന്നുള്ള മാപ്പും കാരുണ്യവുമാണ് യുദ്ധത്തിൽനിന്ന് മാറിനില്ക്കുന്നവർ ശേഖരിച്ചുവെക്കുന്നതിനെക്കാൾ മെച്ചപ്പെട്ടത്. നിങ്ങൾ മരണപ്പെടട്ടെ വധിക്കപ്പെടട്ടെ, അല്ലാഹുവിങ്കലേക്കാണ് നിങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുക, തീർച്ച." (ആലുഇംറാൻ: 157, 158)

"പരലോകത്തിനു പകരം ഐഹികജീവിതത്തെ വിറ്റവർ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യേണ്ടതാകുന്നു. ആർ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുകയും അങ്ങനെ വധിക്കപ്പെടുകയോ വിജയം വരിക്കുകയോ ചെയ്യുന്നുവോ അവന്ന് നാം അതിമഹത്തായ പ്രതിഫലം നല്കുന്നതാണ്." (അന്നിസാഅ്: 74)

"യുദ്ധസാമഗ്രികളുടെ ഭാരത്തോടുകൂടിയോ അതില്ലാതെയോ എങ്ങനെയായാലും യുദ്ധസന്നദ്ധരായി പുറപ്പെടുക. നിങ്ങളുടെ ദേഹധനാദികൾകൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യുക. അതാണ് നിങ്ങൾക്കുത്തമം. നിങ്ങൾ അറിയുന്നുവെങ്കിൽ." (അത്തൗബ: 41)

"യുദ്ധത്തിൽനിന്ന് പിന്മാറിനിന്നവർ ദൈവദൂതനെ അനുഗമിക്കാതെ വീട്ടിലിരുന്നതിൽ സന്തുഷ്ടരായിരിക്കുന്നു. ദൈവമാർഗത്തിൽ ദേഹംകൊണ്ടും ധനംകൊണ്ടും സമരം ചെയ്യുന്നത് അവർക്ക് അസഹ്യമായി. അവർ ജനത്തോട് പറഞ്ഞു: "ഈ കൊടും ചൂടിൽ പുറപ്പെടരുത്.' ഇക്കൂട്ടരോട് പറയുക: 'നരകാഗ്നി അതിനെക്കാൾ ചൂടേറിയതാകുന്നു.' കഷ്ടം! അവർക്ക് ആ ബോധം ഉണ്ടായിരുന്നെങ്കിൽ!" (അത്തൗബ: 81)

## സായുധ ജിഹാദ് എപ്പോൾ?

ഉപര്യുക്ത ഖുർആൻ വാക്യങ്ങളും നിരവധി പ്രവാചക വചനങ്ങളും വ്യക്തമാക്കുന്നതുപോലെ അനിവാര്യ സാഹചര്യങ്ങളിൽ സായുധ ജിഹാദ് അതിമഹത്തായ കാര്യമത്രേ. അല്ലാഹുവിന് ഏറെ പ്രിയപ്പെട്ട വിശിഷ്ടകർമവും. എന്നാൽ അതിന് വിവിധ ഘട്ടങ്ങളുണ്ട്:

1. **നിഷിദ്ധമായ സന്ദർഭം:** അമുസ്‌ലിംകൾക്കിടയിൽ ജീവിക്കുന്ന ഇസ്‌ലാമിക സമൂഹത്തിന്റെ പ്രഥമവും പ്രധാനവുമായ ബാധ്യത ഇസ്‌ലാമിക പ്രബോധനമാണ്. അത് നിർവഹിക്കൽ നിർബന്ധമാണ്. പ്രബോധന ഘട്ടത്തിൽ പ്രബോധിതരോട് സായുധ ജിഹാദ് നിഷിദ്ധവുമാണ്. സത്യപ്രബോധനമെത്താത്ത ജനതയോട് സായുധ ജിഹാദ് നടത്താൻ

പാടില്ല. ഇക്കാര്യത്തിൽ ഇസ്‌ലാമിക സമൂഹത്തിന് ഏകാഭിപ്രായമുണ്ടെന്ന് ഇമാം ഇബ്നുറുശ്ദ് തന്റെ 'ബിദായതുൽ മുജ്തഹിദി വ നിഹായത്തുൽ മഖ്സ്വിദി'ൽ അസന്ദിഗ്ധമായി വ്യക്തമാക്കിയിട്ടുണ്ട്. (ഭാഗം 1, പുറം 372)

അതിനാലാണ് നബിതിരുമേനി മക്കയിൽ നീണ്ട 13 വർഷം കഠിനമായ പീഡനങ്ങളനുഭവിച്ചിട്ടും പ്രതിരോധമോ പ്രതികാരമോ ഇല്ലാതെ സായുധ ജിഹാദിൽനിന്ന് പൂർണമായും വിട്ടുനിന്നത്. പ്രബോധന ദൗത്യം നേരിയ തോതിൽ പോലും പൂർത്തിയാവാത്തതിനാലും തുല്യ പൗരാവകാശമുള്ള ബഹുമത സമൂഹമായതിനാലും ഇന്ത്യൻ സാഹചര്യത്തിൽ സായുധ ജിഹാദ് അനുവദനീയമല്ലെന്നത് അവിതർക്കിതമത്രേ.

**2. അനുവദനീയമായ സന്ദർഭം:** സ്ഥാപിത ഇസ്‌ലാമിക രാഷ്ട്രത്തിന്ന്, അതിനെ നശിപ്പിക്കാൻ ശ്രമിക്കുന്നവർക്കും അതിന്റെ പൗരന്മാരെ ദ്രോഹിക്കുന്നവർക്കുമെതിരെ സാധ്യമെങ്കിൽ സായുധ ജിഹാദ് അനുവദനീയമാണ്. ഇത് പ്രതിരോധപരമായ യുദ്ധമാണ്. മദീനാ ജീവിതത്തിന്റെ ആദ്യഘട്ടത്തിൽ പ്രവാചകനും അനുചരന്മാരും നടത്തിയ പോരാട്ടം ഈ സ്വഭാവത്തിലുള്ളതത്രേ. ഇത് അനുവദിച്ചുകൊണ്ട് അല്ലാഹു അറിയിക്കുന്നു. "ആർക്കെതിരെ യുദ്ധം നടത്തപ്പെടുന്നുവോ അവർക്ക് യുദ്ധത്തിന് അനുമതി നല്കപ്പെട്ടിരിക്കുന്നു. കാരണം, അവർ മർദിതരാകുന്നു. അല്ലാഹു അവരെ സഹായിക്കാൻ തികച്ചും കഴിവുറ്റവൻതന്നെ." (അൽഹജ്ജ്: 39)

"നിങ്ങളോട് യുദ്ധം ചെയ്യുന്നവരോട് അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ യുദ്ധം ചെയ്യുക. എന്നാൽ അതിക്രമം പ്രവർത്തിക്കരുത്. അതിക്രമകാരികളെ അല്ലാഹു ഇഷ്ടപ്പെടുകയില്ല." (അൽബഖറ: 190)

ബഹുദൈവാരാധകർ ഏതുവിധം ഒറ്റക്കെട്ടായി നിങ്ങളോട് യുദ്ധം ചെയ്യുന്നുവോ അതേ വിധം ഒറ്റക്കെട്ടായി നിന്ന് നിങ്ങൾ അവരോടും യുദ്ധം ചെയ്യുക. അറിയുക: അല്ലാഹു ഭക്തന്മാരുടെ കൂടെത്തന്നെയാണ്; തീർച്ച." (അത്തൗബ: 36)

**3. യുദ്ധം നിർബന്ധമാകുന്ന സന്ദർഭം:** ഇസ്‌ലാമിക രാഷ്ട്രം സുശക്തവും ഭദ്രവുമാവുമ്പോൾ, മനുഷ്യരുടെ മേൽ പരമാധികാരം നടത്തുന്ന അതിക്രമകാരികളുടെ ആധിപത്യത്തിന്നടിമപ്പെട്ട ജനതയുടെ വിമോചനത്തിനുവേണ്ടി മർദകരോടും അതിക്രമകാരികളോടും നടത്തുന്ന സമരമാണിത്. വിശ്വാസ സ്വാതന്ത്ര്യവും ആദർശപ്രചാരണാനുവാദവും നിഷേധിക്കപ്പെടുമ്പോൾ വിശേഷിച്ചും. മനുഷ്യന്റെ മേലുള്ള മനുഷ്യന്റെ യജമാനത്വമെന്ന അതിക്രമമവസാനിപ്പിക്കൽ ഇസ്‌ലാമിന്റെ മുഖ്യ ദൗത്യമത്രേ. മദീനാജീവിതത്തിന്റെ അവസാനഘട്ടത്തിൽ നബിതിരുമേനിയും തുടർന്ന് സച്ചരിതരായ ഖലീഫമാരും നയിച്ച യുദ്ധങ്ങൾ ഈ ഗണത്തിൽപെടുന്നു. ഇതിനുള്ള വിശുദ്ധ ഖുർആന്റെ ആഹ്വാനമിങ്ങനെ വായിക്കാം: "കുഴപ്പവും നാശവും അവശേഷിക്കാതിരിക്കുകയും വിധേയത്വം തീർത്തും അല്ലാഹുവിന്നായിത്തീരുകയും ചെയ്യുന്നതുവരെ സത്യനിഷേധികളോട് യുദ്ധം ചെയ്യുക." (അൽഅൻഫാൽ: 39)

എന്നാൽ ആദർശം ആരുടെമേലും അടിച്ചേല്പിക്കാൻ ഇസ്‌ലാം അനുവദിക്കുന്നില്ല: "ദീൻകാര്യത്തിൽ ഒരു വിധ ബലപ്രയോഗവുമില്ല. സന്മാർഗവും ദുർമാർഗവും വ്യക്തമായി വേർപിരിഞ്ഞിരിക്കുന്നു. അതിനാൽ ആർ താഗൂത്തിനെ നിഷേധിച്ച് അല്ലാഹുവിൽ വിശ്വസിക്കുന്നുവോ അവൻ ബലിഷ്ഠമായ അവലംബപാശത്തിൽ പിടിച്ചിരിക്കുന്നു. അതൊരിക്കലും അറ്റുപോവുകയില്ല." (അൽബഖറ: 256)

ജിഹാദിന്റെ ഈ മൂന്നു ഘട്ടങ്ങളെ ഇമാം ഇബ്നുൽ ഖയ്യിം തന്റെ വിഖ്യാത ഗ്രന്ഥമായ 'സാദുൽ മആദി'ൽ ജിഹാദിനെ സംബന്ധിച്ച് പരാമർശിക്കവെ വിശദമായി വിവരിച്ചിട്ടുണ്ട്.

ഇവിടെ ഒരു കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. ഭരണകൂടമാണ് യുദ്ധം പ്രഖ്യാപിക്കുകയും അത് നടത്തുകയും ചെയ്യേണ്ടത്. ബദ്റും ഉഹുദും ഹുനൈനും അഹ്സാബുമുൾപ്പെടെ നബിയുടെ കാലത്തും തുടർന്നും നടന്ന മുഴുവൻ ഇസ്‌ലാമിക യുദ്ധങ്ങളും ഈ ഗണത്തിൽപ്പെട്ടവയാണ്. വ്യത്യസ്തമായ സായുധ ജിഹാദ് മുസ്‌ലിം നാടുകളിൽ അനിസ്‌ലാമിക വ്യവസ്ഥ അടിച്ചേല്പിക്കുന്ന അക്രമികളായ ഭരണാധികാരികൾക്കെതിരെ ഇസ്‌ലാമികവ്യവസ്ഥയുടെ സംസ്ഥാപനത്തിന്നായുള്ള ജനകീയ പോരാട്ടങ്ങളും പ്രതിരോധങ്ങളുമത്രേ. പ്രവാചകന്റെ പ്രിയപൗത്രൻ ഹസ്രത്ത് ഹുസൈനും പ്രമുഖ സ്വഹാബി അബ്ദുല്ലാഹിബ്നുസ്സുബൈറുമെല്ലാം നടത്തിയ പടയോട്ടങ്ങൾ ഇതിനുദാഹരണമാണ്. മുസ്‌ലിം നാടുകളിലെ വൈദേശികാധിപത്യത്തിന്നെതിരെ നടത്തുന്ന സായുധ ജിഹാദും ഇവ്വിധം തന്നെയാണ് വിലയിരുത്തപ്പെടുന്നത്.

## ശ്രദ്ധേയമായ പഠനങ്ങൾ

പ്രവാചകനെ അതിരൂക്ഷമായി ആക്ഷേപിക്കുകയും കടുത്ത ഭാഷ

യിൽ പരിഹസിക്കുകയും ചെയ്യുന്ന 'റങ്കീലാറസൂൽ' എന്ന ക്ഷുദ്രകൃതിയുടെ യഥാർഥ കർത്താവായി കരുതപ്പെടുന്ന ശ്രദ്ധാനന്ദസ്വാമി 1926-ൽ വധിക്കപ്പെട്ടു. അബ്ദുൽ റഷീദ് എന്ന മുസ്‌ലിം ചെറുപ്പക്കാരനായിരുന്നു ഘാതകൻ. ശ്രദ്ധാനന്ദസ്വാമി ഹിന്ദുമഹാസഭയുടെയും ശുദ്ധിപ്രസ്ഥാനത്തിന്റെയും നേതാവായിരുന്നു. അദ്ദേഹത്തിന്റെ വധം ഹിന്ദുസമൂഹത്തെ ഒന്നാകെ പ്രകോപിപ്പിച്ചു. കോൺഗ്രസ്സിലെ ഹിന്ദു നേതാക്കൻമാർപോലും ഇസ്‌ലാമിനെയും മുസ്‌ലിംകളെയും അധിക്ഷേപിക്കാൻ തുടങ്ങി. ഇസ്‌ലാമിലെ ജിഹാദ് ആണ് ഏറ്റവുമധികം വിമർശനവിധേയമായത്. ഗാന്ധിജി പോലും അന്ന് പറയുകയുണ്ടായി: "ഇസ്‌ലാമിലെ വിധിനിർണായകമായ ഘടകം വാളാണ്. മുമ്പും ഇന്നും അതങ്ങനെത്തന്നെ."

വിമർശനങ്ങളുടെ മുമ്പിൽ സമുദായനേതൃത്വവും മതപണ്ഡിതന്മാരും പകച്ചുനില്ക്കുന്നതുകണ്ട് അസ്വസ്ഥനായ മൗലാനാ മുഹമ്മദലി ഡൽഹി ജുമാമസ്ജിദിൽ വെച്ച് പതിനായിരങ്ങളെ അഭിമുഖീകരിച്ച് പ്രസംഗിച്ചു. അതിൽ അദ്ദേഹം പറഞ്ഞു: "ഹിന്ദുക്കളുടെ ആരോപണങ്ങൾക്ക് മറുപടിയായി ഏതെങ്കിലുമൊരു ദൈവദാസൻ ഇസ്‌ലാമിന്റെ യഥാർഥ ജിഹാദ് വീക്ഷണം ജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചിരുന്നെങ്കിൽ!"

മൗലാനാ മുഹമ്മദലിയുടെ ഈ വാക്കുകൾ ചെറുപ്പക്കാരനും പത്രപ്രവർത്തകനും പണ്ഡിതനുമായ മൗലാനാ സയ്യിദ് അബുൽഅഅ്‌ലാ മൗദൂദിയെ അഗാധമായി സ്വാധീനിച്ചു. അദ്ദേഹം അറബി, ഉർദു, ഇംഗ്ലീഷ് ഭാഷകളിൽ വിഷയവുമായി ബന്ധപ്പെട്ട് ലഭ്യമായ ഗ്രന്ഥങ്ങളെല്ലാം ശേഖരിച്ച് പഠനം നടത്തി. മൂന്ന് വർഷത്തെ നിരന്തരമായ ഗവേഷണപഠനത്തിനുശേഷം 'അൽജിഹാദു ഫിൽ ഇസ്‌ലാം' എന്ന ശ്രദ്ധേയമായ ഗ്രന്ഥം തയ്യാറാക്കി. 1928-ൽ മൗലാനാ സയ്യിദ് സുലൈമാൻ നദ്‌വി ഇത് പ്രസിദ്ധീകരിച്ചു. ഇസ്‌ലാമിലെ ജിഹാദിനെ സംബന്ധിച്ച് ലോകത്ത് എക്കാലത്തും ഏതു ഭാഷയിലും എഴുതപ്പെട്ട എല്ലാ ഗ്രന്ഥങ്ങളിലും വെച്ചേറ്റവും മികച്ചത് ഇതാണെന്ന് ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് തന്നെ ലോകത്തിലെ പ്രമുഖ ഭാഷകളിലൊക്കെ ഇത് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

ഇസ്‌ലാമിലെ ജിഹാദിനെ വിശകലനം ചെയ്ത് ഗ്രന്ഥരചന നടത്തിയ ആധുനികലോകത്തെ മറ്റു രണ്ടു പ്രമുഖരായ പണ്ഡിതന്മാരും പരിഷ്കർത്താക്കളും നവോത്ഥാന നായകരുമാണ് ശഹീദ് ഹസനുൽ ബന്നായും ശഹീദ് സയ്യിദ് ഖുതുബും. സയ്യിദ് മൗദൂദി ബ്രിട്ടീഷ് ആധിപത്യത്തിൻ കീഴിലായിരുന്ന അസ്വതന്ത്ര ഇന്ത്യൻ സാഹചര്യത്തിലാണ് ജിഹാദിനെ വിശകലനം ചെയ്ത് എഴുതിയതെങ്കിൽ ശഹീദ് ഹസനുൽ ബന്നാ, ഫാറൂഖ് രാജാവിന്റെ ഏകാധിപത്യ-സ്വേഛാധിപത്യ-മർദക-ഭീകരഭരണത്തിന്നടിപ്പെട്ട ഒരു മുസ്‌ലിം രാജ്യമായ ഈജിപ്തിൽ വെച്ചാണ് തന്റെ പഠനം പുറത്തുവിട്ടത്. സയ്യിദ് ഖുതുബ്, ജമാൽ അബ്ദുന്നാസിറിന്റെ ക്രൂരവാഴ്ചയുടെ പശ്ചാത്തലത്തിലും.

മദീനയിൽ അവതീർണമായ, ഇസ്‌ലാമികരാഷ്ട്രത്തിന്ന് നല്കിയ യുദ്ധസംബന്ധമായ നിർദേശങ്ങളെ തികച്ചും ഭിന്നമായ സാഹചര്യത്തിൽ അപക്വമതികളായ ആളുകൾ വിവേകശൂന്യമായും വിവേചനരഹിതമായും ഉപയോഗിക്കുന്നപോലെ ഈ മൂന്ന് മഹൽവ്യക്തികളുടെ ബൃഹത്തായ രചനകളിലെ ചില വാചകങ്ങൾ അനവസരത്തിൽ അന്യായവും അനനുവദനീയവും അസംഗതവുമായ സായുധ ജിഹാദിന്ന് ഉപയോഗിക്കപ്പെടുന്നു. ഇതിന്റെ പേരിൽ ഈ മഹൽവ്യക്തികളെയും അവരുടെ കൃതികളെയും ചില മതനവീകരണവാദികൾ വിമർശിക്കാറുണ്ട്. യുദ്ധസംബന്ധമായ വാക്യങ്ങളുടെ പേരിൽ വിശുദ്ധ ഖുർആനെ വർഗീയ ഫാഷിസ്റ്റുകളും ഭൗതികവാദികളും വിമർശിക്കുന്നതു പോലെത്തന്നെയാണിത്.

അപകർഷബോധത്തിനും ക്ഷമാപണ ശൈലിക്കും അറുതിവരുത്തി, വിശ്വാസികളിൽ ആത്മാഭിമാനവും ആദർശബോധവും ജിഹാദീ വികാരവും വളർത്താനുതകുന്ന ഉജ്ജ്വലമായ രചനകളാണ് അവ. ഖുർആൻ വചനങ്ങളെയെന്നപോലെ സന്ദർഭവും സാഹചര്യവും പരിഗണിക്കാതെ അവയിലെ വാചകങ്ങളെയും വിവേചനരഹിതമായി വായിക്കുന്നത് അപകടം വരുത്തുക സ്വാഭാവികമത്രേ. ഇതിന് ഒറ്റപ്പെട്ട ഉദാഹരണങ്ങളെങ്കിലും സമകാലിക സമൂഹത്തിലുണ്ടെന്നതിന്റെ സൂചനകൾ ദൃശ്യമാണ്.

വായനക്കാരുടെ കൈകളിലിരിക്കുന്ന, അനുഗൃഹീത എഴുത്തുകാരനായ ശ്രീ. വാണിദാസ് എളയാവൂരിന്റെ ചെറുതെങ്കിലും ഉജ്ജ്വലവും പഠനാർഹവുമായ ഈ ഗ്രന്ഥം ഇസ്‌ലാമിലെ ജിഹാദിനെ കണിശവും വ്യക്തവും സൂക്ഷ്മവുമായ വാക്കുകളിൽ പരിചയപ്പെടുത്തുന്നു. പരമ്പരാഗത മുസ്‌ലിം ധിഷണക്കുപോലും അപ്രാപ്യവും അപരിചിതവുമായ സൂക്ഷ്മസത്യങ്ങൾ ഇതിൽ അനാവൃതമാവുന്നു. തികഞ്ഞ അവധാനതയോടെ വിഷയത്തെ സമീപിച്ച്, ആഴത്തിൽ പഠിച്ച്, ആകർഷക

മായ ഭാഷയിലും ശൈലിയിലും രചിച്ച മഹത്തായൊരു ഗ്രന്ഥമാണിത്. വസ്തുസ്ഥിതികളുടെ അപഗ്രഥനത്തിൽ ഗ്രന്ഥകാരൻ പുലർത്തിയ ജാഗ്രതയും ശ്രദ്ധയും ഏറെ പ്രശംസനീയമത്രേ.

ഇസ്‌ലാമിലെ ജിഹാദിനെക്കുറിച്ച് അറിയാനാഗ്രഹിക്കുന്ന ഏതൊരാൾക്കും ഈ കൃതി നല്ലൊരു വഴികാട്ടിയാണ്. അതിനെ സംബന്ധിച്ച് വളർത്തപ്പെട്ട വ്യാപകമായ തെറ്റിദ്ധാരണകൾക്ക് വിരാമമിടാൻ ഏറെ സഹായകവും.

സുമനസ്സുകളൊക്കെ ഈടുറ്റ ഈ കൊച്ചുകൃതിയെ സഹർഷം സ്വീകരിക്കുമെന്ന പ്രതീക്ഷയോടെ വിനയപൂർവമിത് വായനക്കാരുടെ മുമ്പിൽ സമർപ്പിക്കുന്നു.

1.3.1999 **-ശൈഖ് മുഹമ്മദ് കാരകുന്ന്**

മേരിക്കുന്ന്

# ജിഹാദ് സത്യവേദത്തിന്റെ ആത്മഭാവം

സമസ്യഷ്ടികളുടെ സംസേവനത്തിലൂടെ അല്ലാഹുവിന്റെ ദിവ്യസങ്കേതമണയാൻ മനുഷ്യനെ പ്രാപ്തനാക്കുക എന്ന വിഭാവിത ലക്ഷ്യമാണ് ഇസ്‌ലാം സൂക്ഷിക്കുന്നത്. പൂർണതയിലേക്കും വെളിച്ചത്തിലേക്കുമുള്ള പ്രയാണമാണത്. അപ്പോൾ, വിഭാവിത ലക്ഷ്യങ്ങളുടെ സാക്ഷാൽക്കാരത്തിന്നനുരോധമായ കർമതലം അഥവാ യാത്രാപഥം സജ്ജമാക്കുകയെന്നത് ഒരു സത്യവിശ്വാസിയുടെ ധർമമായി പരിണമിക്കുന്നു. ലക്ഷ്യബോധം വിരചിക്കുന്ന ഏകാഗ്രതയും ഏകാഗ്രതയിലൂടെ സ്ഫുടപാകം ചെയ്തെടുത്ത മനക്കരുത്തും യാത്രക്കുള്ള മുന്നുപാധികളായിത്തീരുന്നു. ഏകാഗ്രതയെന്നത് മനോവാക്കർമങ്ങളുടെ സമന്വയമാണ്. ദൈവമാർഗത്തിലുള്ള പ്രയാണഗതിക്ക് തടസ്സമായി നില്ക്കുന്ന പൈശാചിക ശക്തികളുമായുള്ള പോരാട്ടം അവിടെയൊരനിവാര്യതയാണ്.

അപാരസാഗരത്തിന്റെ അഗാധതയിലമർന്നു
കിടക്കുന്ന മുത്തെടുക്കുന്നത് ഒരു പോരാട്ടത്തിലൂടെയാണ്.
സപ്തസാഗരങ്ങൾക്കുമപ്പുറത്തുള്ള കല്യാണ സൗഗ
ന്ധികം കരഗതമാക്കിയത് ദുർവഹമായ സഹന
ത്തിന്റെയും അവിരാമമായ പ്രയത്നത്തിന്റെയും
ഫലമായാണ്-അതൊരു പോരാട്ടമാണ്.
അട്ടിപ്പാറക്കെട്ടുകൾ കൊത്തിയടർത്തിവേണം
അഗാധതയിലെ തെളിനീരെടുക്കാൻ.
-അതുമൊരു പോരാട്ടമാണ്.
നിതാന്ത ദീർഘങ്ങളായ ദിനരാത്രങ്ങളിലൂടെ

കൈവരിച്ച ഗവേഷണസപര്യയുടെ പരിസ്ഫൂർത്തിയിലാണ് സകല കണ്ടെത്തലുകളും സാക്ഷാൽക്കരിക്കപ്പെടുന്നത്.

കല്ലും മുള്ളും വെട്ടിത്തെളിച്ച്
കാടും മേടും തട്ടിനിരത്തി വേണം
യാത്രാപഥമൊരുക്കാൻ.
വെളിച്ചത്തിന്റെ വേദലോകത്തെത്താൻ
വെട്ടിത്തെളിക്കലുകളാവശ്യമായി വരും.

ലക്ഷ്യബോധം, ഏകാഗ്രത അഥവാ തപസ്സ്, ഉപാസന-ഇവയിലൂടെ മാത്രമേ മനുഷ്യജീവിതത്തിന്റെ ആത്യന്തികമായ വിഭാവനകൾ കൈവരിക്കാൻ കഴിയൂ. ജീവിതത്തെ സാർഥകമാക്കുന്ന നിസ്തന്ദ്രമായ ഒരു കർമസപര്യയാണിത്. ഇതിലൊന്നിന്റെ



കുറവ് മറ്റൊന്നിനെ ബാധിക്കും; കർമതലത്തെയാകെ ദുർബലവും വിഫലവുമാക്കും. ചൊട്ടുവിദ്യയും 'അദ്ഭുത വിളക്കും' കുറുക്കുവഴികളും ഇതിനില്ല. പരിപൂർണതയിലേക്ക് ഇസ്‌ലാം നടത്തുന്ന അവിരാമമായ പ്രയാണത്തിന്റെ-വികാരവിചാരവൃത്തീതലങ്ങളിലുള്ള അനുസ്യൂതമായ പോരാട്ടത്തിന്റെ-പേരാണ് ജിഹാദ് എന്നത്.

''അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും പിന്നീട് ഒട്ടും സംശയിക്കാതിരിക്കുകയും തങ്ങളുടെ ശരീരംകൊണ്ടും സമ്പത്തുകൊണ്ടും അല്ലാഹുവിന്റെ വഴിയിൽ ധർമസമരം നടത്തുകയും ചെയ്യുന്നവർ മാത്രമാണ് സത്യവിശ്വാസികൾ-സത്യസന്ധൻമാരും അവർതന്നെയാണ്.'' (അൽഹുജുറാത്ത്: 15)

സ്വാർജിതവും ദൈവദത്തവുമായ രണ്ടുതരം സിദ്ധികളുണ്ട് മനുഷ്യന്. ധനാദിവസ്തുക്കൾ സ്വാർജിത സമ്പത്താണെങ്കിൽ ശാരീരിക-മാനസിക ശക്തികൾ ദൈവിക സിദ്ധികളത്രേ. സമ്പത്തിന്റെയും ഭൗതിക വിഭവങ്ങളുടെയും സമാർജനം ജീവിതാഭിലാഷമായിക്കണ്ട് അതിന്ന് നേരെ ജീവിതത്തിന്റെ മുഖംതിരിച്ചു പിടിച്ച് വിഭ്രാമകമായി പാഞ്ഞുപോകുന്നവരുണ്ട്. ദൈവദത്തമായ ശരീര-മനസ്സുകളുടെ സംപോഷണത്തിൽ, സകലമായെന്നു കരുതി ഊറ്റം കൊണ്ട് കഴിയുന്നവരുമുണ്ട്. ഇവയെല്ലാം കേവലം ഉപകരണങ്ങളാണെന്നും അവയുപയോഗിച്ച് നേടേണ്ട അനർഘമായ, അമൂല്യമായ, അസദൃശമായ വിഭാവിത ലക്ഷ്യം അങ്ങകലെയാണെന്നും നാം മറക്കുന്നു. ആർഥിക- ശാരീരിക-ബൗദ്ധിക സിദ്ധികളുടെ സംവൃദ്ധിയാണ് ജീവിതം കൊണ്ട് സാക്ഷാൽക്കരിക്കേണ്ട വിഭാവിത ലക്ഷ്യമെങ്കിൽ മനുഷ്യജീവിതം എത്ര നിസ്സാരമാണ്! അപ്പോൾ ജീവിതത്തെ സാരവത്താക്കിത്തീർക്കുന്നതും ജീവിതവൃത്തികളെ സാർഥകമാക്കിമാറ്റുന്നതും മറ്റൊന്നാണ്. ആ മറ്റൊന്നിന്റെ അപഗ്രഥനമാണ് വേദഗ്രന്ഥം ഉൾക്കൊള്ളുന്നത്. ആർഥിക-ശാരീരിക-ബൗദ്ധിക സിദ്ധികളുപയോഗിച്ച് നിർവഹിക്കപ്പെടേണ്ട ഉപാസനയാണ് ജിഹാദ്. അതിന്റെ രൂപം മാറ്റി, അതിനെ ഭൗതികനേട്ടങ്ങൾക്കുവേണ്ടിയുള്ള ശ്രമമാക്കിത്തീർക്കുമ്പോൾ ജിഹാദിന്റെ പ്രകൃതം വിലക്ഷണമായിത്തീരുന്നു; അതിന് അർഥാന്തരം വന്നുചേരുന്നു. വേദഗ്രന്ഥം തെളിച്ചുകാട്ടിയ ദൈവികമാർഗത്തിൽ, ദൈവദത്തവും സ്വാർജിതവുമായ സിദ്ധിസാധ്യതകളുപയോഗിച്ച് പ്രയത്നിക്കുന്നവൻ- ഉപാസന സാധിക്കുന്നവൻ-ജിഹാദ് നിർവഹിക്കുകയാണ്, സൂക്ഷ്മവും നിയതവുമായ അർഥതലത്തിൽ.

കൊല്ലുക എന്ന കർമത്തെ ലാഘവത്തോടെ കാണുന്ന അഥവാ വിനോദോപാധിയായി സ്വീകരിക്കുന്ന സംസ്കാരമാണോ ഇസ്‌ലാം പ്രതിനിധാനം ചെയ്യുന്നത്?

''ദുർഭഗനല്ലാതെ കരുണയില്ലാത്തവനാവുകയില്ല''(അബൂഹുറയ്റ) എന്നും ''ജനങ്ങളോടു കരുണ കാണിക്കാത്തവനോട് ദൈവം കരുണ കാണിക്കുകയില്ല'' (ജരീറി) എന്നും ''ഒന്നിന് ജീവൻ കൊടുത്തവന്നേ അതിനെ ഒടുക്കാൻ അധികാരമുള്ളൂ'' എന്നും പറയുന്ന പ്രവാചകമതം കൊലയെ ചുമലേറ്റി നടക്കുന്ന ക്രൂരത കാട്ടാനൊരുങ്ങുകയില്ല. യുദ്ധത്തെയും കൊലയെയും ഒരു സാഹചര്യത്തിലും അവലംബിക്കുകയില്ല എന്ന നിരങ്കുശ സമീപനവും സത്യവേദത്തിനില്ല. ദൈവനിയോഗമനുസരിച്ച് ഭക്ഷണമായുപയോഗിക്കുന്നതിനും ഉപദ്രവമൊഴിവാക്കാനും ഹിംസയാവാം എന്നതാണ് ഇസ്‌ലാമിന്റെ ഹൃദയഭാവം.

ഖുർആൻ അവതീർണമാവുന്നത് പ്രാകൃതവും ഹിംസാകലുഷിതവുമായ അറബി സമൂഹത്തിലാണ്. വിദ്വേഷവും പ്രതികാരവും കൊലയും കൊള്ളയും കുലധർമമായിക്കരുതിപ്പോന്ന ഒരു കാലം. ഉടവാളണിഞ്ഞ് ഊറ്റം കൊള്ളാത്തവരായി ആരുമന്നുണ്ടായിരുന്നില്ല. അറബികളുടെ പാട്ടുകളിലും കവിതകളിലും നാടോടി വിജ്ഞാനീയത്തിലാകെത്തന്നെയും മുഴങ്ങി നില്ക്കുന്നത് ഖഡ്ഗ(സൈഫ്)ത്തിന്റെ ഝണഝണൽക്കാരമായിരുന്നു. എന്നാൽ ഖുർആനിൽ ഒരിടത്തും, ഒരിക്കൽപോലും വാൾ(സൈഫ്) എന്ന പദമുപയോഗിച്ചില്ല എന്നത് കേവലം യാദൃച്ഛികം എന്ന നിലയിൽ കാണാൻ പാടില്ലാത്തതാണ്. ആറായിരത്തിയറുന്നൂറ്റിയറുപത്താറ് ആയത്തുകളവതീർണമായിട്ടും ജീവിതത്തിന്റെ വിഭാവിത ലക്ഷ്യം ആയുധമുപയോഗിച്ച് കൈവരിക്കാമെന്നനുശാസിക്കുന്ന ഒന്നുപോലും അവയിലില്ല. അക്രാമകവും ആസുരവും സായുധവുമായ സാമൂഹ്യ ചലനങ്ങളുടെ ബഹുലതയിൽ അവയുടെയെല്ലാം അർഥശൂന്യത അഭിവ്യക്തമാക്കുന്ന നിലയിലാണ് വായനയുടെയും പേനയുടെയും പ്രാമുഖ്യമറിയിച്ചുകൊണ്ട് ഖുർആൻ അവതീർണമാവുന്നത്. വാളല്ല തൂലികയാണ് സ്ഥായിയായ മാറ്റത്തിന്റെ മാധ്യമമെന്ന് ഖുർആൻ പ്രഘോഷിക്കുകയാണ്. ഉടവാളുലച്ചിറങ്ങുക എന്നല്ല ആശയങ്ങളുടെ ആയുധമണിയുക എന്നാണ് സത്യവേദം ആഹ്വാനം ചെയ്യുന്നത്. പ്രബോധന ജിഹാദി (ജിഹാദുദ്ദഅ്‌വ) ന്റെ പ്രസക്തിയതാണ്.

''അതുകൊണ്ട് സത്യനിഷേധികൾക്ക് വഴങ്ങി-
പ്പോകരുത്, ഈ ഖുർആൻ മുഖേന താങ്കൾ
അവരോട് ശക്തമായ സമരം ചെയ്യുക.'' (അൽഫുർഖാൻ: 52)

ഖുർആൻ എന്ന വേദഗ്രന്ഥത്തെ സത്യാസത്യവിവേചകം എന്ന അർഥത്തിൽ അൽഫുർഖാൻ എന്ന് വിളിക്കാറുണ്ട്. അസത്യത്തോട് ഒരു സാഹചര്യത്തിലും വിട്ടുവീഴ്ചയരുതെന്നും വേദഗ്രന്ഥമെന്ന വിശിഷ്ടായുധമുപയോഗിച്ച് സത്യപ്രതിഷ്ഠാപനം സാധിക്കണമെന്നും തീവ്രസ്വരത്തിലാണ് അൽഫുർഖാനിലെ മേലുദ്ധരിക്കപ്പെട്ട സൂക്തം നമ്മോടനുശാസിക്കുന്നത്. യുദ്ധം വിലക്കപ്പെട്ട മക്കയുടെ അന്തരീക്ഷത്തിലാണ് ഈ വെളിപാടവതീർണമായത് എന്ന വസ്തുത, ജിഹാദിന് സായുധജിഹാദ് എന്ന അർഥദ്യുതി അനുചിതമാണെന്ന ദൃഢരൂഢബോധം നമ്മിലുണ്ടാക്കുന്നു.

''നിങ്ങളുടെ കൈകളെ (യുദ്ധത്തിൽനിന്ന്) തടഞ്ഞുവെക്കുക. നമസ്കാരം നിലനിർത്തുക. സകാത്ത് നല്കുക'' എന്നായിരുന്നു പ്രവാചകൻ തന്റെ അനുചരൻമാരോട് ആവർത്തിച്ചാവർത്തിച്ചാവശ്യപ്പെട്ടുകൊണ്ടിരുന്നത്.

നജ്ദ് ഗോത്രത്തിൽ ജനിച്ച ഖബ്ബാബ് അടിമയായാണ് മക്കയിലെത്തിയത്. അവനെക്കണ്ടപ്പോൾ വാത്സല്യം തോന്നിയ ഉമ്മു അമ്മാർ അവനെ വിലക്കു വാങ്ങി ഒരു കൊല്ലന്റെയടുക്കലയച്ച് ഖഡ്ഗ നിർമാണം പഠിപ്പിച്ചു. അതിവേഗം അവനതിൽ പ്രാവീണ്യം നേടി. ബുദ്ധിശാലിയും പക്വമതിയുമായ ഖബ്ബാബിന് ഇസ്‌ലാം സ്വീകരിച്ചതിന്റെ പേരിൽ യജമാനത്തിയിൽനിന്നും അവരുടെ സഹോദരനിൽനിന്നും അതിക്രൂരമായ മർദനങ്ങളേല്ക്കേണ്ടിവന്നു. ബോധം കെടുന്നതുവരെ ചുട്ടുപഴുത്ത ഇരുമ്പ്ദണ്ഡ് ഖബ്ബാബിന്റെ തലയിൽ കുത്തിപ്പിടിച്ചുനില്ക്കുക അവർക്കൊരു വിനോദമായിരുന്നു. ചുട്ടുപഴുപ്പിച്ച കല്ല് ഖബ്ബാബിന്റെ മുതുകിൽ വെച്ചുകെട്ടി പൊരിവെയിലിൽ നിർത്തുമായിരുന്നു. ഒരിക്കലദ്ദേഹം തന്റെ ദുർവഹദുഃഖം പ്രവാചകന്റെ മുന്നിൽ കെട്ടഴിച്ചു കാട്ടിയപ്പോൾ 'ക്ഷമിക്കുക, വെളിച്ചത്തിന്റെയും സമാശ്വാസത്തിന്റെയും നാളെ നിങ്ങൾക്കുള്ളതാണെ' ന്ന് പറഞ്ഞ് അനുനയിപ്പിച്ച കഥ അതിപ്രസിദ്ധമാണ്. അപ്പോഴും പ്രബോധന ജിഹാദ് തന്നെയാണ് പ്രവാചകൻ തുടർന്നത്. ബിലാലിനെപ്പോലുള്ളവർ പിന്നിട്ട ദുരന്താനുഭവങ്ങൾ നേരിലറിഞ്ഞിട്ടും അബ്ദുർറഹ്മാനിബ്നു ഔഫിനെപ്പോലുള്ള കരുത്തർ വന്ന് തിരിച്ചടിക്കാനുള്ള അനുമതിക്കിരന്നിട്ടും സത്യവേദത്തെ സമാശ്ലേഷിച്ചതിന്റെ പേരിൽ യാസിർ, സുമയ്യ തുടങ്ങിയവർ അതിദയനീയമായി കൊല്ലപ്പെട്ടത് കണ്ടിട്ടും കായികമായ പീഡനങ്ങളും ഭർത്സനങ്ങളും അവധീരണങ്ങളും ക്രൂരമായ ഉപരോധം പോലും സ്വയം നേരിടേണ്ടിവന്നിട്ടും പ്രബോധന ജിഹാദ് മാറ്റിവെച്ച് ആയുധമണിഞ്ഞ് പൊയ്ത്തിനിറങ്ങാൻ പ്രവാചകൻ ആഹ്വാനംചെയ്തില്ല. പ്രതിഷ്ഠിത ധാരണകളിൽനിന്ന് കാലിടറിപ്പോകരുതെന്ന് പോലും കരുതി അക്കാലത്ത് യുദ്ധം നിഷിദ്ധമാക്കിക്കൊണ്ടുള്ള പ്രഖ്യാപനമിറക്കാനാണ് പ്രവാചകൻ സന്നദ്ധനായത്. ഇതെല്ലാം വെളിവാക്കുന്നത് യുദ്ധത്തോടുള്ള സത്യവേദത്തിന്റെ വിപ്രതിപത്തിയാണ്. അതിനാൽ, മറ്റു മാർഗങ്ങളെല്ലാമടഞ്ഞാൽ, അനിവാര്യം എന്ന് ബോധ്യപ്പെടുന്ന സന്ദർഭത്തിൽ അറ്റ കൈക്കുപയോഗിക്കാവുന്ന ഒരു ഉപാധിയായി മാത്രമേ സത്യവേദം യുദ്ധത്തെ ആശ്രയിക്കുകയുള്ളൂ എന്ന് മനസ്സിലാക്കാവുന്നതാണ്.

''(നബീ) താങ്കളുടെ നാഥന്റെ മാർഗത്തിലേക്ക് യുക്തിപൂർവകമായും സദുപദേശ രീതിയിലും താങ്കൾ ക്ഷണിക്കുക-ഏറ്റവും നല്ല രീതിയിൽ അവരോട് വാദപ്രതിവാദം നടത്തുക'' (അന്നഹ്ൽ: 120).

ആശയങ്ങളുടെ ആയുധമണിഞ്ഞുകൊണ്ട് നിർവഹിക്കപ്പെടുന്ന ഉദാത്തമായ പ്രബോധന ജിഹാദാണത്. ''അക്രമിയായ ഭരണാധിപന്റെ മുഖത്തുനോക്കി സത്യത്തിന്റെ വാക്കുകളലറുന്നതാണ് ജിഹാദുകളിൽ ഉത്തമ'' മെന്ന് പ്രവാചകൻ ഓർമിപ്പിച്ചിട്ടുണ്ട്. ആർക്കുമെടുത്താടാൻ പറ്റുന്ന ഒരായുധമല്ല ജിഹാദ്. തെളിഞ്ഞ ലക്ഷ്യബോധവും നിരങ്കുശമായ ഏകാഗ്രതയുമുള്ള വിശുദ്ധ മനസ്സുകൾക്ക് മാത്രമേ ഈ ഉപാസന വിധിപൂർവകം നിർവഹിക്കാൻ കഴിയുകയുള്ളൂ. വ്യക്തി ചിത്തത്തെ തദനുസാരം മാറ്റിയെടുക്കുന്നതിനും സജ്ജമാക്കുന്നതിനുമുള്ള വിഭാവനയാണ് വ്രതാനുഷ്ഠാനങ്ങൾക്കുള്ളത്. ദേഹേച്ഛകൾക്കെതിരെയുള്ള പോരാട്ടമാണിവിടെ വിവക്ഷ. പ്രാർഥനകളിലൂടെ, വ്രതാനുഷ്ഠാനങ്ങളിലൂടെ മനോമാലിന്യങ്ങളെ കഴുകിക്കളഞ്ഞ്, അല്ലശുദ്ധി വരുത്തി, ആദർശത്തിന്റെ അഗ്നിശലാകകളായി സ്വയം മാറിയ സത്യനിഷ്ഠർക്കു മാത്രമേ ജിഹാദെന്ന വരായുധം യഥാർഹം പ്രയോജനപ്പെടുത്താൻ കഴിയൂ.

ജിഹാദ് ഇന്നും സത്യശുദ്ധമായി അറിയപ്പെടാതെ, അപവദിക്കപ്പെട്ടും തെറ്റിദ്ധരിക്കപ്പെട്ടും കിടക്കുന്നു! സത്യവേദത്തിന്റെ ആത്മഭാവമണിഞ്ഞുനില്ക്കുന്ന ജിഹാദ് അങ്ങനെയാണ് മാനുഷ്യകത്തിന് വിനഷ്ടമായിത്തീർന്നത്. ഈ പശ്ചാത്തലത്തിൽ

ന്നുവെങ്കിൽ അവരോട് അരിശംകൊള്ളുന്നതിലർഥമില്ല.

ജിഹാദ് ഇവിടെ പുനരുജ്ജീവിക്കണം.

അതിന്റെ സിദ്ധിസാധ്യതകൾ, ആഴപ്പരപ്പുകൾ

വിഭാവിത ലക്ഷ്യങ്ങൾ-സമസ്തവും വ്യാപകമായി ചർച്ച ചെയ്യപ്പെടണം. വർത്ത മാനകാല സമസ്യകൾക്കു നേരെ ആ വരായുധം പ്രയോജനപ്പെടണം.

# ജിഹാദെന്നാൽ ഖിതാലല്ല, ഖിതാലും ജിഹാദാവാം

ഇസ്‌ലാമിക ചരിത്രരചനയിൽ പാശ്ചാത്യ ലേഖകരവലംബിച്ച സമീപനം വളരെ യേറെ അപവദിക്കപ്പെട്ടിട്ടുണ്ട്. സത്യശുദ്ധമായ ചരിത്രത്തിനുവേണ്ടിയുള്ള നിഷ്കർഷ യില്ലാത്തതുകൊണ്ടും മുൻധാരണകൾക്കടിപ്പെട്ടതുകൊണ്ടും ലാഘവബുദ്ധിയോടെ യാണ് അവരിൽ പലരും ഇസ്‌ലാമിനെ പരിചയപ്പെടുത്തിയത്.

ഇസ്‌ലാമിക സംസ്കൃതിയിൽ മഹത്തായ ഒരു സ്ഥാനമാണ് ജിഹാദിനുള്ളത്. മറ്റൊരു മതദർശനത്തിലും കണ്ടെത്താൻ കഴിയാത്ത പവിത്രതമമായ ഒരർഥതലമതി നുണ്ട്. എന്നാൽ, ആ പദത്തെ കേവലം യുദ്ധത്തിന്റെ പര്യായമായാണ് മിക്ക യൂറോ പ്യൻ ഗ്രന്ഥകാരൻമാരും വിശേഷിപ്പിച്ചത്. നമ്മിൽ പലരും ധരിച്ചതുമങ്ങനെയാണ്. തെളിഞ്ഞ ആശയഗ്രഹണത്തിന് അറബ് ഭാഷാ നിഘണ്ടുക്കളോ ഖുർആൻ പോലുമോ അവരുപയോഗപ്പെടുത്തിയിട്ടില്ലെന്നു വേണമനുമാനിക്കാൻ. ഇസ്‌ലാം സംസ്കൃതി ആ പദത്തെ എങ്ങനെ സമീപിക്കുന്നുവെന്നും എന്തിനായുപയോഗപ്പെടുത്തിയെന്നും മനസ്സിലാക്കാൻ ശ്രമിക്കുന്നില്ലെങ്കിൽ ജിഹാദ് എന്ന പ്രസ്ഥാനത്തെ യഥാർഹം ഉൾക്കൊള്ളുവാൻ നമുക്ക് സാധ്യമല്ല.

ജിഹാദ് യുദ്ധമാണത്രേ! അങ്ങനെ വന്നാൽ ജിഹാദിന് പവിത്രതയുടെ അന്തഃസ ത്തയും പരിവേഷവും നല്കി അതിനുവേണ്ടി നിഷ്കർഷിച്ച പ്രവാചകൻ നാളെ യൊരു യുദ്ധക്കൊതിയനായി ചിത്രീകരിക്കപ്പെട്ടേക്കാമെന്ന് ഞാൻ ഭയപ്പെടുന്നു. ചില യുദ്ധങ്ങൾ ജിഹാദായിരിക്കാം. എന്നാൽ യുദ്ധങ്ങളേതും ജിഹാദല്ല. ചിലർ യുദ്ധമെന്നു മാത്രമല്ല, സത്യവേദത്തിന്റെ പ്രചാരണത്തിന്നായുള്ള യുദ്ധം എന്നു കൂടി വിശദീകരിച്ചിട്ടുണ്ട്. വാളുകൊണ്ട് വെട്ടിപ്പിടിച്ചതാണ് ഇസ്‌ലാമിന്റെ സ്വാധീനം എന്ന് വാദിക്കാൻ പരികരം കെട്ടിയിറങ്ങിയവർക്ക് കരുത്ത് നല്കിയത് അത്തരം ഭാഷ്യങ്ങളാണ്.

ജിഹാദ് എന്ന പദത്തെ ധർമയുദ്ധം (ഖിതാൽ) എന്ന് വിശേഷിപ്പിക്കാറുണ്ട്.



എന്നാൽ അത് മാത്രവുമല്ല ജിഹാദ്. ഇന്ദ്രിയങ്ങളെ വരുതിക്കിരുത്തലും ആത്മശുദ്ധീ കരണംപോലും ജിഹാദാണ്. അഥവാ ജിഹാദ് ബാഹ്യശക്തികൾക്കെതിരെയുള്ള പോരാട്ടം എന്നതിലുപരി ആന്തരികമായ വിരേചനമാണ്. ഒരിക്കൽ ഒരു ധർമയുദ്ധം കഴിഞ്ഞ് തിരിച്ചുവരികയായിരുന്ന തന്റെ അനുയായികളെ സ്വാഗതം ചെയ്തുകൊണ്ട് പ്രവാചകൻ ഇങ്ങനെ പറഞ്ഞു:

''നിങ്ങൾ ചെറിയ ജിഹാദ് കഴിഞ്ഞ് തിരിച്ചുവരുന്നവരാണ്. നിങ്ങളെ വലിയ ജിഹാദ് (ജിഹാദുൽ അക്ബർ) കാത്തുനില്ക്കുന്നു'' എന്ന്.

അഹംബുദ്ധിക്കെതിരെ അടരാടിക്കൊണ്ടാരംഭിക്കുന്ന ആത്മശുദ്ധീകരണോപാ സനയിലേക്ക് വിരൽചൂണ്ടുന്ന ഇസ്‌ലാം സംസ്കൃതിയുടെ ഗിരിശിഖരമായിക്കാ ണേണ്ട ജിഹാദിനെക്കുറിച്ച് ഒരക്ഷരം ഉരിയാടാതെ ഇസ്‌ലാം ദർശനത്തെ അപഗ്ര ഥിച്ച് തൃപ്തിയടഞ്ഞ ഗ്രന്ഥകാരൻമാരുണ്ട്. ശ്രമകരമായ അധ്വാനത്തിലൂടെ എം. ജെ. വെൽസിങ്കി രചിച്ച A Hand book of Early Muhammaden Tradition, ഗവേഷ കനും ചിന്തകനുമായ ക്ലെയ്ൻ (Klein) എഴുതിയ The Religion of Islam തുടങ്ങിയ ഗ്രന്ഥങ്ങളിൽ ഇസ്‌ലാമിന്റെ പ്രചാരണത്തിന്നായി നടത്തപ്പെടുന്ന യുദ്ധമാണ് ജിഹാ ദെന്ന് രേഖപ്പെടുത്തിക്കാണാം. The Encyclopaedia of Islam രചിച്ചയാൾ കുറേക്കൂടി മുന്നോട്ടുപോയി ''ആയുധമുപയോഗിച്ചും സത്യവേദം പ്രചരിപ്പിക്കുന്നത് മുസൽമാന്റെ മതപരമായ ബാധ്യതയാണെ'' ന്നുവരെ സാഹസികമായി പറഞ്ഞുവെ ച്ചിട്ടുണ്ട്. ഇസ്‌ലാം പ്രചരിച്ചത് ബലപ്രയോഗത്തിലൂടെയാണെന്ന ഒരു ധാരണയുണ്ടി വിടെ. എന്നാൽ ആ ധാരണയ്ക്ക് ആധികാരികമായ, ദാർശനികമായ പിന്തുണയി ല്ലെന്ന് ഖുർആൻ തന്നെ വ്യക്തമാക്കുന്നു. 'ദീനിൽ നിർബന്ധമില്ല', 'നിനക്ക് നിന്റെ മതം എനിക്ക് എന്റേത്' തുടങ്ങിയ മൊഴിമുത്തുകൾ ശ്രദ്ധേയങ്ങളാണ്. എന്നാൽ ഇസ്‌ലാം ദർശനത്തിന്റെ പ്രചാരണാർഥം നിർവഹിക്കപ്പെടുന്ന സായുധ സമരമാണ് ജിഹാദ് എന്ന നിലയിലാണ് യൂറോപ്യൻ ഗ്രന്ഥകാരൻമാരിലേറിയകൂറും ജിഹാദിനെ പരിചയപ്പെടുത്തിയത്. ചില ഉദാഹരണങ്ങൾ ചുവടെ:

"War undertaken for the propogation of Islam"- Jonath

"The Spread of Islam by arms is a religious duty upon Muslims in general"- A.J. Wensinck.

"Jihad-the fighting against unbelivers with the object of either winning them over to Islam or subduing and exterminating them in case they refuse to become Muslims and the causing of Islam to spread and triumph over all religions is considered a sacred duty of the Muslim nation"- Joseph Mour.

ജിഹാദിനെക്കുറിച്ച് വിശകലനം ചെയ്യുന്നതിന് മുമ്പെ മുസൽമാനും യുദ്ധവും തമ്മിലുള്ള ബന്ധമെന്ത് എന്നന്വേഷിക്കുന്നത് പ്രയോജനകരമായിരിക്കും.

ഒരു സാഹചര്യത്തിലും ഒരു കാരണവശാലും യുദ്ധം ചെയ്യുകയില്ല എന്ന നിര ങ്കുശ യുദ്ധവിരുദ്ധ ഭാവം ഇസ്‌ലാം പ്രബോധിപ്പിക്കുന്നില്ല. അത്തരമൊരവകാശ വാദം ഖുർആനിലെവിടെയുമില്ല. യുദ്ധത്തിന് അനുമതി നല്കിക്കൊണ്ടുള്ള വെളി പാടുകളുണ്ടായിട്ടുണ്ട്. പക്ഷേ, യുദ്ധം സോപാധികവും സൂക്ഷ്മദൃക്കുകൾക്ക് നീതീ

കരിക്കാൻ പോരുന്നതും ദൈവമാർഗത്തിലുള്ളതുമായിരിക്കണം.

''യുദ്ധം ചെയ്യപ്പെടുന്നവർക്ക് (തിരിച്ചും യുദ്ധം ചെയ്യാൻ) അനുമതി നല്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ അവർ അക്രമിക്കപ്പെട്ടിരിക്കുകയാണ്. തീർച്ചയായും അല്ലാഹു അവരെ സഹായിക്കാൻ കഴിവുള്ളവനാകുന്നു.'' (അൽഹജ്ജ്: 41)

''ഞങ്ങളുടെ നാഥൻ അല്ലാഹുവാണ് എന്ന് അവർ പറയുന്നതൊഴിച്ച് (മറ്റൊരു കാരണവും കൂടാതെ) അന്യായമായി തങ്ങളുടെ ഭവനങ്ങളിൽനിന്ന് ബഹിഷ്കരിക്കപ്പെട്ടവരാണവർ. മനുഷ്യരിൽ ചിലർക്ക് മറ്റു ചിലരിൽനിന്നുള്ള ആക്രമണത്തിൽനിന്ന് സ്വയം രക്ഷിക്കുന്നതിന് അല്ലാഹു അനുമതി നല്കിയില്ലായിരുന്നുവെങ്കിൽ സന്യാസിമഠങ്ങളും ക്രിസ്തീയ ദേവാലയങ്ങളും ജൂതപ്പള്ളികളും മുസ്‌ലിം ആരാധനാലയങ്ങളും എല്ലാം തകർക്കപ്പെടുമായിരുന്നു. അവയിൽവെച്ച് അല്ലാഹുവിന്റെ നാമം ധാരാളമായി അനുസ്മരിക്കപ്പെടുന്നു. തന്നെ സഹായിക്കുന്നവരെ അല്ലാഹു സഹായിക്കുക തന്നെ ചെയ്യുന്നു. തീർച്ചയായും അല്ലാഹു മഹാനും പ്രതാപവാനുമാകുന്നു.''

എന്തിനാണ് യുദ്ധം? സകലരെയും നിർബന്ധിപ്പിച്ച്, പ്രലോഭിപ്പിച്ച്, ഭീഷണിപ്പെടുത്തി ദൈവസന്നിധിയിൽ അടിയറവ് പറയിക്കാനാണോ യുദ്ധം? അല്ല, ദൈവമത് ഇഷ്ടപ്പെടുന്നില്ല. അങ്ങനെയാണെങ്കിൽ അത് നിർബന്ധപൂർവം ദീൻ പ്രചരിപ്പിക്കലായി. 'ദീനിൽ നിർബന്ധമില്ല' എന്ന ഇസ്‌ലാമിന്റെ മൗലിക ദർശനത്തിന് വിപരീതമാണത്. പിന്നെയെന്തിനാണ് യുദ്ധാനുമതി നല്കിയത്? ദൈവനീതിയനുസരിക്കുന്നതിൽനിന്ന് ജനങ്ങളെ തടയുന്നവർക്കെതിരെയാണ് യുദ്ധം. ഏത് സന്ദേശവും ദർശനവും സ്വേച്ഛാനുസാരം സ്വീകരിക്കാനും ആചരിക്കാനുമുള്ള സമൂഹത്തിന്റെ അവകാശം സംരക്ഷിക്കപ്പെടണം. ദുർബലൻ ചൂഷണം ചെയ്യപ്പെടരുത്. അത് പരിഷ്കൃത സമൂഹത്തിന്റെ അനിഷേധ്യാവകാശമാണ്. അതിനെതിരെ വർത്തിക്കുന്ന ഇരുട്ടിന്റെ ശക്തികളോടാണ് യുദ്ധം.

പ്രസിദ്ധ ഖുർആൻ ഭാഷ്യക്കാരനായ സമഖ്ശരി ഇങ്ങനെ പ്രസ്താവിച്ചു:

''വിശ്വാസ സംബന്ധമായ കാര്യങ്ങളിൽ ബലം പ്രയോഗിക്കുന്നതിനെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല. അത് ജനങ്ങളുടെ ഹിതാനുസാരം നടക്കേണ്ടതാണ്. ദൈവമാഗ്രഹിച്ചെങ്കിൽ മാനുഷ്യകമാകെ സത്യവേദ വിശ്വാസികളാകുമായിരുന്നു. അല്ലയോ പ്രവാചകരേ, (അപ്പോൾ) വിശ്വാസം സ്വീകരിക്കുന്നതിന് താങ്കൾക്ക് ബലം പ്രയോഗിക്കാമോ? ദൈവം അത് ജനങ്ങളുടെ സ്വതന്ത്രമായ തീരുമാനത്തിന് വിടുകയായിരുന്നു.''

'ദീനിൽ നിർബന്ധം പാടില്ലെ' ന്ന് വെളിപാടുണ്ടായത് മദീനയിൽനിന്നാണ്. ആ വെളിപാടിന്റെ പശ്ചാത്തലമറിയുമ്പോൾ ഇസ്‌ലാമിക ദർശനത്തിന്റെ വിശുദ്ധി നമ്മെ രോമഹർഷമണിയിക്കും. ഹിജ്റ നാലാം വർഷം. അക്ഷന്തവ്യമായ രാജ്യദ്രോഹത്തിന്റെ പേരിൽ ജൂത ഗോത്രമായിരുന്ന ബനൂനദീറിനെ പ്രവാചകൻ രാജ്യഭ്രഷ്ടരാക്കി. സത്യവേദം സ്വീകരിച്ചാൽ ശിക്ഷയൊഴിവാക്കാമെന്ന പ്രലോഭനവുമായി ചില മുസ്‌ലിംകൾ അവരെ സമീപിക്കുന്നുണ്ടെന്ന് പ്രവാചകനറിയാൻ കഴിഞ്ഞു. ജൂതമതവിശ്വാസികൾ തീർത്തും അസ്വസ്ഥരായ സന്ദർഭമായിരുന്നു അത്. പ്രവാച



കൻ വിഷമിച്ചു. ആ നിർണായക സന്ദർഭത്തിലാണ് 'ദീനിൽ നിർബന്ധം വേണ്ട' എന്ന വെളിപാടുണ്ടായത്. ഇബ്നുകഥീർ എന്ന പണ്ഡിതൻ തന്റെ ഖുർആൻ വ്യാഖ്യാനത്തിൽ ഇങ്ങനെ രേഖപ്പെടുത്തി:

"Don't compel anyone to embrace Islam for his religion is so obvious and evident, its arguments are so clear and convincing and its appeal is so manifest that it is not necessary to compell anybody to enter its fold. Whoever has been given guidence by Allah and whose heart is open to truth will embrace it out of free will and those whose faculties have been sealed, and there is no use of foreing them into the fold."

ഇസ്‌ലാം ദർശനത്തിന്റെ അന്തഃസൗന്ദര്യമാസ്വദിക്കാൻ കഴിഞ്ഞ ആർനോർഡ് തന്റെ Religion of Islam എന്ന വിശ്രുത ഗ്രന്ഥത്തിൽ "Islamic instructions are that there should be no compulsion in religion and people of others faiths must not be converted to Islam by force" എന്ന് പ്രസ്താവിച്ചിട്ടുണ്ട്. അബുൽഅഅ്ലാ മൗദൂദിയുടെ ഏറെ പ്രശസ്തമായ 'അൽ ജിഹാദു ഫിൽഇസ്‌ലാം' എന്ന ഗ്രന്ഥത്തിലൂടെ പ്രകാശനം ചെയ്ത ജിഹാദ് സംബന്ധിച്ചുള്ള പ്രസ്താവം ഉദ്ധരണാർഹമാണ്.

''കലാപകാരികൾക്കും ഇസ്‌ലാമിനെയും മുസൽമാനെയും നശിപ്പിക്കാൻ കാപ്പുകെട്ടിയിറങ്ങിയവർക്കും രാജ്യത്തെ ശിഥിലമാക്കാൻ ശ്രമിക്കുന്നവർക്കും ഭീകരവാദികൾക്കും സമൂഹത്തിലെ സമാധാനവും ശാന്തിയും തകർക്കുന്നവർക്കും എതിരെ മുസൽമാന്റെ ഖഡ്ഗം കരാളമായിരിക്കും. ഇതൊന്നുമല്ലാത്തവർക്കെതിരെ, അവരുടെ വിശ്വാസങ്ങളെന്തായാലും അനിസ്‌ലാമികമാണെന്നുതന്നെ വന്നാലും മുസൽമാൻ അവരെ ഉപദ്രവിക്കുകയില്ല. അവരുടെ ജീവിതവും സ്വത്തുവഹകളും സുരക്ഷിതമായിരിക്കും.''

''ന്യൂനപക്ഷക്കാരൻ ആരുമാവട്ടെ, ഏത് വിശ്വാസക്കാരനുമാവട്ടെ, അവന്റെ ജീവനും സ്വത്തും നമ്മുടേതുപോലെത്തന്നെ ഉൽകൃഷ്ടവും പവിത്രവുമാണ്.'' (മൗദൂദി തന്റെ Islamic Law and Constitution എന്ന ഗ്രന്ഥത്തിൽ)

വളരെ കരുതലോടെ, വിവേകപൂർവം ഉപയോഗിക്കേണ്ട ഒരായുധമാണ് യുദ്ധമെന്ന് ഇസ്‌ലാം നിഷ്കർഷിക്കുന്നു.

ശത്രുസംഹാരം അവതാര ധർമമായി കീർത്തിക്കുന്ന ഭാരതീയ സമീപനം ഇതിന് വിരുദ്ധമല്ല. 'വിനാശായ ചദുഷ്കൃതാം ധർമസംസ്ഥാപനാർത്ഥായ സംഭവാമി യുഗേ യുഗേ' എന്ന് മഹാഗീത ഘോഷിക്കുന്നതും മറ്റൊന്നല്ല.

''ദുർമദം പെരുത്തോർ രാവണൻ തന്നെക്കൊന്ന്
സമ്മോദം ലോകങ്ങൾക്ക് വരുത്തിക്കൊൾവാൻ മുന്നം
ബ്രഹ്മശങ്കര പ്രമുഖാമര പ്രവീരന്മാർ
നിർമല പദങ്ങളിൽ സ്തുതിച്ചു പൂജിക്കയാൻ
മാനുഷവേഷം പൂണ്ട'' ശ്രീരാമചന്ദ്രൻ തന്റെ ജന്മോദ്ദേശ്യം പ്രഖ്യാപിച്ചുകൊണ്ടാണ് രംഗത്തവതീർണനാകുന്നത്. ബന്ധുജനങ്ങളെ കണ്ടപ്പോൾ മനോവിഭ്രമത്തിന് വിധേയനായ പാർഥനെ, ശത്രുപക്ഷത്ത് അധർമികളാണെന്ന സത്യം ബോധ്യപ്പെ

ടുത്തി അവർക്കെതിരെ ആവേശമണിയിച്ച് ആയുധമെടുപ്പിച്ച ശ്രീകൃഷ്ണ ശ്രമവും ഇതുതന്നെയാണ്. ധർമസംസ്ഥാപനത്തിന് അനിവാര്യമായ ഘട്ടങ്ങളിൽ യുദ്ധമാവാം എന്ന സന്ദേശമാണ് ഗീതക്കുള്ളത്.

വിരുദ്ധ ശക്തികളുടെ സംഘട്ടനത്തിലൂടെയാണ് വിപ്ലവം വരുന്നതെന്ന് ഹെഗൽ പറഞ്ഞപ്പോഴും പിന്നീട് മാർക്സും ലെനിനുമൊക്കെ അതിന് നൂതന ഭാഷ്യം നല്കിയപ്പോഴും (Development is the struggle of opposites) ഇതേ ആശയത്തെത്തന്നെ പ്രകാരാന്തരേണ പ്രകാശിപ്പിക്കുകയായിരുന്നു.

''അല്ലാഹു മനുഷ്യരിൽ ചിലരെ ചിലരെക്കൊണ്ട് തടുത്തിരുന്നില്ലെങ്കിൽ ഭൂമി നാശമടഞ്ഞേനെ. പക്ഷേ, അല്ലാഹു ലോകർക്ക് അനുഗ്രഹം നല്കുന്നവനത്രേ.'' (അൽബഖറ: 25)

അധർമത്തിനെതിരെ നടത്തിയ പോരാട്ടങ്ങളുടെ കഥയാണ് ഭാരതീയേതിഹാസ പുരാണങ്ങൾ. ജൂതമതം അതിന്റെ അനുയായികൾക്ക് യുദ്ധാനുമതി നല്കിയിരുന്നു. പിന്നീട് വന്ന ക്രൈസ്തവ മതം യുദ്ധം വിലക്കി. മാത്യുവിന്റെ സുവിശേഷത്തിൽ മസീഹ പറഞ്ഞ വാക്കുകൾ ഇവിടെ ഉദ്ധരണാർഹമാണ്:

''എന്നാൽ ഞാൻ നിങ്ങളോട് പറയുന്നു, ദുഷ്ടനോട് നിങ്ങൾ പ്രതികാരം ചെയ്യരുത്. പ്രത്യുത, ഒരാൾ നിന്റെ വലതു കവിളത്തടിച്ചാൽ നീ മറ്റേ കവിൾ കൂടി കാണിച്ചുകൊടുക്കണം.'' വൈദികനായ പത്രോസിനോട് മസീഹ് പറഞ്ഞു: ''വാൾ ഉറയിലിടൂ. വാളെടുത്തവൻ വാളാൽ നശിക്കും'' എന്ന്. സൈനികസേവനം പോലും അരുതാത്തതാണെന്ന് വിലക്കിക്കൊണ്ട് ക്രൈസ്തവ മതവേദികളിൽനിന്ന് ശബ്ദമുയർന്നിരുന്നു. എന്നാൽ മറ്റു ചിലർ ബൈബ്ൾ വചനങ്ങളെ പ്രായോഗിക രാഷ്ട്രീയവുമായി കൂട്ടിക്കലർത്തി യുദ്ധവിരുദ്ധതയ്ക്ക് മാറ്റം വരുത്തി. അങ്ങനെയാണ് ചില യുദ്ധങ്ങൾ നിയമാനുസൃതങ്ങളാണെന്ന് വന്നത്.

ഇസ്‌ലാം ആദർശാത്മകം എന്നതുപോലെ പ്രായോഗികവുമായ ഒരു ദർശന വിശേഷമാണ്. വിഭാവിത ലക്ഷ്യങ്ങളെ വിസ്മരിക്കുകയും ജീവിത മൂല്യങ്ങളെ വിഗണിക്കുകയും ചെയ്തുകൊണ്ട് യുദ്ധ വിരുദ്ധതയുടെ പേരിൽ, ശത്രുക്കളുടെ ആയുധങ്ങൾക്ക് മുന്നിൽ ഇയ്യാംപാറ്റകളെപ്പോലെ ചത്തടിയുന്നത് ഭീരുത്വമാണെന്നും ധർമവിലോപമാണെന്നും ഇസ്‌ലാം കരുതുന്നു. ഹിജ്‌റയനുഷ്ഠിക്കുകയും അനുയായികളോട് രക്ഷപ്പെടാനാഹ്വാനം ചെയ്യുകയും ചെയ്ത പ്രവാചകൻ ശാരീരികമായ രക്ഷ പരമമായിക്കണ്ട ഭീരുവും അല്പനുമല്ല. ലോകത്തിന്റെ സുസ്ഥിതിക്കായി അല്ലാഹു ഭരമേല്പിച്ച മഹിതാദർശങ്ങളും വിശിഷ്ട മൂല്യങ്ങളും തങ്ങളോടൊപ്പം മൺമറഞ്ഞുപോകരുതെന്ന് കരുതിയാണ് നബിയും സഹചാരികളും പലായനം നിർവഹിച്ചത്. അതുപോലെ പദവിക്കും പ്രശസ്തിക്കും ഭൗതികമായ നേട്ടങ്ങൾക്കും വേണ്ടിയല്ല ഇസ്‌ലാം യുദ്ധാനുമതി നല്കിയത്, ധർമസംരക്ഷണാർഥമാണ്.

ഒരു ദശാബ്ദത്തിലേറെക്കാലം, വിഷമതകളേറെ സഹിച്ച് മക്കയിൽ സത്യവിശ്വാസം പ്രചരിപ്പിക്കുകയായിരുന്നു പ്രവാചകൻ. മക്കയിലെ ഖുറൈശികളും മദീനയിലെ ജൂതൻമാരും സത്യവിശ്വാസികൾക്കെതിരെ അഴിച്ചുവിട്ട ദ്രോഹപരമ്പരകൾക്കതിരില്ലായിരുന്നു. സഹികെട്ട സത്യവിശ്വാസികൾ പ്രവാചക സന്നിധിയിലെത്തി ദുഃഖമറിയിക്കാറുണ്ട്; പൊട്ടിക്കരയാറുണ്ട്. തിരിച്ചടിക്കാൻ അവർ അനുവാദം ചോദിക്കാറുമുണ്ട്. അർധപ്രാണരും അംഗഭംഗം വന്നവരുമായ തന്റെ അനുയായികളോട് അപ്പോഴെല്ലാം- ''നിങ്ങൾ ക്ഷമിക്കൂ, യുദ്ധം ചെയ്യാനെനിക്കനുവാദമില്ല'' എന്ന് പ്രവാചകനറിയിക്കും. മർദനമേറ്റ് സുമയ്യ മരിച്ചുവെന്ന വാർത്തയറിഞ്ഞപ്പോഴും പ്രവാചകന്റെ മറുപടി പഴയതുതന്നെയായിരുന്നു. ഒടുക്കം, പ്രവാചകനെത്തന്നെ വധിക്കാൻ ഖുറൈശികൾ കരുനീക്കിത്തുടങ്ങിയിട്ടുണ്ടെന്നറിഞ്ഞപ്പോൾ അദ്ദേഹം പ്രതിരോധിക്കാൻ പോലും തയ്യാറാവാതെ മദീനയിലേക്ക് രക്ഷപ്പെടുകയായിരുന്നു. ദൈവമാർഗത്തിൽ ചരിക്കുന്ന നിരപരാധികളായ സത്യവിശ്വാസികൾക്ക് നില്ക്കക്കള്ളിയില്ലെന്ന് വന്നപ്പോൾ, അറബി ഗോത്രങ്ങളെയാകെ സത്യവിശ്വാസികൾക്കെതിരെ ഇളക്കിവിട്ടുകൊണ്ടിരിക്കുകയാണ് എന്നറിഞ്ഞപ്പോൾ, നിലനില്പിന് മറ്റൊരു മാർഗവുമില്ലെന്ന് വന്നപ്പോഴാണ് മുഹമ്മദ് നബി യുദ്ധാനുമതി നല്കിയത്. നിരന്തരമനുഭവിച്ചുപോന്ന അവധീരണങ്ങളും പീഡനങ്ങളും അവകാശവിധ്വംസനങ്ങളും നാടും വീടും നഷ്ടപ്പെടുത്തൽപോലുള്ള ഭീകരവൃത്തികളും തുടർന്നപ്പോൾ യുദ്ധമല്ലാതെ മറ്റ് മാർഗമില്ലെന്നുവന്നു. അവിടെയാണ് യുദ്ധാനുമതി നല്കുന്നത്. അത്തരം സന്ദർഭങ്ങളിൽ യുദ്ധം അനുവദിക്കപ്പെട്ടില്ലെങ്കിൽ ആരാധനാലയങ്ങൾ പോലും അവശേഷിക്കില്ലായിരുന്നുവെന്ന് പ്രവാചകന്ന് വെളിപാടുണ്ടായി. യുദ്ധത്തെ സംബന്ധിച്ച് ഖുർആനിലും ഹദീസുകളിലുമുള്ള പരാമർശങ്ങൾ ഇവിടെ അനുസ്മരണീയങ്ങളാണ്:

''നിങ്ങളോട് യുദ്ധത്തിന് വരുന്നവരോട് അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ യുദ്ധം ചെയ്യുവിൻ. നിങ്ങൾ അതിക്രമം ചെയ്യരുത്. അതിക്രമികളെ അല്ലാഹു സ്നേഹിക്കുകയില്ല. തരംകിട്ടിയേടത്തുവെച്ച് അവരെ നിങ്ങൾ കൊല്ലുവിൻ. അവർ നിങ്ങളെ പുറത്താക്കിയേടത്തുനിന്ന്, നിങ്ങൾ അവരെയും പുറത്താക്കുവിൻ. മർദനം കൊലയെക്കാൾ കഠിനമാകുന്നു. മസ്ജിദുൽ ഹറാമിൽനിന്ന് അവർ നിങ്ങളോട് യുദ്ധം ചെയ്യുവോളം അവിടെവച്ച് നിങ്ങൾ അവരോട് യുദ്ധം ചെയ്യരുത്. എന്നാൽ അവർ നിങ്ങളോട് യുദ്ധത്തിനു വന്നാൽ അവരെ നിങ്ങൾ കൊല്ലുവിൻ. അങ്ങനെയാണ് നിഷേധികളുടെ പ്രതിഫലം. എന്നാൽ അവർ വിരമിക്കുന്ന പക്ഷം അല്ലാഹു പൊറുക്കുന്നവനും കരുണാവാരിധിയുമത്രേ. കുഴപ്പം (മർദനം) ഇല്ലാതാവുകയും മതം അല്ലാഹുവിനുവേണ്ടിയാവുകയും ചെയ്യുന്നതുവരെ അവരോട് നിങ്ങൾ യുദ്ധം ചെയ്യുവിൻ. എന്നാൽ അവർ വിരമിക്കുന്നപക്ഷം പിന്നെ ഒരുവിധ അക്രമവും പാടില്ല, അക്രമികളോടല്ലാതെ.'' (അൽബഖറ: 190-193)

''അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുവിൻ; അല്ലാഹു കേൾക്കുന്നവനും അറിയുന്നവനുമാണെന്ന് നിങ്ങൾ ഓർക്കണം.''

''അല്ലാഹുവിന്റെ മാർഗത്തിൽ ചെയ്യേണ്ട രീതിയിൽ നിങ്ങൾ സമരം ചെയ്യുവിൻ.'' (അൽഹജ്ജ്: 73)

ഒരു ബദവി നബിയോട് ചോദിച്ചു: ''ചിലർ ദ്രവ്യത്തിന് വേണ്ടി പോരാടുന്നു. ചിലർ കീർത്തിക്ക്, ചിലർ പദവിക്ക്-എന്നാൽ ദൈവനാമത്തിൽ പോരാടുന്നവനാര്?''

നബി പറഞ്ഞു: ''ദൈവവചനത്തിന്റെ ഉന്നതിക്ക് ആർ പോരാടുന്നുവോ അവനാണ് ദൈവമാർഗത്തിൽ പൊരുതുന്നവൻ.'' (ബുഖാരി-മുസ്‌ലിം)

''യുദ്ധം ചെയ്യവേ എല്ലാ നേരത്തും ഒരു മുസ്‌ലിം പോരാളി അല്ലാഹുവിനോട് വിജയത്തിനായി പ്രാർഥിക്കണ'' മെന്ന് ഒരിക്കൽ പ്രവാചകനറിയിക്കുകയുണ്ടായി. അതിന്റെയർഥം ദൈവസ്മരണ കൈവിട്ടുകൊണ്ടുള്ള ഒരു നിമിഷമുണ്ടായിരിക്കില്ലെന്നും സത്യമാർഗത്തിൽനിന്നുള്ള വ്യതിചലനം യുദ്ധവേളയിൽ സംഭവിക്കില്ലെന്നുമാണ്. ദൈവിക ദൗത്യത്തിന്റെ നിർവഹണമായാണ് ഇസ്‌ലാം യുദ്ധത്തെ കാണുന്നത്. മറ്റൊന്നിനുപയോഗപ്പെടുത്താനുള്ളതല്ല.

മനുഷ്യജീവിതത്തെ ഇസ്‌ലാം ഏറ്റവുമധികം വിലമതിക്കുന്നു. അതിനെതിരെയുള്ള ഏതക്രമവും കുറ്റമാണ്-സത്യവിശ്വാസിയുടെ സമുൽകൃഷ്ട ലക്ഷണങ്ങളിലൊന്ന് അന്യായമായി മനുഷ്യരക്തം ചൊരിയാതിരിക്കലാണെന്ന് ഖുർആൻ തന്നെ യറിയിച്ചിട്ടുണ്ട്:

''(അവർ) അല്ലാഹു ആദരിച്ച ഒരു ജീവനെയും അന്യായമായി നശിപ്പിക്കുകയില്ല.'' (അൽബഖറ: 68)

''അവർ നിങ്ങളെ (അക്രമിക്കാതെ) മാറിനില്ക്കുകയും നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും സന്ധിക്ക് തയ്യാറാവുകയും ചെയ്യുന്ന പക്ഷം അവരെ (അക്രമിക്കാൻ) ഒരു പഴുതും അല്ലാഹു നിങ്ങൾക്ക് നിശ്ചയിച്ചിട്ടില്ല.'' (അന്നിസാഅ്: 90)

''നിങ്ങളോട് യുദ്ധം ചെയ്യുന്നവരുമായി അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുക-എന്നാൽ നിങ്ങൾ അതിക്രമം പ്രവർത്തിക്കരുത്- അല്ലാഹു അതിക്രമങ്ങളെ ഇഷ്ടപ്പെടുകയില്ലതന്നെ.'' (അൽബഖറ: 190)

മനുഷ്യർക്കെതിരെയുള്ള യുദ്ധം, ധർമവിരുദ്ധമായ യുദ്ധം ഇസ്‌ലാം സംസ്കൃതിയിൽ വിലക്കപ്പെട്ടതാണ്. പക്ഷിമൃഗാദികളെപ്പോലും അന്യായമായി വകവരുത്തരുത്.

''ഭൂമിയിൽ നടക്കുന്ന ഏത് മൃഗത്തെയും വായുവിൽ പറക്കുന്ന ഏത് പറവയെയും നോക്കുവിൻ; അവയൊക്കെയും നിങ്ങളെപ്പോലുള്ള വർഗങ്ങൾതന്നെയാകുന്നു. നാം അവരുടെ വിധി പ്രമാണങ്ങളിൽ ഒരു വീഴ്ചയും വരുത്തിയിട്ടില്ല.'' (അൽഅൻആം: 38)

മുസൽമാന്റെ സാമൂഹിക ബാധ്യതകളനുസ്മരിപ്പിച്ചുകൊണ്ടുള്ള ഖുർആനിക സൂചനകൾ ശ്രദ്ധേയമാണ്:

''അങ്ങനെ നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളും പ്രവാചകൻ നിങ്ങൾക്ക് സാക്ഷിയും ആകത്തക്കവണ്ണം നിങ്ങളെ നാം ഉൽകൃഷ്ട സമുദായമാക്കിയിരിക്കുന്നു.'' (അൽബഖറ: 143)

ജാതി മത വർണവ്യത്യാസങ്ങൾ പരിഗണിക്കാതെ ഭൂമുഖത്തുള്ള എല്ലാ സമൂഹങ്ങളിൽനിന്നും മർദനത്തെ അകറ്റാനുള്ള ബാധ്യത മുസൽമാനുണ്ട്. ജനങ്ങളുടെ ക്ലേശങ്ങൾക്കും പോരായ്മകൾക്കും അതിക്രമങ്ങൾക്കും സാക്ഷ്യം വഹിച്ച് അവരെ നേർവഴിക്ക് കൊണ്ടുവരാൻ ചുമതലപ്പെട്ടവരാണ് മുസ്‌ലിംകൾ എന്ന് സത്യവേദമനുശാസിക്കുന്നു.

അനിവാര്യമായ സന്ദർഭങ്ങളിൽ, നീതീകരിക്കത്തക്ക സാഹചര്യങ്ങളിൽ അനുവദിക്കപ്പെട്ട യുദ്ധം തന്നെ സമുന്നത മാനവിക മൂല്യങ്ങളുടെ മാനദണ്ഡത്തിന് വിധേയമായി മാത്രമേ നടത്താനും പാടുള്ളൂ. എങ്ങനെയെങ്കിലും ജയിക്കുക എന്നതല്ല, ധർമച്യുതി വരാതെ ശ്രദ്ധിക്കുക എന്നതാണ് പോരാളിയിൽ ഇസ്‌ലാം സംസ്കൃതി നിഷ്കർഷിക്കുന്നത്. ധർമവിലംഘനത്തിലൂടെ ആയുധ വിജയം കൈവരിച്ചാൽ അത് യഥാർഥ ജയമായംഗീകരിക്കാൻ ഇസ്‌ലാം സംസ്കൃതിയനുവദിക്കുന്നില്ല.



ഈ ദൈവികമായ ദൗത്യം നിർവഹിക്കാൻ സത്യവിശ്വാസി തയ്യാറാകുന്നില്ലെങ്കിൽ ''ഭൂമിയിൽ ദിവ്യമായ ഐക്യം സ്ഥാപിക്കാൻ ആരുമുണ്ടാവില്ല'' എന്ന താക്കീത് ഗൗരവപൂർവം വിലയിരുത്തപ്പെടേണ്ടതാണ്. മറ്റാരും ആ ദൗത്യം നിർവഹിക്കാനുണ്ടാവില്ല എന്ന വാചികാർഥമല്ല, അത് മുസൽമാന്റെ അലംഘ്യമായ ധാർമിക ബാധ്യതയാണ് എന്ന സൂച്യാർഥമാണ് ആ താക്കീത് അഭിവ്യക്തമാക്കുന്നത്. ദൈവമാർഗത്തിലെ യുദ്ധം ജിഹാദാണ്. എല്ലാ യുദ്ധങ്ങളും ജിഹാദല്ല, ദൈവമാർഗത്തിലെ യുദ്ധം മാത്രം. മർദനം അവസാനിപ്പിക്കുന്നതിനുവേണ്ടിയും മനുഷ്യൻ മനുഷ്യനെ അടിമയാക്കിവെക്കാതിരിക്കുന്നതിന്നുവേണ്ടിയും യുദ്ധം ചെയ്യാൻ ഖുർആൻ അനുശാസിക്കുന്നുണ്ട്. ''ആർ ദൈവികസരണിയിൽ യുദ്ധം ചെയ്യുകയും അങ്ങനെ വധിക്കപ്പെടുകയോ വിജയിക്കുകയോ ചെയ്യുന്നുവോ അവർക്ക് നാം അതിമഹത്തായ പ്രതിഫലം നല്കുന്നതാകുന്നു. പീഡിതരും അടിച്ചമർത്തപ്പെട്ടവരുമായ സ്ത്രീപുരുഷൻമാർക്കും കുട്ടികൾക്കും വേണ്ടി നിങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യാതിരിക്കുന്നതിന് എന്തുണ്ട് ന്യായം?'' എന്ന് വേദഗ്രന്ഥം സഗൗരവം ചോദിക്കുന്നുണ്ട്.

''ദൈവമാർഗത്തിൽ സമരത്തിന് പുറപ്പെടുക വഴി പൊടിപുരണ്ട പാദങ്ങളെ ഒരിക്കലും നരകാഗ്നി സ്പർശിക്കുകയില്ല'' എന്നും ''ദൈവമാർഗത്തിൽ മുറിവേറ്റവരുടെ മുറിവ് അന്ത്യദിനത്തിൽ തെളിവായിരിക്കുമെന്നും അവയിൽനിന്നൊഴുകുന്ന രക്തത്തിന്റെ മണം കസ്തൂരിയുടേതായിരിക്കു'' മെന്നും ''ദൈവമാർഗത്തിൽ മരിക്കുന്നതോടെ എല്ലാ പാപവും പൊറുക്കപ്പെട്ടു'' മെന്നും ''അക്രമികളുടെ പടയെ നേരിടുമ്പോൾ പിൻതിരിഞ്ഞോടരുതെന്നും അങ്ങനെ ചെയ്യുന്നവർ അല്ലാഹുവിന്റെ കോപത്തിൽ പതിക്കുമെന്നും അവന്റെ അഭയസ്ഥാനം നരകമായിരിക്കുമെന്നും അനുസ്മരിപ്പിക്കുന്ന ഇസ്‌ലാം സംസ്കൃതി ദൈവമാർഗത്തിൽ സമർപ്പിക്കപ്പെടുന്ന യുദ്ധവൃത്തിയെ അനവദ്യമെന്നും അത്യുദാത്തമെന്നും വിശേഷിപ്പിക്കുന്നു. അങ്ങനെ നിർവഹിക്കപ്പെടുന്ന യുദ്ധങ്ങളെല്ലാം ജിഹാദാണ്-മനുഷ്യജീവന്റെ പവിത്രതയും സമൂഹത്തിന്റെ ധാർമികനിലയും ശാന്തിയും സംരക്ഷിക്കുന്നതിന്ന് അതിക്രമത്തിന്റെ ശക്തികളോട് പോരാടേണ്ടിവരും. ഈ പോരാട്ടങ്ങൾ ജിഹാദിന്റെ പ്രവിശാലതയിൽപെടുന്നു.

# സായുധ ജിഹാദിന്റെ സന്ദർഭം

ഇസ്‌ലാമിലെ യുദ്ധം ഒരു പുതിയ സ്ഥാപനമല്ല. പ്രകൃത്യവലംബിതമായ ഒരു സാർവലൗകിക നിയമത്തിന്റെ പുനഃസ്ഥാപനമാണത്. മനുഷ്യജീവന്റെ പവിത്രതയും സമൂഹത്തിന്റെ ധാർമികതയും ശാന്തിയും അതിക്രമിക്കപ്പെടാതിരിക്കാൻ അതിക്രമത്തിന്റെ ശക്തികളോട് പോരടിക്കേണ്ടി വരുന്നു; ഇതാണ് ഇസ്‌ലാമിലെ യുദ്ധം.

പ്രപഞ്ച ജീവിതത്തിനൊരു താളമുണ്ട്. സകലാധിനാഥനായ സ്രഷ്ടാവിന്റെ അഭിമതമാണത്. അതിന്റെ അന്യൂനമായ അനുവർത്തനം പ്രപഞ്ചജീവിതത്തിന്റെ സുസ്ഥിരതയ്ക്കനിവാര്യമാണ്. അതനുസരിക്കാനും അതിനെ സംരക്ഷിക്കാനും മനുഷ്യന് ബാധ്യതയുണ്ട്. രണ്ടും ദൈവമാർഗത്തിലുള്ള നിർവഹണമാണ്.അതിനോടുള്ള നിസ്സംഗതയും അതിന്റെ വിലംഘനവും ദൈവേതരപ്രവണതകളാണ്.

മർദിക്കപ്പെടുക
യുദ്ധം ചെയ്യപ്പെടുക
അന്യായമായി സ്വഗൃഹത്തിൽനിന്നോ
സ്വന്തം നാട്ടിൽനിന്നോ പുറംതള്ളപ്പെടുക
വിശ്വാസസ്വാതന്ത്ര്യവും
ആരാധനാസ്വാതന്ത്ര്യവും നിഷേധിക്കപ്പെടുക

ഈ സാഹചര്യങ്ങളിൽ സമാധാനശ്രമത്തിന്റെ സകല കവാടങ്ങളും അടയപ്പെട്ടു എന്നു വന്നാൽ അവിടെ യുദ്ധം അനിവാര്യമായിത്തീരുന്നു. ആ യുദ്ധം ദൈവമാർഗത്തിലെ പവിത്ര നിർവഹണമായി അല്ലാഹു അംഗീകരിക്കുന്നു. യുദ്ധമൊഴിവാക്കാനുള്ള സൂക്ഷ്മസുഷിരമെങ്കിലും അന്ത്യനിമിഷത്തിലായാൽ പോലും കണ്ടെത്തുകയാണെങ്കിൽ അത് പ്രയോജനപ്പെടുത്താൻ അതീവ ജാഗ്രത കാണിക്കണമെന്നാണ് അല്ലാഹുവിന്റെ അഭിമതം.

''ആർ ദൈവികസരണിയിൽ യുദ്ധം ചെയ്യുകയും അങ്ങനെ വധിക്കപ്പെടുകയോ വിജയിക്കുകയോ ചെയ്യുന്നുവോ അവന് നാം അതിമഹത്തായ പ്രതിഫലം നല്കുന്നതാകുന്നു. പീഡിതരും അടിച്ചമർത്തപ്പെട്ടവരുമായ സ്ത്രീ പുരുഷന്മാർക്കും കുട്ടികൾക്കും വേണ്ടി നിങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യാതിരിക്കുന്നതിന് എന്തുണ്ട് ന്യായം? ആ ജനമോ, പ്രാർഥിച്ചുകൊണ്ടിരിക്കുന്നു: 'നാഥാ മർദകരായ നിവാസികളുടെ ഈ പട്ടണത്തിൽനിന്ന് ഞങ്ങളെ നീ മോചിപ്പിക്കേണമേ. നിന്റെ പക്കൽനിന്ന് ഞങ്ങൾക്ക് ഒരു രക്ഷകനെ നിശ്ചയിച്ചു തരേണമേ. നീ ഞങ്ങൾക്ക് ഒരു സഹായിയെയും നിശ്ചയിച്ചുതരേണമേ.' വിശ്വാസത്തിന്റെ മാർഗം സ്വീകരിച്ചവർ അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യുന്നു. നിഷേധത്തിന്റെ മാർഗം കൈക്കൊണ്ടവരോ പിശാചിന്റെ മാർഗത്തിലും സമരം ചെയ്യുന്നു. അതിനാൽ നിങ്ങൾ സാത്താന്റെ കൂട്ടുകാരോട് സമരം ചെയ്യുവിൻ. അറിഞ്ഞിരിക്കുവിൻ, സാത്താന്റെ തന്ത്രം അതീവ ദുർബലമാകുന്നു.'' (അന്നാസിആത്ത്: 71-76)

ദൈവനാമത്തിന്റെ സർവാതിശായിത്വവും പരമോന്നതിയും സാക്ഷാൽക്കരിക്കുവാനും ദൈവഹിതത്തിന്റെ അപ്രമാദിത്വം ബോധ്യപ്പെടുത്തുവാനും നടത്തുന്ന സമരമേതും ദൈവമാർഗത്തിലുള്ള യുദ്ധമായിരിക്കും.

സങ്കുചിതവും ഭൗതികവുമായ സ്വാർഥസംപൂർത്തിക്കു വേണ്ടിയുള്ള ശ്രമമോ, സംഘടനകളുടേതോ സമുദായത്തിന്റേതോ രാഷ്ട്രത്തിന്റേതോ ആയ ശക്തിപ്രകടനമോ അല്ല ജിഹാദ്. മാനുഷ്യകത്തിന്റെ താൽപര്യം കീർത്തിച്ച് സാധിക്കേണ്ട, സാമൂഹികനീതിക്കും ക്ഷേമത്തിനും വേണ്ടി ഓരോ മുസൽമാനും ചെയ്യാൻ ഭരമേല്പിക്കപ്പെട്ട ദിവ്യദൗത്യമാണത്. അതാണ്, അതുമാത്രമാണ് അല്ലാഹുവിന്റെ മാർഗത്തിലുള്ള യുദ്ധം. സത്യശുദ്ധമായ വിശ്വാസവും വ്യക്തമായ ജീവിതക്രമവും ലോകത്ത് സംസ്ഥാപിക്കുവാനാണ് ജിഹാദ് ഉദ്ദേശിക്കുന്നത്.

''ദൈവമാണ് സത്യം. തീർച്ചയായും ഞാൻ ദൈവമാർഗത്തിൽ വധിക്കപ്പെടാനഭിലഷിക്കുന്നു. പിന്നെ ജീവിതത്തിലേക്ക് തിരിച്ചുവരാനും, വീണ്ടും വധിക്കപ്പെടാനും ഞാൻ ആഗ്രഹിക്കുന്നു. അങ്ങനെ ഓരോ സമയത്തും ഓരോ പുതിയ പ്രതിഫലം എനിക്ക് ലഭിക്കുമായിരുന്നു.''

''അല്ലാഹുവിന്റെ മാർഗത്തിൽ സമരത്തിന് പുറപ്പെടുന്നവരെ അല്ലാഹു സഹായിക്കും. വധിക്കപ്പെട്ടില്ലെങ്കിൽ അവൻ പ്രതിഫലവും സമരാർജിതസ്വത്തുമായി വീട്ടിൽ തിരിച്ചെത്തും. വധിക്കപ്പെടുകയാണെങ്കിൽ അവൻ സ്വർഗത്തിലേക്ക് ഉയർത്തപ്പെടും.''

''ദൈവമാർഗത്തിൽ മരിക്കുന്നതോടെ എല്ലാ പാപവും പൊറുക്കപ്പെടും. കടത്തിന്റെ പാപമൊഴികെ. ജിഹാദ് ആഗ്രഹിക്കാത്തവൻ വിശ്വാസിയല്ല'' തുടങ്ങിയ ഹദീസുകൾ ദൈവമാർഗത്തിലുള്ള യുദ്ധത്തിന്റെ പ്രാമുഖ്യം കീർത്തിക്കുന്നു.

''അക്രമത്തിന് വിധേയരായവർക്ക് യുദ്ധത്തിന് അനുവാദം നല്കിയിരിക്കുന്നു. കാരണം, അവരോട് അനീതി കാണിക്കപ്പെട്ടിരിക്കുന്നു. അവരെ സഹായിക്കാൻ അല്ലാഹു പ്രാപ്തനാണ്. അന്യായമായി സ്വന്തം ഭവനങ്ങളിൽനിന്ന് അവർ പുറത്താക്കപ്പെട്ടു, ഞങ്ങളുടെ നാഥൻ അല്ലാഹുവാണെന്ന് പറഞ്ഞതല്ലാതെ ഒരു കുറ്റവും അവർ ചെയ്തിട്ടില്ല.'' (അൽഹജ്ജ്: 39-40)

പാരത്രികനേട്ടം വാഗ്ദാനം ചെയ്ത് ഖുർആൻ സത്യവിശ്വാസികളെ ധർമയുദ്ധത്തിന് പ്രോത്സാഹിപ്പിച്ചുവെങ്കിൽ ലൗകിക സുഖങ്ങളിൽ മയങ്ങി ധർമസമരത്തെ അവഗണിക്കുന്നവരെ അത് നിരന്തരം താക്കീത് ചെയ്യുകയും പരലോക ജീവിതത്തെയപേക്ഷിച്ച് ലൗകിക ജീവിതം നിസ്സാരമാണെന്ന് ചൂണ്ടിക്കാണിക്കപ്പെടുകയും ചെയ്യുന്നു.

''വിശ്വസിച്ചവരേ, നിങ്ങൾക്ക് എന്തുപറ്റി? അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധത്തിന് പുറപ്പെടുവിൻ എന്ന് നിങ്ങളോട് പറയുമ്പോൾ ഭൂമിയിലേക്ക് നിങ്ങൾ അമർന്നുകളയുന്നു. പരലോകത്തിനുപകരം ലൗകിക ജീവിതത്തെ നിങ്ങൾ ഇഷ്ടപ്പെട്ടുവോ?

എന്നാൽ പരലോകത്തെ അപേക്ഷിച്ച് ലൗകിക ജീവിതത്തിലെ വിഭവങ്ങൾ കേവലം തുച്ഛമാണ്.'' (അത്തൗബ: 38)

ആയുധ ശക്തിയുണ്ട്, സമ്പദ്ശേഷിയുണ്ട്. ആൾബലമുണ്ട്, ദൈവികമായ നീതീകരണവുമുണ്ട്- എന്നാൽപ്പോലും യുദ്ധമാരംഭിക്കുന്നതിനു കൂടുതൽ നിബന്ധനകൾ ഖുർആൻ നിർദേശിക്കുന്നുണ്ട്:

''അവർ യുദ്ധസന്നദ്ധരാവാതെ മാറിനില്ക്കുകയും സന്ധി പ്രഖ്യാപിക്കുകയും ചെയ്താൽ അവർക്കെതിരിൽ വല്ലതും ചെയ്യാൻ നിങ്ങൾക്കവകാശമില്ല.'' (അന്നിസാഅ്: 90)

ലാഘവത്തോടെ കൈകാര്യം ചെയ്യപ്പെടേണ്ട ഒന്നാണ് യുദ്ധം എന്ന് ഇസ്‌ലാം കരുതുന്നില്ല. യുദ്ധം പോലുള്ള പ്രത്യക്ഷ നടപടികളൊഴിവാക്കാൻ സഹനത്തിന്റെ നെല്ലിപ്പടിയോളം ആണ്ടിമുങ്ങിയവരാണവർ. അവരുടെ ഗതകാല ചരിത്രപഥത്തിലൂടെ സഞ്ചരിച്ചാൽ ഒരിക്കലും മാപ്പർഹിക്കാത്ത കൊടുംക്രൂരതകളാണ് ഖുറൈശികൾ കാണിച്ചിരുന്നതെന്ന് മനസ്സിലാക്കാൻ കഴിയും.

''ജീവനുള്ള ശരീരത്തിൽനിന്ന് ഈർച്ചവാളുപയോഗിച്ച് പച്ചമാംസം ഊർന്നെടുത്തവരാണവർ. ഒരിക്കൽ ഒരു കുടുംബത്തെ ഒന്നടങ്കം പുകയിട്ട് കുമിച്ച് വിശ്വാസമാറ്റം ആവശ്യപ്പെട്ടവരാണവർ. സുജൂദിൽകിടന്ന് റബ്ബിനോട് പ്രാർഥിക്കുന്ന നേരത്ത് ഒട്ടകത്തിന്റെ കുടൽമാല വാരി പിടലിയിലിട്ട് പൊട്ടിച്ചിരിച്ചവരാണവർ. ഉപരോധമെന്ന പേര് പറഞ്ഞ് ഭീകരമായ ഒരു മലയോരത്ത് കൊണ്ടുപോയി പിശാചുക്കൾ പോലും ചെയ്യാനറക്കുന്ന ക്രൂരകൃത്യങ്ങൾ ചെയ്ത് സംതൃപ്തി കൊണ്ടവരാണവർ. എന്നാൽ, അവരിപ്പോൾ സമരരംഗത്തുനിന്ന് പിന്മാറുകയാണെങ്കിൽ നിങ്ങളവിടെ ക്ഷമാചിത്തരാവണ''മെന്നുപദേശിക്കുന്ന ഇസ്‌ലാം സംസ്കൃതി, അതിന്റെ നേർത്ത വിലംഘനം പോലും മതവിരുദ്ധ വൃത്തിയായി മാത്രമേ കാണുകയുള്ളൂവെന്ന് നിഷ്കർഷിക്കുന്ന ഇസ്‌ലാമിന്റെ സഹജമായ യുദ്ധവിരാഗിത ആസ്വദിക്കപ്പെടേണ്ടതാണ്.

പ്രവാചകന്റെ മാനസികാവസ്ഥ പോലും യുദ്ധപ്രവണമല്ല, പ്രത്യുത സൗമ്യവും സാത്വികവുമാണ്:

ഒരിക്കൽ അബൂജഹ്ൽ മുഹമ്മദ് നബിയെ ശകാരിച്ചു, അപമാനിച്ചു, കൈയേറ്റം ചെയ്തു. ആരെങ്കിലുമറിഞ്ഞ് അങ്കലാപ്പേതുമുണ്ടാവേണ്ടാ എന്ന് കരുതി നബി ഒന്നും സംഭവിക്കാത്ത മട്ടിൽ ഇടംവലമൊന്ന് നോക്കി തിരിഞ്ഞുനടന്നു. അപ്പോൾ ആ വഴി വരികയായിരുന്ന നബിയുടെ പിതൃവ്യൻ ഹംസ ഇതൊക്കെ കാണുന്നുണ്ടായിരുന്നു. ഹംസ ധൃതിയിൽ നടന്നെത്തുമ്പോഴേക്ക് ഇരുവരും രണ്ടുവഴിക്ക് നടന്നുനീങ്ങിക്കഴിഞ്ഞിരുന്നു. തന്റെ സഹോദരപുത്രനെ അപമാനിക്കുകയും അകാരണമായി മർദിക്കുകയും ചെയ്ത അബൂജഹ്‌ലിനോട് പകരംചോദിക്കാതിരിക്കുന്നത് അതിലേറെ മാനക്കേടാണെന്ന് കരുതിയ ഹംസ അബൂജഹ്‌ലിനെ തേടിനടന്നു; വഴിയിൽ തന്നെ കണ്ടുമുട്ടി. ചാടിച്ചെന്ന് ക്രോധാവേശത്തോടെ പൊതിരെ തല്ലി. തന്റെ പ്രതിക്രിയയിൽ മുഹമ്മദ് ഏറെ സന്തോഷിക്കുമെന്നായിരുന്നു ഹംസ കരുതിയത്. മറിച്ചായിരുന്നു അനുഭവം. നബി മനസ്സുറഞ്ഞു വേദനിച്ചു. പ്രതിക്രിയ പാടില്ലെന്നും ശത്രുവോടുപോലും പരമാവധി ദയാദാക്ഷിണ്യങ്ങൾ കാട്ടണമെന്നും അനുചരന്മാരോടുപദേശിക്കാറുള്ള നബിക്ക് അങ്ങനെ തോന്നിയതിൽ വിസ്മയമില്ല. മുഹമ്മദിന്റെ മാനസികാവസ്ഥ മനസ്സിലാക്കിയ ഹംസ ആത്മാർഥമായി ദുഃഖിച്ചു. അദ്ദേഹത്തിന്റെ മനസ്സിന്റെ ആഴങ്ങളിൽ പ്രവാചകൻ ഒരു തേജോബിംബമായി മാറുകയായിരുന്നു. (ഏറെ വൈകാതെ ഹംസ സത്യവേദം സ്വീകരിച്ചു.)



ഇതാണ് നബിയുടെ മനസ്സ്. ആ മനസ്സിൽ യുദ്ധവെറി വിളയുമെന്ന് കരുതുന്നത് മൗഢ്യമാണ്. വാളും കഠാരിയുമല്ല, സഹനവും സംയമനവുമാണ് സാധാരണ സാഹചര്യങ്ങളിൽ ഇസ്‌ലാം ഉപയോഗിച്ചുപോന്നത്.

മക്കയിൽനിന്ന് ആട്ടിയോടിക്കപ്പെട്ട അഭയാർഥികളായിരുന്നു മദീനയിലെ പകുതിയോളം വരുന്ന മുസ്‌ലിംകൾ. തങ്ങളുടെ പ്രിയപ്പെട്ട കഅ്ബ ഒന്നുകാണാൻ മനസ്സുനിറഞ്ഞ കൊതിയുണ്ടവർക്ക്. പക്ഷേ, അവർ നിസ്സഹായരായിരുന്നു. ഒരു ദിവസം പ്രവാചകനിൽനിന്ന് വെളിപാടുണ്ടായി: ''മക്കയിലേക്ക് ഉംറക്ക് പോകാൻ തയ്യാറാവുക'' എന്ന്.

അവർ പുറപ്പെട്ടു. ഹുദൈബിയയിലെത്തിയപ്പോൾ അവർ തടയപ്പെട്ടു. ഒരു നീതീകരണവുമില്ലാത്ത ധിക്കാരമായിരുന്നു അത്. പ്രത്യാക്രമണം നടത്താതെ, ചെറുത്തുനില്ക്കാതെ മുസ്‌ലിംകൾ സന്ധിഭാഷണത്തിന്നൊരുങ്ങി. തുടർന്ന് മദീനയിലേയ്ക്ക് മുസ്‌ലിംകൾ തിരിച്ചുപോവുക എന്നതുൾപ്പെടെയുള്ള ഒട്ടേറെ വ്യവസ്ഥകളുള്ള കരാറിൽ പ്രവാചകൻ ഒപ്പുവെച്ചു. അപ്പോൾ ഉമർ പ്രവാചകനോട് ഇങ്ങനെ ചോദിച്ചു:

''പ്രവാചകരേ, നാം സത്യത്തിന്റെ അനുയായികളല്ലേ? സത്യത്തിനും അതിന്റെ അനുയായികൾക്കും ഈ കരാർ വഴി നാം എന്തിനാണ് മാനക്കേട് വരുത്തുന്നത്? ഒരു സൈനികമുന്നേറ്റം വഴി മുസ്‌ലിംകളുടെ ആത്മാഭിമാനത്തിനു ക്ഷതമേല്ക്കാത്ത വിധം കാര്യങ്ങൾ കൈകാര്യം ചെയ്തുകൂടേ'' എന്ന്.

എന്നാൽ പ്രവാചകൻ സന്ധിവ്യവസ്ഥയിൽ ഉറച്ചുനില്ക്കുക തന്നെ ചെയ്തു. യുദ്ധമൊഴിവാക്കാനുള്ള മഹത്തായ സഹനമായിരുന്നു അത്. ഇസ്‌ലാം സംസ്കൃതിയുടെ നിർവഹണപഥത്തിൽ യുദ്ധം അനുവദിച്ചുകൊണ്ടുള്ള വെളിപാട് വന്നതിന് ശേഷമാണ് ഈ സംഭവമുണ്ടായതെന്നുകൂടി ഇവിടെയോർക്കണം.

മനുഷ്യസ്വാതന്ത്ര്യം, വ്യഷ്ടി-സമഷ്ടിയവകാശങ്ങൾ എന്നിവയുടെ സംരക്ഷണത്തിനും പ്രതിരോധത്തിനും വേണ്ടിയല്ലാതെ ഒരു യുദ്ധത്തിനും പ്രവാചകൻ നേതൃത്വമെടുത്തിട്ടില്ല. പ്രവാചകൻ നേരിട്ട് നടത്തിയ യുദ്ധങ്ങളായാലും സഹാബിമാരെയയച്ചു നടത്തിയ പോരാട്ടങ്ങളായാലും- എല്ലാം ഈ മാനദണ്ഡത്തിന് വിധേയമായിരുന്നു.

''ലോകത്ത് നിങ്ങളാണ് ഉത്തമന്മാർ, നിങ്ങൾ യഥാർഥ വിശ്വാസികളായിട്ടുണ്ടെങ്കിൽ'' എന്ന് ഖുർആൻ അറിയിക്കുകയുണ്ടായി. ഇത് അർഥഗർഭമായ ഒരു പ്രയോഗമാണ്. മഹിതാദർശങ്ങളാൽ മഹത്ത്വവൽക്കരിക്കപ്പെട്ടവരാണ് നിങ്ങൾ. നിങ്ങൾക്കാണ് യുദ്ധാനുമതി നല്കിയത്. ആ അപൂർവലബ്ധമായ അവകാശം നിങ്ങൾ ഒരു സാഹചര്യത്തിലും ദുരുപയോഗം ചെയ്യില്ല എന്ന ഉത്തമ വിശ്വാസത്തിലാണത്. ധർമസംരക്ഷണാർഥം നിങ്ങൾക്ക് ലഭിച്ച വരദാനമാണത്. ആദർശത്തിന്റെ അഗ്നിശ

ലാകകളാണ് നിങ്ങൾ. നിങ്ങൾക്കുമാത്രമേ ജിഹാദിന്റെ നിയത സ്വഭാവമുൾക്കൊള്ളുവാനും അതിന്റെ വിഭാവിതലക്ഷ്യം സാക്ഷാൽക്കരിക്കാനും കഴിയൂ- എന്നെല്ലാമുള്ള അർഥതലങ്ങളതിന്നുണ്ട്.

മക്കയിൽ മുസ്‌ലിംകൾ ഏറെ യാതനകളനുഭവിച്ചിട്ടുണ്ട്. എന്നിട്ടും ആയുധമെടുക്കാൻ നബി അനുയായികൾക്കനുമതി നല്കിയില്ല. മദീനയിൽ ഇസ്‌ലാമികഭരണം രൂപപ്പെട്ടതിന് ശേഷം മാത്രമാണ്-അതും ചില പ്രത്യേക സന്ദർഭങ്ങളിലേയ്ക്ക് മാത്രം-യുദ്ധാനുമതി നല്കിയത്; ഏറെയും വിശ്വാസ സ്വാതന്ത്ര്യം നിഹനിക്കപ്പെട്ടപ്പോൾ. എന്നാൽ യുദ്ധരംഗത്ത് വെച്ചുപോലും സത്യധർമാദികളെക്കുറിച്ച് പ്രബോധനം നടത്താൻ പ്രവാചകൻ സ്വഹാബികളോടാവശ്യപ്പെട്ടിരുന്നു.

സമൂഹത്തിന്റെ സാമാന്യമായ ക്ഷേമം സാക്ഷാൽക്കരിക്കാനാവുന്നില്ലെങ്കിൽ മറുപക്ഷത്തിനുനേരെ ആയുധമുയർത്തരുതെന്നും ആത്യന്തിക വിശകലനത്തിൽ മനുഷ്യസ്നേഹമായിരിക്കണം അതിന് നിയാമകമെന്നും ഇസ്‌ലാം നിഷ്കർഷിക്കുന്നു. ശസ്ത്രക്രിയക്ക് ഭിഷഗ്വരൻ കത്തിയുപയോഗിക്കുന്നത് അക്രമവികാരത്തോടെയല്ല, പവിത്രമായ സർഗാത്മക ഭാവത്തോടെയാണ്. ആയുധമുപയോഗിക്കാനാവശ്യപ്പെടുന്ന സന്ദർഭങ്ങളിൽ ഇസ്‌ലാംസംസ്കൃതിയുടെ ആത്മനൊമ്പരവും വ്യത്യസ്തമല്ല. ആസുരമായ കർമങ്ങളരങ്ങേറുകയും ദൈവികനിയമങ്ങൾ വെല്ലുവിളിക്കപ്പെടുകയും സമൂഹത്തിന്റെ സാമഞ്ജസ്യവും സുസ്വരതയും നഷ്ടപ്പെടുകയും ചെയ്യുന്നത് നിഷ്ക്രിയമായി, നിർവികാരമായി നോക്കിനില്ക്കുന്നത് ഷണ്ഡത്വമാണെന്ന് ഇസ്‌ലാം ദർശനം പ്രബോധിപ്പിക്കുന്നു. സ്രഷ്ടാവോടും സമസ്രഷ്ടങ്ങളോടും തനിക്കുള്ള ബാധ്യത അഭംഗം നിർവഹിക്കാൻ ഒരു മുസൽമാൻ തയ്യാറാവണം. 'താനൊറ്റയിൽ ബ്രഹ്മപദം കൊതിക്കുന്ന തപോനിധി'യല്ല സത്യവേദ വിശ്വാസി. സമസൃഷ്ടി സ്നേഹവും അതിലൂടെ സാക്ഷാൽക്കരിക്കപ്പെടുന്ന വിശ്വസാഹോദര്യവും സത്യവേദ വിശ്വാസിയുടെ സമുജ്ജ്വലവിഭാവനകളാണ്. അകലെ കഴിയുന്നവനായാൽ പോലും, തന്റെ സമൂഹത്തിലെ ഒരു നിരപരാധിയുടെ കൈയിൽ ചങ്ങല വീഴുമ്പോൾ അത് തനിക്കുണ്ടായ കൈക്കുരുക്കാണെന്നറിയുവാനും ഒരു നിരപരാധിയുടെ പുറത്ത് മർദനമേല്ക്കുമ്പോൾ അതിന്റെ നോവ് തന്റെ പുറത്തനുഭവപ്പെടുന്നതുപോലെ തോന്നുവാനും ഒരു സത്യവിശ്വാസിക്ക് കഴിയണം.

ഇസ്‌ലാം അനുവദിച്ച യുദ്ധത്തിന്റെ സവിശേഷ പ്രകൃതം മനസ്സിലാക്കുവാൻ, പ്രവാചകനരുളിയ യുദ്ധനിർദേശങ്ങൾ ശ്രദ്ധിച്ചാൽ മതി:

''കുട്ടികളെയും സ്ത്രീകളെയും കൊല്ലരുത്. ശത്രുക്കളുടേതായ ഒന്നും മോഷ്ടിക്കരുത്. അവരെ കൊള്ളയടിക്കരുത്. നല്ലത് ചെയ്യുക; നല്ലത് ചെയ്യുന്നവരെ അല്ലാഹു സ്നേഹിക്കുന്നു.'' (അബൂദാവൂദ്)

ഒരിക്കൽ യുദ്ധത്തിൽ കൊല്ലപ്പെട്ട ഒരു സ്ത്രീയുടെ മൃതശരീരം കണ്ടപ്പോൾ ധർമരുഷ്ടനും നിരുദ്ധകണ്ഠനുമായ പ്രവാചകൻ, യുദ്ധത്തിൽ സ്ത്രീകളെയും കുട്ടികളെയും കൊല്ലരുതെന്ന് കർക്കശമായി താക്കീത് ചെയ്യുകയുണ്ടായെന്ന് ഖലീഫാ ഉമർ അനുസ്മരിച്ചിട്ടുണ്ട്.

ഒരിക്കൽ പ്രവാചകൻ യുദ്ധഭൂമിക്ക് സമീപം നില്ക്കുകയായിരുന്നു. കുറച്ചകലേ



ഒരിടത്ത് കുറേപേർ വട്ടം കൂടിനില്ക്കുന്നതുകണ്ടു. അതെന്തെന്നറിയാൻ പ്രവാചകൻ ഒരാളെ അയച്ചു. കൊല്ലപ്പെട്ട ഒരു സ്ത്രീയുടെ ജഡം അവിടെ കിടക്കുകയാണെന്നറിഞ്ഞപ്പോൾ പ്രവാചകൻ ചോദിച്ചു:

''സ്ത്രീകൾ യുദ്ധത്തിൽ പങ്കെടുത്തില്ല. പിന്നെയെങ്ങനെ അവൾ യുദ്ധത്തിൽ കൊല്ലപ്പെട്ടവളായി?''

ഖാലിദാണ് സൈന്യാധിപനെന്നറിഞ്ഞപ്പോൾ പ്രവാചകൻ അദ്ദേഹത്തെ ആളയച്ചു വരുത്തി. സത്യം മനസ്സിലായപ്പോൾ പ്രവാചകൻ അദ്ദേഹത്തെ രൂക്ഷമായി ശകാരിച്ചു; ഒരിക്കലും ഇതാവർത്തിക്കരുതെന്ന് ആജ്ഞാപിച്ചു.

ശത്രുക്കളെ ചുട്ടുകൊല്ലുന്ന കിരാതമായ സമ്പ്രദായം അന്നു നിലവിലുണ്ടായിരുന്നു. പ്രവാചകൻ അത് നിരോധിക്കുകയും അതിന്നെതിരെ ശക്തമായ താക്കീത് നല്കുകയുമുണ്ടായി.

ഒരിക്കൽ, നാലു യുദ്ധത്തടവുകാരെ ബന്ധനസ്ഥരാക്കി ക്രൂരമായി ശ്വാസം മുട്ടിച്ചു കൊന്ന സംഭവം പ്രവാചകന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ, ഒരു കോഴിക്കുഞ്ഞായാൽപോലും താനത് സഹിക്കുകയില്ലെന്ന് വികാരവിക്ഷുബ്ധനായിപ്പറഞ്ഞ തിരുമേനിയെ മറ്റൊരു വ്യാഖ്യാനത്തിന് വിധേയനാക്കരുത്.

പ്രവാചകന്റെ ഹൃദയം സൂക്ഷിപ്പുകാരനായിരുന്ന ഹസ്രത്ത് അബൂബക്ർ തന്റെ പടയാളികൾക്ക് നല്കിയ കർശനമായ നിർദേശം ചരിത്രത്തിലെ സുപ്രധാനമായ വരമൊഴികളിലൊന്നാണ്:

''ചതിപ്പോര് നടത്തരുത്. പിഴച്ച് നീങ്ങരുത്. കുട്ടികളെയോ സ്ത്രീകളെയോ വയോധികരെയോ അംഗഭംഗം വരുത്തുകയോ കൊല്ലുകയോ അരുത്. ഈന്തപ്പനമരമോ ഫലം തരുന്ന മറ്റു വൃക്ഷങ്ങളോ വെട്ടി നശിപ്പിക്കരുത്, അഗ്നിക്കിരയാക്കരുത്. ഒട്ടകങ്ങളെയോ മറ്റ് പക്ഷിമൃഗാദികളെയോ കൊന്നുകളയരുത്.''

മുസ്‌ലിംസേന ശത്രുക്കളെയോ അവരെ അനുകൂലിക്കുന്നവരെയോ കൊള്ളയടിക്കുകയോ സന്ധികൾ ലംഘിക്കുകയോ ജനങ്ങളെ അംഗഭംഗം വരുത്തുകയോ ചെയ്യരുതെന്ന് പ്രവാചകൻ കർശനമായി വിലക്കിയിരുന്നു. സ്ത്രീകൾ, അന്ധർ, കുട്ടികൾ, വൃദ്ധജനങ്ങൾ, ശയ്യാവലംബികളായ രോഗികൾ മുതലായവരെ വധിക്കാവുന്നതല്ല. അംഗഹീനർക്കും ഈ വിധി ബാധകമാണ്. യുദ്ധരംഗത്ത് ഒറ്റപ്പെട്ടുപോയ ശത്രുസൈനികനെയും കൊല്ലരുത്, അവരെല്ലാം അവിശ്വാസികളായിരുന്നാലും.

മുസ്‌ലിംകൾ ഒരു രാജ്യത്തോട് യുദ്ധം ചെയ്യാനുറച്ചാൽ അപ്രതീക്ഷിതമായിച്ചെന്നാക്രമിക്കുന്ന അമാന്യതയോട് ഇസ്‌ലാം സംസ്കൃതിക്ക് യോജിപ്പില്ല. ആദ്യം സാഹചര്യത്തിന്റെ ഗൗരവം ബോധ്യപ്പെടുത്തും. പിന്നെ ഉപരോധമായി. മാനസാന്തരപ്പെടാൻ പിന്നെയും സമയമനുവദിക്കും. പ്രവാചകൻ നായകത്വമെടുത്ത സകല യുദ്ധത്തിന്റെയും നടപടിക്രമം അതായിരുന്നു. അലക്ഷ്യമായി, അതിലാഘവത്തോടെ എടുത്തുപെരുമാറാവുന്ന ഒന്നല്ല സായുധ ജിഹാദ്. സത്യവേദത്തെക്കുറിച്ചറിയാത്ത സമൂഹത്തോട് സായുധ ജിഹാദ് നടത്താൻ പാടില്ല. അതുകൊണ്ടാണ് മുഹമ്മദ് നബി 13 വർഷക്കാലം മക്കയിൽ ദുരിതങ്ങളേറെയനുഭവിച്ചിട്ടും സായുധ ജിഹാദിൽനിന്ന് പൂർണമായും വിട്ടുനിന്നത്.

ഇസ്‌ലാമിന്റെ ദർശനത്തിൽ യുദ്ധമെന്നത് ഹിംസാത്മകമായ ആക്രമണത്തിന്റെ ഒരു പ്രകടനമല്ല. വികാര-വിചാര-വൃത്തികളിലനുഭവപ്പെടുന്ന നീചവും ദുഷ്ടവും ഹീനവുമായ എന്തിനോടുമുള്ള ചെറുത്തുനില്പാണത്. വാളുയർത്തുക എന്നത് ജിഹാദിന്റെ വൈവിധ്യമാർന്ന കർമതലങ്ങളിലൊന്നുമാത്രം. മുസ്‌ലിം നിയമങ്ങളിൽ അതറിയപ്പെടുന്നത് ദിവ്യസമരം എന്നപേരിലും.

''ഒരു ദിവസമെങ്കിലും ഇസ്‌ലാമിന്റെ അതിർത്തി സംരക്ഷിക്കുക എന്നത് മുഴുലോകത്തെക്കാളും അതിലെ സകലമാന വിഭവങ്ങളെക്കാളും ഉത്തമമത്രേ.''

''ദൈവമാർഗത്തിൽ സമരത്തിന് പുറപ്പെടുകവഴി പൊടിപുരണ്ട പാദങ്ങളെ ഒരിക്കലും നരകാഗ്നി സ്പർശിക്കുകയില്ല.''

''മുജാഹിദുകൾക്ക് പരോക്ഷമായെങ്കിലും സഹായസഹകരണങ്ങൾ നല്കുന്നവരും ജിഹാദിൽ പങ്കാളികളാണ്.''

വ്യക്തികൾക്കോ സംഘടനകൾക്കോ സ്വേച്ഛാനുസാരം എടുത്തുപയോഗിക്കാവുന്ന ഒന്നല്ല സായുധ ജിഹാദ്. അങ്ങനെയാണെങ്കിൽ അത് നിരന്തരമായ ലഹളയ്ക്കും അവസാനിക്കാത്ത ആഭ്യന്തര കലാപങ്ങൾക്കും അതുവഴി അരാജകത്വത്തിനും കാരണമായി ഭവിക്കും. ഇവയൊന്നും ഇസ്‌ലാമിക സംസ്കൃതിയുടെ വിഭാവനകളല്ല. അതിനാൽ സായുധ ജിഹാദ് പ്രഖ്യാപിക്കേണ്ടത് ഇസ്‌ലാമിക ഭരണാധികാരികളാണെന്ന് കർമശാസ്ത്ര ഗ്രന്ഥങ്ങൾ പ്രബോധിപ്പിക്കുന്നു. ലക്ഷണമൊത്ത, ഭദ്രമായ ഒരു ഇസ്‌ലാമിക ആസ്ഥാനം- രാഷ്ട്രം-നിലവിൽ വരണം. ആ രാഷ്ട്രത്തലവന് മാത്രമേ സായുധ ജിഹാദ് പ്രഖ്യാപിക്കാനധികാരമുള്ളൂ. സായുധ ജിഹാദിനുള്ള നിബന്ധനകളിൽ വിധികർത്താവ് (ഹാക്കിം) ഉണ്ടായിരിക്കണമെന്ന് നിർബന്ധമുണ്ട്. രാഷ്ട്രത്തലവന്റെ കല്പനക്കനുസരണമായി ശത്രുപക്ഷത്തെ പ്രതിരോധിക്കാനും ആവശ്യമെങ്കിൽ പ്രത്യാക്രമണത്തിനും മുസൽമാൻ അനുവദിക്കപ്പെട്ടവനാണ്. പക്ഷേ, അവിരാമമായി നിഷ്കർഷിക്കപ്പെടേണ്ട ഒന്ന് എല്ലാം ദൈവമാർഗത്തിലായിരിക്കണം എന്നതത്രേ.

# വലിയ ജിഹാദ് ദേഹേച്ഛകൾക്കെതിരെ

**അ**റിവിന്റെ അഭാവമാണ് അനർഥങ്ങൾക്കെല്ലാം അവലംബം. നമ്മുടെ ചിദാകാശത്തിലും സമൂഹത്തിലും അനുക്ഷണ വികസ്വരമായിക്കൊണ്ടിരിക്കുന്ന പ്രതിഭാസങ്ങളെക്കുറിച്ച് അല്പമേ നമുക്കറിയൂ. അതുകൊണ്ട് കാതലറിയാൻ, സൂക്ഷ്മ സത്യം ഗ്രഹിക്കാൻ നമുക്ക് കഴിയുന്നില്ല. ഈശ്വരാസ്തിത്വത്തിന്റെ അനന്ത ദൃഷ്ടാന്തങ്ങൾ ബോധ്യപ്പെടുവാനും അല്ലാഹുവിന്റെ തിരുസന്നിധി പ്രാപിക്കാനും നമുക്ക് കഴിയാതെ പോകുന്നു. ഇരുട്ടിന്റെ മാറാലകൾ തൂത്തുമാറ്റുന്നത് ഈശ്വരവൃത്തിയായി പ്പരിണമിക്കുന്നതവിടെയാണ്. അല്ലാഹു തന്നെയേല്പിച്ച ദൗത്യം പോലെ അറിവുള്ളവൻ അതില്ലാതെ കഴിയുന്നവന്റെ മുന്നിൽ അറിവുകൊണ്ടുള്ള ജിഹാദ് നിർവഹിക്കാൻ ബാധ്യസ്ഥനാണ്. അതും ഒരു ധർമസമരം തന്നെ. അജ്ഞാന തിമിരം കാരണം ആന്ധ്യം ബാധിച്ചവന്റെ കണ്ണുകളിൽ ജ്ഞാനാഞ്ജന ശലാക കൊണ്ട് ഉന്മീലന വൃത്തി നിർവഹിക്കുന്നത് ജിഹാദാണ്; അന്ധതക്കെതിരെയുള്ള പ്രകാശത്തിന്റെ ഉദാത്തമായ പോരാട്ടം.



ഈ പോരാട്ടം സമാരംഭിക്കേണ്ടത് തന്നിൽത്തന്നെയുള്ള കുരുക്ഷേത്രത്തിൽവെച്ചാണ്. അറിവ് വാരിയെറിഞ്ഞാൽ അവ ചെന്ന് അജ്ഞതയുടെ കോട്ടകൊത്തളങ്ങളിൽ വിസ്മയകരമായ സ്ഫോടനങ്ങളുണ്ടാക്കുമെന്ന് ധരിക്കരുത്. അറിവ് സമ്പാദിക്കുകയും അവയെ മനനവൃത്തിയിലൂടെ സ്വാംശീകരിക്കുകയും അതിലൂടെ കൈവരുന്ന ദിവ്യാനുഭൂതിയെ ജീവിതത്തിലാവിഷ്കരിക്കുകയും ചെയ്യാൻ കഴിഞ്ഞവർക്കേ സമൂഹത്തിലെ അന്ധകാരത്തിനെതിരെ അറിവിന്റെ വരായുധമുപയോഗിച്ച് പൊരുതാൻ കഴിയൂ. ജിഹാദിന്റെ സർവോൽകൃഷ്ടമായ കർമപ്രകൃതമതാണ്; ഖുർആൻ നമ്മെയത് പ്രബോധിപ്പിക്കുന്നു.

''വിജ്ഞാനംകൊണ്ടും നല്ലതായ തത്ത്വോപദേശംകൊണ്ടും നീ ജനങ്ങളെ നിന്റെ രക്ഷിതാവിന്റെ മാർഗത്തിലേയ്ക്ക് ക്ഷണിക്കുക. ഏറ്റവും നല്ല ഉപാധികൾ മൂലം അവരോട് വാദപ്രതിവാദം നടത്തുകയും ചെയ്യുക.''(വി. ഖു. 16: 125)

ഇന്ദ്രിയങ്ങൾക്കടിപ്പെട്ട് ക്ഷണികമായ സുഖാസ്വാദനത്തിനായി ജീവിതത്തിന്റെ വിഭാവിത ലക്ഷ്യങ്ങളെപ്പോലും വിസ്മരിച്ചുകഴിയുന്നവരാണേറെ. ദേഹേച്ഛകൾക്കടിപ്പെട്ടു കഴിയുന്നവരെ, ഇന്ദ്രിയങ്ങളുടെ ചങ്ങലക്കെട്ടുകളിൽനിന്ന് മോചിപ്പിക്കുകയെന്നത് ക്ഷിപ്രസാധ്യമല്ല. അത് സാധിക്കുക എന്നതാണ് ജീവിതത്തിലെ ഏറ്റവും വലിയ വിജയമെന്ന് കീർത്തിച്ച ദാർശനികന്മാരുണ്ട്.

ദേഹേച്ഛകൾക്കും ധനമോഹങ്ങൾക്കുമെതിരെ ജിഹാദ് വിരൽചൂണ്ടുന്നു. ദേഹേച്ഛകളെ കീഴ്പ്പെടുത്തുക എന്നതാണ് വലിയ ജിഹാദാ (ജിഹാദുൽ അക്ബർ)യി പ്രവാചകൻ കീർത്തിക്കുന്നത്.

വാശിയേറിയ ഒരു മത്സരരംഗമാണിന്ന് ജീവിതം. ഈ മത്സരവേദിയിൽ സ്വന്തം താൽപര്യങ്ങൾ സംരക്ഷിക്കുവാൻ എന്തുംചെയ്യാൻ മനുഷ്യനിന്ന് സന്നദ്ധനാണ്. സുഖാസ്വാദന കുതുകിയായ മനുഷ്യൻ, ഇന്ദ്രിയങ്ങൾ തുറന്നുകാട്ടുന്ന ഭൗതികതയുടെ മായികലോകത്തിലേക്ക് മത്തുപിടിച്ചോടുന്നു. ദേഹേച്ഛകൾ പുളച്ചുചാടുന്നതവിടെയാണ്. മനുഷ്യന്റെ വരിഷ്ഠമായ വ്യക്തിസിദ്ധികളാകെ ക്ഷണികവും സങ്കുചിതവുമായ ചിലതിനുവേണ്ടി അവിടെ ഹോമിക്കപ്പെടുന്നു. മനസ്സിന്റെ സമനില പോലും അവിടെ കീഴ്മേൽ മറിയുന്നു. ''അല്ലാഹുവിന്റെ വഴിയിൽനിന്ന് മനുഷ്യനെ തെറ്റിച്ചുകളയുന്നത് ദേഹേച്ഛയാണ്.'' ''അല്ലാഹുവിൽനിന്നുള്ള ഒരു മാർഗദർശനവുമില്ലാതെ തന്നിഷ്ടങ്ങളെ പിൻതുടരുന്നവനെക്കാൾ വഴിതെറ്റിയവൻ ആരുണ്ട്'' എന്ന് ഖുർആൻ ചോദിക്കുമ്പോൾ, ദേഹേച്ഛകൾ വരുത്തുന്ന വിപൽക്കരമായ അനുഭവങ്ങളെക്കുറിച്ച് നമുക്ക് തെളിഞ്ഞ ചിത്രം ലഭിക്കുന്നു.

മനസ്സിന്റെ ദൗർബല്യവും അറിവിന്റെ അഭാവവുംകൊണ്ടാണ് ഒരാൾ ദേഹേച്ഛക്ക് വഴിപ്പെടുന്നത്. ദേഹേച്ഛ ബുദ്ധിയെ കീഴ്പ്പെടുത്തുന്നു. ചിന്താശക്തി അവിടെ മരവിക്കുന്നു. ഒരേ ബിന്ദുവിൽ അവന്റെ ബുദ്ധി തളയ്ക്കപ്പെട്ടതുപോലെ നില്ക്കുന്നു. ഒരു വസ്തുവോടുള്ള ഭ്രമം അവനിൽ അതിനോട് അദമ്യമായ ആഭിമുഖ്യം വളർത്തും. അപ്പോൾ ആ വഴിക്ക് മാത്രമാവും അവന്റെ ചിന്ത. ദേഹേച്ഛ മനുഷ്യനെ അജ്ഞനാക്കി വഴിതെറ്റിക്കുമെന്ന് ഖുർആൻ പറയുന്നത് അതുകൊണ്ടാണ്:

''അധികമാളുകളും ഒരറിവുമില്ലാതെ തങ്ങളുടെ തന്നിഷ്ടങ്ങളനുസരിച്ച് ജനങ്ങളെ വഴിപിഴപ്പിക്കുന്നു.'' (അൽ അൻആം: 119)

ദേഹേച്ഛകളുടെ ദുഃസ്വാധീനത്തിൽനിന്ന് വിമോചിതനാവാനുള്ള മാർഗം ഖുർആൻ ഇങ്ങനെ നിർദേശിക്കുന്നു:

''ഏതൊരാൾ തന്റെ നാഥന്റെ സന്നിധാനത്തെ ഭയപ്പെടുകയും തന്നിഷ്ടത്തിൽനിന്ന് ശരീരത്തെ വിലക്കുകയും ചെയ്തുവോ അവന്റെ സങ്കേതം സ്വർഗം തന്നെയാണ്.'' (അന്നാസിആത്ത്: 47)

ആത്മസമരത്തിന് തയ്യാറാകുന്ന സത്യവിശ്വാസിയുടെ ശ്രദ്ധയ്ക്ക് വിധേയമാകേണ്ട വൈയക്തിക ദുഃസ്വഭാവങ്ങളിലൊന്നാണ് അഹംഭാവം. പരസ്പരസ്നേഹത്തെ നശിപ്പിച്ച് തൽസ്ഥാനത്ത് ശത്രുതയും അന്തശ്ഛിദ്രവും വളർത്താൻ പ്രേരിപ്പിക്കുന്ന ഒരു മഹാശാപമാണത്. അഹംഭാവി സ്വന്തം കുറ്റങ്ങളുടെയും കുറവുകളുടെയും നേരെ കണ്ണടച്ച് സമ്പൂർണത ചമയും. പ്രശംസയും സ്തുതിവചനങ്ങളുമല്ലാതെ സദുപദേശങ്ങളൊന്നും അവന്റെ കാതുകളിൽ പതിയില്ല. തന്നിമിത്തം വിദ്വാന്മാരുടെ ജ്ഞാനവും മഹാന്മാരുടെ മാതൃകയും പ്രയോജനപ്പെടുത്താതെ അവൻ അജ്ഞതയുടെയും ദുർമാർഗത്തിന്റെയും ശാപഭൂമിയിലേക്ക് പാഞ്ഞടുക്കുന്നു.

''ഭൂമിയിൽ അന്യായമായി അഹങ്കരിക്കുന്നവരെ എന്റെ ദൃഷ്ടാന്തങ്ങളിൽ നിന്ന് ഞാൻ തെറ്റിച്ചുകളയും. അവർ ഏത് ദൃഷ്ടാന്തം കണ്ടാലും വിശ്വസിക്കുകയില്ല. നേർമാർഗം കണ്ടാൽ അതിനെ വഴിയായി അവർ സ്വീകരിക്കുകയില്ല. പിഴച്ച മാർഗം കണ്ടാൽ അതിനെ വഴിയായി സ്വീകരിക്കുകയും ചെയ്യും.'' (അൽ അഅ്റാഫ്: 146)

അഹങ്കാരത്തിന്റെ അർഥശൂന്യതയെക്കുറിച്ച് സത്യവേദം വിശദീകരിക്കുന്നുണ്ട്. സൗന്ദര്യം, കായബലം, സമ്പത്ത്, പ്രതാപം തുടങ്ങിയ സൗഭാഗ്യപ്രതിഭാസങ്ങളെല്ലാം ക്ഷണികവും നശ്വരവുമാണെന്ന സത്യം നാം ഓർക്കുമെങ്കിൽ അഹങ്കാരത്തിന്റെ നിരർഥകത നമുക്ക് ബോധ്യമാകും.

''അഹന്തയോടെ ഭൂമിയിൽ നീ നടക്കരുത്. നീ ഒരിക്കലും ഭൂമിയെ പിളർക്കുകയില്ല. നീളത്തിൽ മലയോളമെത്തുകയുമില്ല.'' (അൽ ഇസ്റാഅ്: 37)

''പത്തു കിട്ടുകിൽ നൂറുമതിയെന്നും
ശതമാകിൽ സഹസ്രം മതിയെന്നും
ആയിരം പണം കയ്യിലുണ്ടാകുമ്പോൾ
അയുതമാകിലാശ്ചര്യ''-മെന്നും

കരുതി ആശാപാശത്തിൽനിന്ന് പിടിവിടാതെ പൊങ്ങാൻ ശ്രമിക്കുന്ന മനുഷ്യൻ എത്ര നിസ്സാരൻ എന്ന് അനുതപിക്കാത്ത വിചാരമതികളില്ല.

''ഒന്നിന്നുമില്ലനില, ഉന്നതമായ കുന്നു-
മെന്നല്ല അഴിയുമൊരിക്കൽ നശിക്കും.''

എന്ന പ്രപഞ്ചരഹസ്യം വിളിച്ചറിയിക്കാത്ത പ്രതിഭാശാലികളുമില്ല.

''ജിഹാദ് ഒരു മഹായത്നമാണ്, ദൈവമാർഗത്തിലുള്ള മഹായത്നം. യുദ്ധം എന്നതിനെക്കാൾ മഹത്തമവും വ്യാപകവുമായ ഒരർഥതലമതിനുണ്ട്. സങ്കുചിതമായ സ്വാർഥചിന്തക്കും അഹംബോധത്തിനുമെതിരെ പൊരുതുന്ന ധർമഭടനാണ് മുജാഹിദ്.'' (ഇബ്നുൽ ഖയ്യിം)

''ദൈവത്തിന്റെ ശത്രുക്കൾക്കെതിരെയുള്ള പോരാട്ടം ജിഹാദിന്റെ ചെറിയ ഒരു ഭാഗമേ ആകുന്നുള്ളൂ. തനിക്കെതിരെ താൻ നടത്തുന്ന ആത്മസമരമാണ് ജിഹാദിന്റെ പ്രോജ്ജ്വല പ്രകൃതം. നമ്മുടെ മനസ്സിനെ അടിപ്പെടുത്തി വാഴുന്ന ദൗഷ്ട്യവിചാരങ്ങൾക്കെതിരെയുള്ള ആത്മീയ സമരമാണത്. സമൂഹത്തിൽ നടമാടിക്കഴിയുന്ന അധർമ കർമങ്ങൾക്കെതിരെ ദൈവമാർഗത്തിൽ ഫലപ്രദമായ പോരാട്ടം നടത്തുന്നതിന് നമ്മെ പ്രാപ്തരാക്കുവാൻ അതനിവാര്യമാണ്.'' (ഇബ്നുൽഖയ്യിം)

ആത്മസമരമെന്ന അഗ്നിപരീക്ഷയിലൂടെ തെളിഞ്ഞുയർന്നുവരുന്ന മനുഷ്യൻ തന്റെ സമൂഹത്തിലദർശിക്കപ്പെടുന്ന തിന്മകൾക്കെതിരെ തന്റെ മനസ്സും വപുസ്സും എങ്ങനെ പ്രയോഗിക്കണമെന്ന കാര്യത്തിൽപ്പോലും ഖുർആൻ നിഷ്കർഷ പാലിക്കുന്നുണ്ട്:

''പ്രാവചകരേ, യുക്തിപൂർവം ശ്രേഷ്ഠമായ സദുപദേശത്തോടുകൂടി താങ്കളുടെ നാഥന്റെ സന്നിധിയിലേക്ക് പ്രബോധനം ചെയ്യുക. ഉൽകൃഷ്ടമായ രീതിയിൽ ജനങ്ങളോട് സംവാദം ചെയ്യുക. തന്റെ മാർഗത്തിൽനിന്ന് വ്യതിചലിച്ചവരാരെന്നും സന്മാർഗചാരികളാരെന്നും കൂടുതൽ നന്നായറിയുന്നവൻ താങ്കളുടെ നാഥൻ തന്നെയാകുന്നു. നിങ്ങൾ പ്രതികാരം ചെയ്യുകയാണെങ്കിൽ നിങ്ങൾ അക്രമിക്കപ്പെട്ടത് ഏതളവിലാണോ അത്രമാത്രം ചെയ്തുകൊള്ളുക. എന്നാൽ നിങ്ങൾ ക്ഷമിക്കുകയാണെങ്കിൽ, ക്ഷമിക്കുന്നവനെ സംബന്ധിച്ചേടത്തോളം അതുതന്നെയാണ് ശ്രേഷ്ഠം. പ്രവാചകരേ, ക്ഷമയോടെ പ്രവർത്തിച്ചുകൊള്ളുക. താങ്കളുടെ ക്ഷമാശീലം അല്ലാഹുവിന്റെ ഉതവിയിൽ മാത്രമാകുന്നു. അവരുടെ ചലനങ്ങളെച്ചൊല്ലി വ്യഥിതരാവാതിരിക്കുക. അവരുടെ കുതന്ത്രങ്ങളോർത്ത് മനഃക്ലേശവും വേണ്ടാ. നിശ്ചയം ഭക്തി കൈക്കൊള്ളുകയും സുകൃതങ്ങളാചരിക്കുകയും ചെയ്യുന്നവരാരോ അവരുടെ കൂടെയാകുന്നു അല്ലാഹു.'' (അന്നഹ്ൽ: 125-128)

ഇന്ദ്രിയവിധേയത്വംകൊണ്ട്, ആത്മപൗരുഷം കെട്ട് അടിമയായിക്കഴിഞ്ഞ ഒരാളിൽ, അഹങ്കാരവും അതിമോഹവും വിളഞ്ഞുനില്ക്കുന്ന മനസ്സിൽ സ്വത്വബോധം പ്രകാശിക്കാൻ പ്രയാസമുണ്ട്. സ്വത്വബോധത്തിന്റെ പ്രകാശപഥത്തിലൂടെ മാത്രമേ സത്യവേദമുദ്ഘോഷിക്കുന്ന ജീവിതപൂർണതയിലേക്ക്-അല്ലാഹുവിന്റെ തിരുസന്നിധിയിലേക്ക്- ചെന്നെത്താൻ കഴിയൂ.

തിന്നുക, കുടിക്കുക, കാമപൂർത്തി സാധിക്കുക തുടങ്ങിയ ദേഹേച്ഛകൾ ധർമ

രീത്യാ നിഷിദ്ധമാണെന്നോ അവയെ നിരോധിച്ചു നിർത്തണമെന്നോ ഇസ്‌ലാം സംസ്കൃതി കരുതുന്നില്ല. കാമക്രോധമോഹങ്ങളൊക്കെ സഹജമാണെന്നും ഇസ്‌ലാം കരുതുന്നു. ''ഐഹിക ജീവിതത്തിൽ നിന്റെ ഓഹരി നീ മറന്നുകളയരുത്'' (അൽ ഖസ്വസ്: 77) എന്നും നാം നിങ്ങൾക്ക് നല്കിയ ഉത്തമ പദാർഥങ്ങളിൽനിന്ന് നീ ഭക്ഷിച്ചുകൊള്ളുക'' (അൽ അഅ്റാഫ്: 160) എന്നും ''നബീ, പറയുക: അല്ലാഹുവിന്റെ ദാസന്മാർക്ക് വേണ്ടി ഉൽപാദിപ്പിച്ചിട്ടുള്ള അലങ്കാരങ്ങളും ഉത്തമ ഭക്ഷണപദാർഥങ്ങളും ആരാണ് നിഷിദ്ധമാക്കുന്നത്?'' (അൽ അഅ്റാഫ്: 32) എന്നും അനുശാസിക്കുന്ന സത്യവേദം ലൗകിക വിഭവങ്ങളനുഭവിക്കാൻ അനുയായികൾക്കനുമതി നല്കുന്നുണ്ട്. വ്യക്തി തന്റെ ജീവിത ധർമത്തെ വിസ്മരിക്കാതെയും മാനുഷ്യകത്തിന്റെ വിശാല താൽപര്യത്തിന് അത്യുന്നത പരിഗണന നല്കിയും തന്റെ വിഭാവനകളെയും വികാരങ്ങളെയും ദേഹേച്ഛകളെയും നിയന്ത്രിക്കണമെന്നേ സത്യവേദം നിഷ്കർഷിക്കുന്നുള്ളൂ. അങ്ങനെ നിയന്ത്രിച്ച് അത്യുന്നതിയിലേക്കുള്ള പ്രയാണത്തിന് പ്രാപ്തനാവണമെന്ന് ഖുർആൻ നിർദേശിക്കുന്നു. ജന്മായത്ത വാസനകളെ വേരോടെ പിഴുതുകളയാനോ നിരോധിക്കാനോ നമുക്ക് സാധ്യമല്ലെന്ന് ആധുനിക മനഃശാസ്ത്രം നമ്മെയറിയിക്കുന്നു. അപ്പോൾ നിയന്ത്രണവും വിപുലീകരണവുമാണ് അവലംബിക്കാവുന്ന മാർഗങ്ങൾ. കലാ- സാഹിത്യ സപര്യകളുടെ പ്രയോജനമതാണ്. (വികാരവിമലീകരണം, കഥാർസിസ്സ്-ഇവയെല്ലാം ഉന്നംവെയ്ക്കുന്നതും അതുതന്നെ.) അതുവഴി സംസ്കൃത മനുഷ്യൻ പിറവിയെടുക്കുന്നു. ജീവിത ധർമം നിർവഹിച്ച് യഥാവിധി സമൂഹതാൽപര്യം പരിരക്ഷിച്ചു പോരുന്നവനെയാണ് സംസ്കൃതചിത്തൻ എന്ന് നാം വിളിക്കുന്നത്.

ആത്മനിയന്ത്രണം വിട്ട്, സുഖഭോഗങ്ങളുടെ പിന്നാലെ, വിഭ്രാമകമായി, മത്തുപിടിച്ചുഴറുന്നവൻ, അല്ലാഹു അവനിലർപ്പിച്ച ദിവ്യദൗത്യം വിസ്മരിച്ച് മൃഗതുല്യം ജീവിക്കുന്നു എന്ന് ഖുർആൻ മുന്നറിയിപ്പ് നല്കുന്നുണ്ട്. സൃഷ്ടികളിൽ ശ്രേഷ്ഠനായി തിരഞ്ഞെടുക്കപ്പെട്ട മനുഷ്യന് ഗതിവിപര്യയം സംഭവിച്ചുകൂടെന്ന് ഇസ്‌ലാം നിഷ്കർഷിക്കുന്നു. അതുകൊണ്ട് തന്റെ സർഗസിദ്ധിയെ തളർത്തുകയും തന്നിൽ പൈശാചികത്വം വളർത്തുകയും ചെയ്യുന്ന ഉച്ഛൃംഖലമായ അഹങ്കാരത്തിനും ദേഹേച്ഛകൾക്കുമെതിരെ പോരാടി കറയറ്റ ആത്മവീര്യം വളർത്താനും ആദർശോന്മുഖമായ ലക്ഷ്യബോധമുണർത്താനും പരിശ്രമിക്കണം. സ്വജീവിതത്തെ ലക്ഷ്യസംപ്രാപനത്തിനുള്ള ശക്തമായ മാധ്യമമാക്കിപ്പരിവർത്തിപ്പിക്കാൻ അപ്പോൾ മാത്രമേ സാധിക്കുകയുള്ളൂ. അതുകൊണ്ടാണ് തന്നിലടയിട്ട് കിടക്കുന്ന മൃഗീയതയ്ക്കും പൈശാചികതയ്ക്കുമെതിരെ താൻ നടത്തുന്ന നിരങ്കുശവും നിർദാക്ഷിണ്യവുമായ ആത്മസമരം ഏറ്റവും വലിയ ജിഹാദാ (ജിഹാദുൽ അക്ബർ)യി കീർത്തിക്കപ്പെടുന്നത്. പ്രവാചകൻ ഒരിക്കൽ പറഞ്ഞു:

''സ്വന്തം ശരീരത്തോട് സമരം ചെയ്യുന്നവനാണ് മുജാഹിദ്.'' (തിർമിദി)

ഇസ്‌ലാം ഒരു ദൈവിക ദർശനമാണെന്നും അതിന്റെ സുനിയതമായ വ്യാപനവും സാക്ഷാൽക്കാരവും സമാരംഭിക്കുന്നത് വ്യക്തികളിൽ നിലീനമായ അഹം



ബുദ്ധിയെ നിർമാർജനം ചെയ്തുകൊണ്ടാവണമെന്നും അങ്ങനെ അഗ്നിശുദ്ധി വരുത്തിയ വിശുദ്ധ വ്യക്തിത്വങ്ങൾക്കു മാത്രമേ തങ്ങളുടെ സമൂഹത്തിലും ലോകത്തിലും ഇസ്‌ലാമിന്റെ മുഖകാന്തി യഥായോഗ്യം പ്രകാശനം ചെയ്യാൻ സാധിക്കുകയുള്ളൂവെന്നും സത്യവിശ്വാസി കരുതുന്നു. മോഹങ്ങളെ മെരുക്കിയും ഇച്ഛകളെ നിയന്ത്രിച്ചും ആഗ്രഹങ്ങളിൽ ആധിപത്യം സ്ഥാപിച്ചും, ജീവിതത്തെ ദൈവനിർദേശങ്ങൾക്കനുരൂപമാക്കുക എന്ന ശ്രമം ജിഹാദാണ്. വിദ്യാഭ്യാസം, സദുപദേശം, സദാചാര പ്രവർത്തനങ്ങൾ, സാംസ്കാരിക ശ്രമങ്ങൾ- എല്ലാം സൂക്ഷ്മാർഥത്തിൽ ജിഹാദാണ്. ഒരിക്കൽ പ്രവാചകൻ ഇങ്ങനെയറിയിച്ചു:

''അല്ലാഹുവിന്റെ വചനം ഉന്നതമായിത്തീരാൻ സമരം ചെയ്യുന്നവനാണ് ദൈവമാർഗത്തിലെ പോരാളി'' (ബുഖാരി-മുസ്‌ലിം). ഇസ്‌ലാമെന്നത് വിശ്വമാനവിക ദർശനമാണെങ്കിൽ വ്യക്തിയുടെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും പ്രവിശാലതയാർന്ന ലോകത്തിന്റെയും ഇസ്‌ലാമീകരണത്തിന്നുള്ള ശ്രമങ്ങളഖിലവും ജിഹാദാണ്. എല്ലാം ദൈവഹിതത്തിന്നനുസൃതമാക്കി മാറ്റാനുള്ള നിതാന്തമായ പരിശ്രമമാണ് ജിഹാദ്.

# ധർമകർമ നിർവഹണം – ജിഹാദ്

**അ**ല്ലാഹുവിന്റെ വചനം അദ്വിതീയവും അത്യുന്നതവുമാകാൻ സത്യവിശ്വാസി നടത്തുന്ന ഉപാസനയാണ് ജിഹാദ്. ജിഹാദിന്റെ സാഫല്യം മനുഷ്യസമൂഹത്തിന്റെ സാഹോദര്യത്തിലും സമന്വയ ഭാവത്തിലും സാമഞ്ജസ്യത്തിലും പരിനിഷ്ഠിതമാണ്.

ഒരു സത്യവിശ്വാസിയെ സംബന്ധിച്ചേടത്തോളം വിശുദ്ധ വൃത്തികളായികരുതപ്പെടുന്ന നമസ്കാരം, നോമ്പ്, സകാത്ത് എന്നിവ പോലെ സുപ്രധാനമായ മറ്റൊന്നാണ് ജിഹാദ്. തീവ്രമായി പരിശ്രമിക്കുക തുടങ്ങിയ അർഥതലങ്ങളുള്ള ജഹദ എന്ന അറബി പദത്തിൽനിന്നാണ് ജിഹാദ് എന്ന സാങ്കേതികനാമം പിറക്കുന്നത്. അതുകൊണ്ട് അലസമായി, അതിലാഘവത്തോടെ ചെയ്യാനൊക്കുന്ന ഒരു സാധാരണ കൃത്യമായി ജിഹാദിനെ വിലയിരുത്തിക്കൂടാ. അത്രമേൽ ശ്രമസാധ്യമായ ജിഹാദിന്റെ നിർവഹണത്തിൽ ബുദ്ധിയും മനസ്സും ആത്മാവുമെല്ലാം ഏകത്ര സമന്വയിക്കണം. മനോവാഗ്കർമാദിത്രികരണങ്ങളും അതിലേക്കുന്മുഖമാവണം. ജിഹാദ് ദൈവമാർഗത്തിലുള്ള ഒരനുഷ്ഠാനമാണ്. ദൈവിക വിഭാവനകളെ സാക്ഷാൽക്കരിക്കുന്നതിന്നുള്ള ധർമദൗത്യവുമാണത്.

ഇസ്‌ലാമിക ദർശന ശില്പങ്ങളിൽ അതിപ്രധാനമായ സ്ഥാനത്താണ് ജിഹാദ് വർത്തിക്കുന്നത്. ഖുർആനും ഹദീസുകളും അതിന്റെ പ്രാധാന്യം പലവുരു കീർത്തിച്ചിട്ടുണ്ട്.

അതിമഹത്തായ ഒരു ലക്ഷ്യത്തിന്റെ സാക്ഷാൽക്കരണത്തിനുവേണ്ടി കായികമായോ മാനസികമായോ സത്യവിശ്വാസി നിർവഹിക്കുന്ന ശ്രമങ്ങളും അതിന്നായി സാധിക്കുന്ന ആർഥിക വ്യയങ്ങൾ പോലും സൂക്ഷ്മാർഥത്തിൽ ജിഹാദാണ്. സ്വാർഥത്തിന്റെയും സങ്കുചിതത്വത്തിന്റെയും വിദൂര സ്പർശം പോലും ജിഹാദിന്റെ നിറം കെടുത്തുമെന്ന് പ്രവാചകൻതന്നെ താക്കീത് നല്കിയിട്ടുണ്ട്.

ദൈവിക വിഭാവനകളുടെ സാക്ഷാൽക്കാരത്തിന് സ്വയം സമർപ്പിക്കാൻ പോരും വിധം ആദർശവൽക്കരിക്കപ്പെട്ട ഒന്നാണ് മുസ്‌ലിം സമുദായമെന്ന് ഖുർആൻ ഉദ്ഘോഷിക്കുന്നു. അതുകൊണ്ട് സത്യവേദ വിശ്വാസികളുടേത് ദൈവത്താൽ സംവിധാനം ചെയ്യപ്പെട്ട സമുദായമായി. ഖുർആനിക സമീപനമനുസരിച്ച് സമഷ്ടിയുടെ മോചനത്തിനും ലോക സാഹോദര്യത്തിന്റെ പ്രയോഗവൽക്കരണത്തിനുമായി പ്രവർത്തിക്കാൻ സത്യവിശ്വാസികൾക്ക് ബാധ്യതയുണ്ട്. അതുകൊണ്ട് ജിഹാദ് മുസ്‌ലിംസമൂഹത്തിന്റെ സവിശേഷധർമമാണെന്നു വരുന്നു. തന്റെ ബുദ്ധിയും ശരീരവും മനസ്സും അർഥാദി ലൗകിക സാഹചര്യങ്ങളുമെല്ലാം പ്രയോജനപ്പെടുത്തി ജിഹാദ് നിർവഹിക്കുമ്പോൾ മാത്രമാണ് ഒരു സത്യവിശ്വാസി തന്റെ ജീവിതം സഫലീകരിക്കുന്നതും ജീവിതധർമം പൂർത്തീകരിക്കുന്നതും. അതുകൊണ്ടാണ് ഇബ്നുറുശ്ദ് ''ഒരു മുസ്‌ലിം തന്റെ സകല കഴിവുകളുമുപയോഗിച്ചു ചെയ്യുന്ന പവിത്രതമമായ സർവതോന്മുഖ സമരമാണ് ജിഹാദ്'' എന്ന് പ്രസ്താവിച്ചത്. ദൈവമാർഗത്തിൽ ഒരു വ്യക്തി സമർപ്പിക്കുന്ന സമസ്ത ശ്രമങ്ങൾക്കും സഹനങ്ങൾക്കും ത്യാഗങ്ങൾക്കുമാണ് സാങ്കേതികമായി ജിഹാദ് എന്ന് പറയുന്നത്.

ജിഹാദ് അല്ലാഹുവിനെതിരെയുള്ള സകല ശക്തികളോടുമുള്ള സമരമാണെന്നും ഈ സമരത്തിന്റെ ശ്രദ്ധേയമായ അവലംബശില മഹിതാദർശങ്ങളാണെന്നും അതിനാൽ ആധ്യാത്മിക പ്രചോദിതമായ സമരമേ ജിഹാദാകൂ എന്നും സത്യവേദികൾ വിശ്വസിക്കുന്നു.

''വിശ്വസിച്ചവരേ, നിങ്ങൾ പൂർണമായും സമാധാനത്തിൽ പ്രവേശിക്കുക. പിശാചിന്റെ കാല്പാടുകൾ നിങ്ങൾ പിൻതുടരരുത്. അവർ നിങ്ങളുടെ ബദ്ധശത്രുക്കളാകുന്നു.'' (അൽബഖറ: 208)

മുസൽമാന്റെ സഹജ പ്രകൃതം സമാധാന പ്രവണമാണ്. മറിച്ചു കാണുന്നതെല്ലാം ഗതിഭ്രംശത്തിന്റെ ഫലങ്ങളുമാണ്. ഇന്ന് കേവലം ഔപചാരികവും യാന്ത്രികവുമായി മാറിയിട്ടുണ്ടെങ്കിലും ''നിങ്ങൾക്ക് സമാധാനമുണ്ടാവട്ടെ'' (അസ്സലാമു അലൈക്കും) എന്നാശംസിച്ചുകൊണ്ടാരംഭിക്കുന്ന വ്യക്തിവ്യവഹാരങ്ങൾ സത്യവിശ്വാസികളുടെ മാത്രം സവിശേഷതയാണ്. നമസ്കാരകർമങ്ങളിൽനിന്ന് ഓരോ പ്രാവശ്യമുണരുമ്പോഴും സമീപസ്ഥരെ നോക്കി നിങ്ങൾക്ക് സമാധാനവും കാരുണ്യവുമുണ്ടാവട്ടെ എന്നാശംസിക്കുന്നത് പ്രാർഥനകൊണ്ട് വിമലീകരിക്കപ്പെട്ട ജീവിതത്തിന്റെ പ്രഥമ സ്വരമായി മാറുകയാണ്.



അവതാരങ്ങളുടെ ധർമകർമങ്ങളെ സംബന്ധിച്ച് ഭഗവദ്ഗീതയിൽ തെളിഞ്ഞ ചില പരാമർശങ്ങളുണ്ട്:

സജ്ജനങ്ങളെ സംരക്ഷിക്കണം
ദുർജ്ജനങ്ങളെ സംഹരിക്കണം
എന്നിട്ട് ധർമസംസ്ഥാപനം സാധിക്കണം.

അതുപോലെ ധർമസംസ്ഥാപനമാണ് ജിഹാദിന്റെ വിഭാവിത ലക്ഷ്യം. അതിന്നനിവാര്യമാണെങ്കിൽ യുദ്ധവും പ്രയോജനപ്പെടുത്തണം.

എന്നാൽ അശനിപാതം പോലെ അപ്രതീക്ഷിതമായ ഒരു യുദ്ധ പ്രഖ്യാപനത്തിലൂടെയല്ല ജിഹാദ് നിർവഹിക്കേണ്ടത്. പ്രവാചകന്റെ ജീവിതകഥ ശ്രദ്ധിച്ചാൽ വ്യക്തമായ മൂന്ന് ഘട്ടങ്ങൾ ജിഹാദിന്റെ പടവുകളായി കണ്ടെത്താവുന്നതാണ്.

ആദ്യത്തേത് പ്രചാരണത്തിന്റെ കാലമാണ്. ശരിയും തെറ്റും ചൂണ്ടിക്കാട്ടിയിട്ട് വേണം സമൂഹത്തെ ശരിയിലേക്കാകർഷിക്കാൻ. നിലവിലുള്ള പ്രാകൃതവും അപരിഷ്കൃതവും ഹീനവുമായ ആചാര വിശ്വാസങ്ങളെക്കുറിച്ച് ജനങ്ങളെ ധരിപ്പിക്കുകയും സത്യവേദത്തിന്റെ ഗുണപരത ബോധ്യപ്പെടുത്തുകയും അത് ഏകദൈവത്വത്തിലേയ്ക്ക് നമ്മെ നയിക്കുന്നു എന്നറിയിക്കുകയും ചെയ്യുകയാണ് പ്രവാചകൻ ആദ്യമായി ചെയ്തത്. ഖുറൈശികളിലും യാഥാസ്ഥിതികരിലും സ്ഥാപിത താൽപര്യക്കാരിലും പുതിയ മതദർശനം ഭ്രാന്തുളവാക്കി. എതിർപ്പുകളാരംഭിച്ചു ശകാരവും ഭർത്സനവും–ക്രമത്തിൽ ആക്രമണവും അരങ്ങേറി.

ജിഹാദിന്റെ രണ്ടാംഘട്ടം ആരംഭിക്കുകയായി. പ്രവാചകനും സഹചാരികളും തങ്ങളുടെ മനോവാക്കർമങ്ങളുടെ വിശുദ്ധികൊണ്ടും ക്ഷമയും സഹനവും പ്രയോജനപ്പെടുത്തിക്കൊണ്ടും എല്ലാതരം ആക്രമണങ്ങളെയും പ്രതിരോധിച്ചു. പ്രലോഭനങ്ങൾകൊണ്ട് വഴിമാറ്റാൻ ശ്രമിച്ച ബന്ധുജനങ്ങളോട് സൗമ്യമായി സംവദിച്ചുകൊണ്ട് വിശ്വാസ സ്ഥൈര്യം കാണിക്കാനവർക്ക് സാധിച്ചു. ആക്രമണത്തിന്റെ എരിതീയിൽ പൊരിയുമ്പോഴും 'അഹദ്, അഹദ്' ഉരുവിട്ടുകൊണ്ട് അദ്ഭുതങ്ങൾ സൃഷ്ടിക്കാനവർക്ക് കഴിഞ്ഞു. ഉപരോധത്തിന്റെ ഉരുക്കുമുഷ്ടികളുപയോഗിച്ച് ഖുറൈശികൾ ക്രൂരമായി പെരുമാറിയപ്പോഴും സത്യവേദത്തിന്റെ അഗ്നിശലാകകളെപ്പോലെ നബിയും അനുചരന്മാരും അടിപതറാതെ ജ്വലിച്ചുനിന്നു. പ്രതിരോധത്തിന്റെ നിർന്നിദ്ര നിമിഷങ്ങളായിരുന്നു അവ. അക്കാലത്ത് സഹികെട്ട് ദുർവഹദുഃഖം പൊറാഞ്ഞ അനുചരന്മാർ പ്രവാചക സന്നിധിയിൽച്ചെന്ന് യുദ്ധാനുമതിക്കായി കരഞ്ഞപേക്ഷിച്ചിട്ടുണ്ട്. തിരുമേനിയൊന്നുരിയാടിയാൽ മതി വേണ്ടത് ഞങ്ങൾ ചെയ്തുകൊള്ളാമെന്ന് അവർ ആവർത്തിച്ചറിയിക്കുകയുണ്ടായി. അപ്പോഴെല്ലാം ക്ഷമിക്കാനും സഹിക്കാനുമാണ് നബി ഉപദേശിച്ചത്. ഒടുക്കം സത്യവിശ്വാസികളെയും പ്രവാചകനെയും മുച്ചൂടും നശിപ്പിക്കുമെന്ന നില വന്നപ്പോൾ മദീനയിലെ കുറേ സത്യവിശ്വാസികൾ നബിയെയും അനുചരന്മാരെയും സംരക്ഷിക്കാമെന്നറിയിച്ച് ഉടമ്പടി ചെയ്തു. കുടിയേറ്റം (ഹിജ്റ) നടന്നു. അതോടെ മുസ്‌ലിംകൾക്ക് ഭദ്രമായ ഒരു സംരക്ഷണ കേന്ദ്രം കൈവന്നു.

അടുത്തത് ജിഹാദിന്റെ മൂന്നാമത്തെ ഘട്ടമാണ്. യുദ്ധത്തിനുള്ള ബോധനം

അല്ലാഹുവിൽനിന്നുണ്ടായത് അക്കാലത്താണ്. അക്രമിക്കപ്പെട്ടവർക്ക് യുദ്ധാനുമതി കൈവന്നു. സ്വന്തം നാട്ടിൽനിന്നും വീട്ടിൽനിന്നും തങ്ങളെ ഭ്രഷ്ടരാക്കിയവരോട് പൊരുതാനനുമതി ലഭിച്ചു. സത്യവേദത്തിന്റെ നിത്യശത്രുക്കൾക്കെതിരെ ആയുധമെടുക്കാൻ അനുമതി കൈവന്നിരിക്കുന്നു.

''ആർക്കെതിരിൽ യുദ്ധം നടത്തപ്പെടുന്നുവോ അവർക്ക് അനുമതി നല്കപ്പെട്ടിരിക്കുന്നു. എന്തുകൊണ്ടെന്നാൽ അവർ മർദിതരാകുന്നു. അല്ലാഹു അവരെ സഹായിക്കാൻ തികച്ചും കഴിവുറ്റവൻ തന്നെ. സ്വഗേഹങ്ങളിൽനിന്ന് അന്യായമായി ബഹിഷ്കരിക്കപ്പെട്ടവരാണവർ. ഞങ്ങളുടെ റബ്ബ് അല്ലാഹുവാകുന്നു എന്ന് പ്രഖ്യാപിച്ചത് മാത്രമായിരുന്നു അവർ ചെയ്ത കുറ്റം. അല്ലാഹു ജനങ്ങളിൽ ഒരു വിഭാഗത്തെ മറ്റൊരു വിഭാഗത്തെക്കൊണ്ട് പ്രതിരോധിച്ചുകൊണ്ടിരിക്കുന്നില്ലായിരുന്നുവെങ്കിൽ അല്ലാഹുവിന്റെ നാമം ധാരാളമായി സ്മരിക്കപ്പെടുന്ന മഠങ്ങളും ചർച്ചുകളും പ്രാർഥനാലയങ്ങളും പള്ളികളും തകർക്കപ്പെട്ടുപോകുമായിരുന്നു. അല്ലാഹുവിനെ സഹായിക്കുന്നവരെ അവൻ സഹായിക്കുകതന്നെ ചെയ്യും.'' (അൽ ഹജ്ജ്: 39-40)

ആയുധമാണ് ജിഹാദിന്റെ ഏക മാധ്യമം എന്ന ധാരണ അസംബന്ധമാണ്. അവസരം, ഔചിത്യം, വിവേകം എന്നീ മാനദണ്ഡങ്ങൾക്കനുസൃതമായി തന്റെ കൈയിലുള്ള സമസ്ത സിദ്ധികളും ജിഹാദിന്റെ വിജയത്തിനായുപയോഗപ്പെടുത്താം. പക്ഷേ, ദൈവമാർഗത്തിലുള്ള നിർവഹണമാണ് ജിഹാദെന്നും അല്ലാഹു എല്ലാമറിയുന്നവനാണെന്നും മറക്കാതിരിക്കണമെന്നു മാത്രം. ആയുധമെടുത്തടരാടാൻ നിർബദ്ധനായിത്തീരുന്ന അന്ത്യഘട്ടത്തിൽ പോലും ഒരു നിമിഷമെങ്കിലും ദൈവ വിസ്മൃതി സംഭവിച്ചുപോകാതിരിക്കാൻ യുദ്ധഭൂമിയിൽ ഒരു സത്യവിശ്വാസിയെ നിർത്തി പ്രാർഥനാകർമം നിർവഹിച്ചുകൊണ്ടിരിക്കാൻ നിഷ്കർഷ കാണിക്കുന്ന സത്യവിശ്വാസികളുടെ പക്ഷത്ത് ആയുധത്തിന്റെ ദുരുപയോഗമുണ്ടാവുകയില്ലെന്നുറപ്പിക്കുന്നതാണ് ശരി.

അറിവുകൊണ്ടും
അർഥംകൊണ്ടും
മനഃസിദ്ധികൊണ്ടും
കായബലംകൊണ്ടും
രക്തസാക്ഷിത്വംകൊണ്ടും

ജിഹാദ് സാധിക്കാവുന്നതാണ്. ഇരുളിൽ കഴിയുന്നവരെ നേർവഴി കാട്ടി ദൈവമാർഗത്തിലേയ്ക്ക് നയിക്കുന്നതാണ് അറിവിന്റെ ജിഹാദ്.

''പ്രവാചകരേ, യുക്തിപൂർവമായും ശ്രേഷ്ഠമായ സദുപദേശത്തോടുകൂടിയും താങ്കളുടെ നാഥന്റെ സരണിയിലേക്ക് പ്രബോധനം ചെയ്യുക. ഉൽകൃഷ്ടമായ രീതിയിൽ ജനങ്ങളോട് സംവാദം ചെയ്യുക.'' (അന്നഹ്ൽ: 125)

പണത്തിന്റെ ദുരുപയോഗം പോലെത്തന്നെ നിഷിദ്ധമാണ് പണത്തിന്റെ നിരുപയോഗവും. പണം ഉപയോഗപ്പെടുത്താനുള്ളതാണ്. എല്ലാറ്റിന്റെയും ഉടമാവകാശം അല്ലാഹുവിനും ഉപഭോഗാവകാശം മനുഷ്യസാമാന്യത്തിനുമുള്ളതാണെന്ന് നാമോർക്കുമെങ്കിൽ മനുഷ്യരുടെ ക്ഷേമത്തിനും വികാസവൃദ്ധികൾക്കും ഉപയോഗിക്കപ്പെടാനുള്ളതാണ് സമ്പത്ത് എന്ന് മനസ്സിലാക്കാൻ വിഷമമുണ്ടാവില്ല. ദൈവമാർഗത്തിൽ സമ്പത്ത് ഉപയോഗിക്കപ്പെടണം. അഥവാ സമ്പത്തിന്റെ ശരിയായ വിനിയോഗം അവിടെ മാത്രമേ സാക്ഷാൽക്കരിക്കപ്പെടുന്നുള്ളൂ. അതിനാൽ അതും ഒരു ജിഹാദാണ്. യഥാവിധി സകാത്തനുസരിച്ചാൽ അർഥംകൊണ്ടുള്ള ജിഹാദായെന്ന് കരുതുന്നത് മൗഢ്യമാണ്. സകാത്ത് ഒരാളുടെ ഔദാര്യമല്ലെന്നും സത്യവിശ്വാസി സനിഷ്കർഷം അനുവർത്തിക്കേണ്ട ബാധ്യതാപൂർവമായ അനുഷ്ഠാനമാണതെന്നും അത് പാവപ്പെട്ടവന്റെ അവകാശമാണെന്നും ധരിക്കുമെങ്കിൽ അതിന്റെ കേവലമായ അനുവർത്തനം ജിഹാദാണെന്ന് വ്യാഖ്യാനിക്കപ്പെടുകയില്ല. പ്രഖ്യാപിതമായ അനുഷ്ഠാനങ്ങൾക്കപ്പുറത്ത്, ഇസ്‌ലാമിക സംസ്കൃതി വിളയിച്ചെടുത്ത മഹിത സംസ്കാരത്താലാവേശിതമായി അല്ലാഹുവിന്റെ മാർഗത്തിൽ ജീവധനാദികൾകൊണ്ട് സ്വയം നിർവഹിക്കുന്ന സംസേചനവും സമർപ്പണവുമാണ് ജിഹാദ് വിഭാവന ചെയ്യുന്നത്.

''വിശ്വസിച്ച ജനത്തിൽ ന്യായമായ കാരണമില്ലാതെ വീട്ടിലിരിക്കുന്നവരും തങ്ങളുടെ ജീവധനാദികളിൽ ദൈവികസരണിയിൽ സമരം ചെയ്യുന്നവരും ഒരുപോലെയല്ല. ജീവധനാദികൾകൊണ്ട് സമരം ചെയ്യുന്നവരെ നിഷ്ക്രിയരായിരിക്കുന്നവരെക്കാൾ അല്ലാഹു ശ്രേഷ്ഠരാക്കിയിട്ടുണ്ട്. എല്ലാവർക്കും അല്ലാഹു നന്മ വാഗ്ദാനം ചെയ്തിട്ടുണ്ടെങ്കിലും അല്ലാഹുവിങ്കൽ മുജാഹിദുകളുടെ സേവനങ്ങൾക്കുള്ള പ്രതിഫലം വെറുതെയിരിക്കുന്നവരുടേതിനെക്കാൾ വളരെ വർധിച്ചതാകുന്നു. അവർക്ക് മഹത്തായ പദവികളും പാപമുക്തിയും അനുഗ്രഹങ്ങളുമുണ്ട്.'' (അന്നിസാഅ്: 95)

സൗമ്യവും നിശ്ശബ്ദവും നിരന്തരവുമായ പ്രകാശപ്രസാരണംകൊണ്ട് സായൂജ്യമടയുന്ന മെഴുകുതിരി കറയറ്റ ജിഹാദിന്റെ ചിത്രമാണ് സമ്മാനിക്കുന്നത്.

അലസതയുടെയും ദുർബലതയുടെയും മനസ്സ് പിശാചിന്റെ കളിക്കളമാണെന്നൊരു ചൊല്ലുണ്ട്. ദൈവമാർഗത്തിലുള്ള മുന്നേറ്റത്തിൽ അസത്യവാദികൾ അസഹിഷ്ണുക്കളായിരിക്കും. അവർ കാട്ടുന്ന അപകൃതികൾ അത്യന്തം വിപൽക്കരങ്ങളുമായിരിക്കും. അവരുയർത്തുന്ന പ്രലോഭനങ്ങൾ അതിശക്തങ്ങളുമാവാം. തരളചിത്തനാവാതെ, ദൈവികാദർശങ്ങളാലാവേശിതനായി, അതിലൂന്നിയുയർന്നുനില്ക്കുന്ന ഒരചലം പോലെ, അചഞ്ചലമായി നിലകൊള്ളാൻ സത്യവിശ്വാസിക്ക് കഴിയണം. ഒരു മുജാഹിദിന്റെ ധർമമതാണ്.

''ഓ വിശ്വസിച്ചവരേ, ക്ഷമയോടെ പ്രവർത്തിക്കുക. അസത്യത്തിന്റെ വാഹകർക്കെതിരെ ധീരരായിരിക്കുക. സത്യസേവനത്തിന് സമ്പൂർണസന്നദ്ധരായിരിക്കുക. അല്ലാഹുവിനോട് ഭക്തിയുള്ളവരായിരിക്കുക. നിങ്ങൾക്ക് വിജയം പ്രതീക്ഷിക്കാം.'' (ആലുഇംറാൻ: 200)

നിരപരാധികൾക്കും സദ്ധർമചാരികൾക്കുമെതിരെ കൈയേറ്റമോ ആക്രമണമോ നടക്കുമ്പോൾ, നന്മയിലേക്കുള്ള പ്രയാണത്തിന് ഏതെങ്കിലും ദുഷ്ടശക്തി തടയണയിടുമ്പോൾ, സമൂഹജീവിതത്തിന്റെ ഐക്യത്തിനും സുരക്ഷിതത്വത്തിനും ഏതെങ്കിലും മേഖലയിൽനിന്ന് ഭീഷണിയുയരുമ്പോൾ അവയെ നേരിടാൻ ആവശ്യമാ

ണെങ്കിൽ തന്റെ കായബലം പോലുമുപയോഗിക്കാൻ ഒരു സത്യവിശ്വാസി തയ്യാറാവണം. തന്നെ നേരിട്ട് ബാധിക്കുന്ന കാര്യമല്ലെങ്കിലും സമൂഹത്തിന്റെ രക്ഷാകാര്യമെന്ന നിലയിൽ അതിന്നുവേണ്ടി സ്വയം വിയർക്കാൻ ഒരു മുസൽമാൻ ബാധ്യസ്ഥനാണ്.

ജിഹാദിന്റെ ഏറ്റവും ഒടുവിലത്തെ നിർവഹണമാണ് യുദ്ധംകൊണ്ട് അഥവാ രക്തസാക്ഷിത്വംകൊണ്ട് സാധിക്കുവാനുള്ളത്. മഹത്തമമായ ഒരു ലക്ഷ്യം സാധിക്കുന്നതിനുവേണ്ടി തന്റെ ജീവൻ പോലും ബലി കൊടുക്കാൻ ഒരു സത്യവിശ്വാസി സന്നദ്ധനാവേണ്ടതുണ്ട്. വൈയക്തികമായ ജീവിതസുരക്ഷിതത്വമല്ല, അല്ലാഹുവിന്റെ വചനത്തിന്റെ സർവാതിശായിത്വവും സമുന്നതിയുമാണ് സർവോപരി സംരക്ഷിക്കപ്പെടേണ്ടത്. അവിടെ, ദൈവമാർഗത്തിൽ തന്റെ ജീവിതത്തെ ഹവിസ്സാക്കി മാറ്റാൻ കഴിയുമ്പോൾ ജിഹാദിന്റെ വിശുദ്ധിയും വൈശിഷ്ട്യവും പരമോന്നതിയും ഏറെ പ്രകടമാകുന്നു.

''ദൈവമാർഗത്തിൽ വധിക്കപ്പെടുന്നവരെ 'മരിച്ചവർ' എന്ന് പറയാതിരിക്കുക. അല്ല, അവർ ജീവിച്ചിരിക്കുന്നവർ തന്നെയാകുന്നു, പക്ഷേ, അവരുടെ ജീവിതം നിങ്ങൾക്കനുഭവപ്പെടുന്നില്ലെന്നു മാത്രം.'' (അൽബഖറ: 154)

ചില പ്രത്യേക സന്ദർഭങ്ങളിൽ യുദ്ധം ചെയ്യാൻ അല്ലാഹു അനുമതി നല്കിയിട്ടുണ്ടെങ്കിലും മൂന്ന് വ്യത്യസ്തതയാർന്ന ശക്തികളോടാണ് സത്യവിശ്വാസി പൊരുതേണ്ടതെന്ന് ദാർശനികനായ ഇമാം റാഗിബ് പ്രസ്താവിച്ചിട്ടുണ്ട്:

-ഇസ്‌ലാമിനെതിരെ ആയുധമെടുക്കുന്ന
പ്രത്യക്ഷ ശത്രുവിന്നെതിരായുള്ള പോരാട്ടം
-സമൂഹത്തിലെ മാനവികതയ്ക്കും ധർമഭാവന
കൾക്കുമെതിരെ അലറിയെത്തുന്ന പൈ
ശാചിക ശക്തികളോടുള്ള പോരാട്ടം
-അഹംബോധത്തിനും ദേഹേച്ഛകൾക്കു
മെതിരെയുള്ള ആത്മസമരം എന്ന്
വിശേഷിപ്പിക്കാവുന്ന സവിശേഷമായ
പോരാട്ടം എന്നിവയാണവ.

ഇന്ദ്രിയപരതയ്ക്കടിപ്പെട്ടു കഴിയുന്ന ഒരാൾക്ക് തന്നിലർപ്പിതമായ ദൈവികദൗത്യം നിർവഹിക്കാനാവുന്നതല്ല. സാമാന്യമായി ജിഹാദനുഷ്ഠിക്കുന്നതിന് ഓരോ മുസൽമാനും ഹൃദയം, നാവ്, കൈ, വാൾ- എന്നീ ചതുരായുധങ്ങൾ ഉപയോഗിക്കാവുന്നതാണെന്നും ഇമാം റാഗിബ് ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

മനസ്സിനെ മലിന വിശ്വാസങ്ങളിൽനിന്ന് വിനിർമുക്തമാക്കി, അവിടെ സത്യദർശനങ്ങളെ കുടിയിരുത്തുക എന്നതാണ് ഹൃദയംകൊണ്ട് നിർവഹിക്കാനുള്ള ജിഹാദ്. സത്യത്തെ ഘോഷിക്കുക, അസത്യത്തെ പ്രതിഷേധിക്കുക എന്നിവ നാക്കുകൊണ്ടുള്ള ജിഹാദും.

''പ്രവാചകരേ, യുക്തിപൂർവമായും ശ്രേഷ്ഠമായുമുള്ള വരേണ്യ വചനങ്ങളുപയോഗിച്ച് താങ്കളുടെ നാഥന്റെ സരണിയിലേക്ക് പ്രബോധനം ചെയ്യുക. ഉൽകൃഷ്ടമായ രീതിയിൽ ജനങ്ങളോട് സംവാദം ചെയ്യുക.'' നാവിന്റെ നേരാംവണ്ണമുള്ള പ്രയോജനമാണിവിടെ ശ്രദ്ധിക്കപ്പെടേണ്ടത്.



''തിന്മ കണ്ടാൽ അതിനെ നിങ്ങൾ കൈകൊണ്ട് തടയുക. അതിന്നസാധ്യമാണെങ്കിൽ തന്റെ നാവുകൊണ്ട്. അതിനും ശക്തിയില്ലെങ്കിൽ തന്റെ മനസ്സുകൊണ്ട്-അതത്രേ വിശ്വാസത്തിൽ ഏറ്റവും ദുർബലമായത് എന്ന് പ്രവാചകനറിയിച്ചു.'' (ഇബ്നുമാജ)

തിന്മ ചെയ്യാതിരിക്കൽ മാത്രമല്ല, തിന്മയോട് നിരങ്കുശമായ വിപ്രതിപത്തിയും വിരാഗിതയും കാണിക്കാൻ പോലും സത്യവിശ്വാസി കടപ്പെട്ടവനാണ്. തിന്മയോട് സന്ധി ചെയ്യുന്നതും പൊരുത്തപ്പെട്ടുപോകുന്നതും ആധുനിക കാലത്തെ 'മഹിത ജീവിതതന്ത്ര'മാണെങ്കിലും ഇസ്‌ലാം സംസ്കൃതിക്ക് അതിനോടാഭിമുഖ്യമില്ല. ''തിന്മയോട് സന്ധി ചെയ്യുന്നവൻ സത്യവിശ്വാസിയാവുകയില്ല'' എന്ന പ്രവാചക വചനം ഏറെ ശ്രദ്ധേയമാണ്. അനീതിയും അക്രമവും അധർമവും അധികാരശക്തിയുടെ ആകാരമണിഞ്ഞാണ് പ്രത്യക്ഷപ്പെടുന്നതെന്ന് വന്നാൽപ്പോലും സത്യവിശ്വാസി നിഷ്ക്രിയനായിക്കൂടാ. ''അക്രമിയായ ഭരണാധികാരിയുടെ മുഖത്ത് നോക്കി സത്യം ഘോഷിക്കുന്നതാണ് ഏറ്റവും വലിയ ജിഹാദെ''ന്ന് പ്രവാചകനറിയിച്ചിട്ടുണ്ട്.

മനുഷ്യവർഗത്തിന്റെ സുരക്ഷിതത്വത്തിനും ക്ഷേമപൂർവമായ നിലനില്പിനുമാണ് ജിഹാദ് നിലകൊള്ളുന്നത്; അഥവാ മനുഷ്യജീവിതത്തിന് ഭീഷണിയായി വർത്തിക്കുന്ന ചുറ്റുപാടുകളിൽനിന്നും ശത്രുക്കളിൽനിന്നും മനുഷ്യനെ രക്ഷിക്കുകയാണ് ജിഹാദിന്റെ വിഭാവിത ലക്ഷ്യം.

''അക്രമിയായാലും അക്രമിക്കപ്പെട്ടവനായാലും നീ നിന്റെ സഹോദരനെ സഹായിക്കുക'' എന്ന നബിവചനം കേട്ടപ്പോൾ അനുചരവൃന്ദം ആദ്യമൊന്നമ്പരന്നു. അക്രമിക്കപ്പെട്ടവനെ സഹായിക്കണം, അതു ധർമമാണ്. എന്നാൽ അക്രമിയെ സഹായിക്കുന്നതെങ്ങനെ എന്നതായിരുന്നു അവരുടെ വിസ്മയം. നബി വിശദീകരിച്ചു:

''അക്രമിയെ അവന്റെ കൈപിടിച്ചുകൊണ്ട് അവന്റെ അക്രമവൃത്തിയിൽനിന്ന് രക്ഷിക്കാം.'' പ്രേരണ ചെലുത്തിയതുകൊണ്ട് പ്രയോജനമില്ലെങ്കിൽ അക്രമിയെ തന്റെ അധർമവൃത്തിയിൽനിന്ന് ബലം പ്രയോഗിച്ച് പിൻതിരിപ്പിക്കണമെന്നാണ് ഈ ഹദീസിന്റെ പൊരുൾ. ബലം പ്രയോഗിച്ചുകൊണ്ടായാലും പിഴച്ചവനെ നേരാംമാർഗത്തിലേക്ക് കൊണ്ടുവരുന്നതുവഴി അവന്റെ പരലോക ജീവിതമെങ്കിലും ഒരളവിൽ ഭദ്രമാക്കാൻ സത്യവിശ്വാസി സഹായിക്കുകയാണവിടെ. തിന്മയെ ചെറുക്കാതിരിക്കുന്നതുവഴി പ്രകൃതിദത്തമായ മനുഷ്യാവകാശങ്ങളുടെ നിഷേധവും നിരാകരണവുമാണവിടെ സംഭവിക്കുന്നതെന്ന് പ്രവാചകൻ സൂചിപ്പിക്കുകയുണ്ടായി.

ശരീരത്തെയും മനസ്സിനെയും ബാധാമുക്തമാക്കാനുള്ള ധാർമികവൃത്തികളും ജിഹാദിന്റെ പരിധിയിൽപെടും. ധാർമികരംഗത്ത് ചെയ്യുന്ന സകലമാന സൽക്കർമങ്ങളും അതിലേയ്ക്ക് ലക്ഷ്യംവെച്ചുള്ള വിചാരപരവും കായികവുമായ സമസ്ത വൃത്തികളും ജിഹാദിന്റെ ആശയവിസ്തൃതിയിൽപെടുമെന്ന് വ്യാഖ്യാതാക്കൾ രേഖപ്പെടുത്തിയിട്ടുണ്ട്. ''സത്യത്തിനുവേണ്ടി നിലകൊള്ളൽ, അതിനെ ഉയർത്തിക്കാട്ടൽ, അതിനെ പ്രചരിപ്പിക്കൽ, അതിന്റെ സംസ്ഥാപനത്തിനും സംരക്ഷണ

ത്തിനും വേണ്ടി പരിശ്രമിക്കൽ, ആ പരിശ്രമത്തിൽ ത്യാഗങ്ങൾ വരിക്കൽ, അവസാനം ആവശ്യമെങ്കിൽ അതിന്നുവേണ്ടി കൊല്ലപ്പെടുകയോ കൊലനടത്തുകയോ ചെയ്യൽ-എല്ലാം ജിഹാദിൽപെടുന്നു. അധർമത്തിനെതിരെ നിതാന്ത ജാഗ്രത-കരുതിയിരിക്കൽ-സക്രിയമായി പ്രതികരിക്കൽ, എല്ലാ മാധ്യമങ്ങളുമുപയോഗിച്ച് പ്രതിരോധിക്കൽ-ജിഹാദിന്റെ ലാക്ഷണിക പ്രകൃതങ്ങളാണവ.

അപ്പോൾ ജിഹാദേതര മനോഭാവത്തിന്റെ പ്രകൃതമെന്താണ്? സർവാലസ്യമാണ് അതിന്റെ മുഖപ്രകൃതം. ധർമത്തെയവഗണിച്ച്, കർത്തവ്യം മറന്ന്, ജീവിത ദൗത്യം കൈവെടിഞ്ഞ്, അലസമായി, നിഷ്ക്രിയമായിക്കഴിയുക. തന്റെ ചുറ്റും അഴിമതിയും അരുതായ്മകളും കുമിഞ്ഞടിഞ്ഞാലും അധർമം കലിയുറഞ്ഞാടിയാലും മരവിപ്പുറഞ്ഞ് മരിച്ചപോലെ കഴിയുന്ന ഒരവസ്ഥയാണത്. (ഇതിന് അറബി ഭാഷയിൽ ഖുഊദ് എന്ന് പറയുന്നു.) സ്വധർമ നിർവഹണം നീതിപൂർവം സാധിക്കുന്നവരെ നിഷ്ക്രിയരായിക്കഴിയുന്ന മരവിപ്പിന്റെ കോലങ്ങളെക്കാൾ അല്ലാഹു ഇഷ്ടപ്പെടുന്നു-ധാർമിക നിർവഹണമാണ് മുഖ്യം.

''വിശ്വാസികളിൽ ക്ഷതമൊന്നും കൂടാതെ നിഷ്ക്രിയരായിരിക്കുന്നവരും തങ്ങളുടെ മുതലുകളും തങ്ങളുടെ ദേഹവുംകൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ പോരാടുന്നവരും തുല്യമല്ല. തങ്ങളുടെ മുതലുകൾകൊണ്ടും തങ്ങളുടെ ശരീരംകൊണ്ടും പോരാടുന്നവരെ നിഷ്ക്രിയരായിക്കഴിയുന്നവർക്കുപരി അല്ലാഹു മെച്ചപ്പെടുത്തിയിരിക്കുന്നു. നല്ലത് എല്ലാവർക്കും അല്ലാഹു വാഗ്ദാനം ചെയ്തിട്ടുണ്ട്. എന്നാൽ ജിഹാദനുഷ്ഠിക്കുന്നവരെ സ്വസ്ഥമായിരിക്കുന്നവരിലുപരി വലുതായ പ്രതിഫലം നല്കി മെച്ചപ്പെടുത്തിയിരിക്കുന്നു.''

(അന്നിസാഅ്: 95)